# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ജൂലൈ - 2018 ലക്കം 7**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സഭാദിനം ഇടയലേഖനം .......................................... 05
പുരോഹിതൻ: ദൈവത്തിന്റെ മനുഷ്യൻ ............. 10
ലേഖനം (പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ) ......................... 18
രൂപതാകച്ചേരി വാർത്തകൾ ..................................... 23
വൈദികരുടെ മാസധ്യാനം ...................................... 29
സെമിനാരി വാർത്തകൾ .......................................... 31
യുവജനവർഷം ....................................................... 34
മതബോധനരംഗം ..................................................... 35
ചെറുപുഷ്പമിഷൻലീഗ് ............................................... 39
*Department of Youth Ministry* ............................................. 44
കെ.സി.വൈ.എം. ........................................................ 46
കുടുംബപ്രേഷിതത്വം .................................................. 52
സീയോൻ വാർത്തകൾ ............................................ 56
ജീസസ് യൂത്ത് ..................................................... 58
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 62
സാമൂഹ്യ സേവനരംഗം (WSSS) .................................... 65
ബയോവിൻ അഗ്രോ റിസർച്ച് ..................................... 70
റേഡിയോ മാറ്റൊലി .................................................. 74
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ....................... 80
*Mary Matha Arts & Science College* .................................... 82
*CEADOM* വിദ്യാഭ്യാസ മേഖല ........................................ 83
ഡി.എഫ്.സി. ............................................................ 92
അറിയിപ്പുകൾ ........................................................ 96
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 97
ബിഷപ്സ് പ്രോഗ്രാം .................................................... 98

Prot. No. 0918/ 2018

## സഭാദിനം ഇടയലേഖനം

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.*

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഈ കത്തെഴുതുകയാണ്. ഇപ്രാവശ്യം മൂന്ന് പ്രധാനപ്പെട്ടകാര്യങ്ങൾ നമ്മൾ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുന്നത് നല്ലതാണ്. അവ ഓരോന്നായി പ്രതിപാദിച്ചുകൊള്ളട്ടെ.

ഒന്നാമതായി, നമ്മുടെശ്രദ്ധ പ്രേഷിത പ്രവർത്തനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധ സിംഹാസനം 2017 ഒക്ടോബർ 9-ാം തീയതി അംഗീകരിച്ച് തന്നതിനു ശേഷമുള്ള ആദ്യത്തെ ദുക്റാന തിരുനാളാണല്ലോ ഇത്. പ്രേഷിത പ്രവർത്തനമെന്നത് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഈശോയെ ലോകത്തിനു നൽകുന്ന ജീവിതശൈലിയാണ്. പ്രേഷിത പ്രവർത്തനങ്ങൾ എന്നതിനേക്കാൾ പ്രേഷിതജീവിതമാണ് പ്രാധാന്യമർഹിക്കുന്നത്. ഓരോ ക്രൈസ്തവനും മാമോദീസായിലൂടെ ലഭിക്കുന്ന ദൈവവിളിയാണ് ഈ പ്രേഷിതദൗത്യം. അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു. ഈ പ്രേഷിതദൗത്യത്തിന് ഓരോരുത്തർക്കും സ്വാഭാവികമായിത്തന്നെ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടിവരും. കുടുംബജീവിതക്കാരായ അല്മായരും ഏകസ്ഥജീവിതക്കാരും സമർപ്പിതരും വൈദികരും മെത്രാന്മാരും വിവിധ രീതികളിലാണ് പ്രേഷിത ദൗത്യം നിർവഹിക്കുന്നത്. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമേയുള്ളൂ: തങ്ങളുടെ വിളി അനുസരിച്ച് സഭാത്മകജീവിതം നയിക്കുക. ഈ ഉത്തരവാദിത്വത്തിൽ എല്ലാ ക്രൈസ്തവരും തുല്യരാണ്. ശുശ്രൂഷാ രീതി

കളിൽ വൈവിധ്യം ഉണ്ടെന്ന് മാത്രം. ഈശോമിശിഹാ തന്റെ സഭയിൽ തുടരുന്ന പ്രേഷിതവേലയുടെ നിർവാഹകരാണ് നാമോരോരുത്തരും. എല്ലാ സഭാംഗങ്ങളുടെയും വ്യത്യസ്തമായ ശുശ്രൂഷകളിലൂടെ മിശിഹായുടെ ദൗത്യംതന്നെ നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ, എല്ലാവരും ഈ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം മിശിഹായുടെ സാക്ഷ്യമാകുന്നത്.

പ്രേഷിതദൗത്യ നിർവഹണത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൈലിയാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആരും ആരുടെയും മേൽ അധികാരം ചെലുത്തുകയല്ല പ്രത്യുത, പരസ്പരം ശുശ്രൂഷകരായി വർത്തിക്കുകയാണ് വേണ്ടത്. ഓരോരുത്തരുടെയും ശുശ്രൂഷകൾക്ക് ആവശ്യകമായ പിന്തുണ നൽകുവാനും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാനും എല്ലാവർക്കും കടമയുണ്ട്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: 'മിശിഹായുടെ പ്രതിനിധികളായി വാക്കിലും പ്രവൃത്തിയിലും അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും മറ്റുള്ളവർക്ക് നൽകുന്നവർ എന്ന അർത്ഥത്തിൽ ക്രൈസ്തവരെല്ലാവരും പ്രവാചകരാണ്'.

രണ്ടാമതായി, നമ്മുടെ ശ്രദ്ധതിരിയേണ്ട വിഷയം കുടുംബ പ്രേഷിതത്വമാണ്. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ക്രൈസ്തവസാക്ഷ്യം നൽകാൻ എപ്രകാരം അവരെ ശക്തരാക്കും എന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മാതാപിതാക്കൾ, വിശ്വാസ പരിശീലകർ, വിശ്വാസ പരിശീലന ഡയറക്ടർമാർ, ഇടവക വികാരിമാർ, മെത്രാന്മാർ ഏവരും ഒന്നിച്ചു നിർവഹിക്കേണ്ട ദൗത്യമാണിത്. ധാർമ്മികജീവിതത്തിലെ വെല്ലുവിളികളെല്ലാം ക്രൈസ്തവ ജീവിത ശൈലിക്ക് യോജിച്ച രീതിയിൽ നേരിടാൻ കുട്ടികൾ പരിശീലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കുട്ടികൾ വളർന്ന് വരുമ്പോൾ മാധ്യമങ്ങളുടെ, പ്രത്യേകിച്ച് ഇന്റർനെറ്റ് മാധ്യമങ്ങളുടെ ഉപയോഗം നല്ല രീതിയിൽ അഭ്യസിക്കാൻ വേണ്ട മാർഗ്ഗനിർദേശങ്ങളും നൽകണം. മറ്റേതൊരു രംഗത്തും എന്നതുപോലെ ഇവിടെയും വിലക്കുകളെക്കാൾ ക്രിയാത്മകമായ അഭ്യസന രീതികൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്.

കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിവാഹമെന്ന കൂദാശയാണ്. 'ദൈവം നൽകുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവിടുന്ന് നിങ്ങളെ സഹായിക്കട്ടെ' എന്ന വിവാഹ കർമ്മത്തിലെ ആശീർവാദപ്രാർത്ഥന ഈ കാലഘട്ടത്തിൽ നമ്മെ കൂടുതൽ ചിന്തി

പ്പിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപാപ്പ ഈയിടെ പുറപ്പെടുവിച്ച 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസജീവിതത്തെ വിശുദ്ധജീവിതമായിട്ടാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധി തന്നെയാണ് ക്രൈസ്തവജീവിതത്തിന്റെ സാക്ഷ്യവും, സ്നേഹജീവിതത്തിന്റെ പൂർണ്ണതയും. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2011 ഏപ്രിൽ 13 ലെ ഒരു പ്രബോധനത്തിൽ 'വിശുദ്ധി എന്നത് സ്നേഹം ജീവിക്കുന്നതിന്റെ പൂർണ്ണത'യാണെന്ന് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വീക്ഷണത്തിൽ, 'വിശുദ്ധി നമ്മുടെ മിഷൻ അഥവാ ദൗത്യമാണ്'. എല്ലാവർക്കും അവരവരുടെ രീതിയിൽ വിശുദ്ധ ജീവിതം നയിക്കാൻ സാധിക്കും (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 21). കൃഷി, മത്സ്യബന്ധനം, കാലി വളർത്തൽ, വ്യാപാരം, വ്യവസായം, ഉദ്യോഗം, രാഷ്ട്രീയം, രാജ്യഭരണം, സമൂഹോദ്ധാരണം, കല, സാഹിത്യം, മാധ്യമപ്രവർത്തനം, പരിസ്ഥിതിസംരക്ഷണം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർ ദൈവസ്നേഹത്തെ മുൻനിർത്തി സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി പ്രവർത്തിക്കുമ്പോൾ അവർ വിശുദ്ധിയിൽ വളരുകയാണ്. സത്യം, നീതി, സ്നേഹം, കാരുണ്യം, ക്ഷമ, ദയ, സൗമ്യത, ആത്മസംയമനം മുതലായ പരിശുദ്ധാത്മ ദാനങ്ങളായിരിക്കണം എല്ലാ കാര്യങ്ങളിലും ശക്തി നൽകേണ്ടത്.

ജീവന്റെമൂല്യം സംരക്ഷിക്കുവാൻ ഓരോരുത്തരും അതീവ നിഷ്ക്കർഷയോടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. പ്രായമായ വരോടുള്ള ബഹുമാനവും അവർക്ക് നൽകേണ്ട സംരക്ഷണവും ക്രൈസ്തവധർമ്മമായി നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. ഗർഭ ഛിദ്രവും ദയാവധവും ജീവന്റെ മൂല്യത്തിന് എതിരായ പാപകൃത്യങ്ങ ളാണ്. ഈ അവബോധം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകണം. കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ വിവാഹത്തിനായി ഒരുങ്ങാനും നല്ല കുടുംബജീവിതം നയിക്കാനും വേണ്ട പരിശീലനം ലഭിക്കേണ്ട തുണ്ട്.

2018 ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന സിനഡിന്റെ വിഷയം യുവജനങ്ങളെക്കുറിച്ചാണല്ലോ. യുവജന പ്രേഷിതത്വത്തെ സജീവമാക്കാനും കാലാനുസൃതമാക്കാനും യുവജന സിനഡ് സഹായ കരമായി തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജന പ്രേഷിതത്വ ത്തിനായി നമ്മുടെ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ

മനസ്സിലാക്കി യുവജനങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനരീതികളും കർമ്മപരിപാടികളും നമ്മൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

മൂന്നാമതായി, ഏവരുടെയും ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ ദർശനമാണ്. ദൈവകൃപ അഥവാ ദൈവാത്മാവിന്റെ പ്രവർത്തനം ആണ് ഓരോ ക്രൈസ്തവനിലൂടെയും സംഭവിക്കേണ്ടത്. ദൈവാത്മാവിന് കാതോർക്കുന്നവനാണ് ക്രൈസ്തവൻ. വി. പൗലോസ് ശ്ലീഹ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷിക വിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്' (1 കോറിന്തോസ് 2:45). ഈ ക്രൈസ്തവദർശനത്തിനു പകരം ആധുനിക കാലത്ത് ഓരോരുത്തരും ജീവിതവിജയത്തെ തങ്ങളുടെ നേട്ടമായി കാണുന്ന ഒരു ചിന്താരീതിയും പ്രവർത്തനശൈലിയും വളർന്നു വരുന്നുണ്ട്. 'സമകാലിക ജ്ഞാനവാദം' എന്നാണ് ഫ്രാൻസിസ് പാപ്പ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽതന്നെ തെറ്റായ പ്രബോധനമായി സഭാപിതാക്കന്മാർ ഈ വാദത്തെ നിരാകരിച്ചിട്ടുള്ളതാണ്. ഈ ചിന്താഗതിക്കെതിരെ സഭയുടെ ശരിയായ ആദ്ധ്യാത്മികവീക്ഷണം നാം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. സുവിശേഷത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രബോധനത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ ശരിയായ രീതിയിൽ യുക്തി ഉപയോഗിക്കേണ്ടതുണ്ട്. അതോടൊപ്പം യുക്തിക്കതീതമായ വിശ്വാസരഹസ്യങ്ങൾ നമ്മുടെ രക്ഷയ്ക്ക് ഉപകരിക്കുന്നതാകയാൽ അതിനെ നാം സ്വീകരിക്കുകയും വേണം. നമ്മുടെ ബുദ്ധിയുടെ പ്രവർത്തനം കൊണ്ട് മാത്രം വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളെയും അപഗ്രഥിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുമെന്ന് കരുതരുത്. വിശ്വാസത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണ്. അപ്രകാരം ചെയ്യുന്നവർ ദൈവിക രഹസ്യങ്ങളെ വിശ്വാസത്തിൽനിന്ന് വേർപെടുത്തുന്നു. അതുവഴി അവർ ക്രിസ്തുവില്ലാത്ത ഒരു ദൈവത്തിനും തിരുസ്സഭയില്ലാത്ത ഒരു ക്രിസ്തുവിനും ദൈവജനമില്ലാത്ത സഭയ്ക്കും മുൻഗണന നൽകുന്നു എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 37).

സമീപകാലങ്ങളിലുണ്ടായ ഓഖി, നിപ്പ (Nipah) എന്നീ ദുരന്തങ്ങളെയും കാലവർഷ കെടുതികളെയും നേരിടുവാൻ സഭാമക്കൾ കൂട്ടായ്മയോടെ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കുട്ടികളെയും സ്ത്രീകളെയും പീഡനങ്ങൾക്ക് വിധേയമാക്കുന്ന സാമൂഹിക പ്രവണതകൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇവരുടെയും മറ്റു ദുർബല വിഭാഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനും നാം ശ്രദ്ധിക്കണം. കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിലും തുറസ്സായ സ്ഥലങ്ങളിലും കൃഷിചെയ്യാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ഇടവക അടിസ്ഥാനത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന നമ്മുടെ ശുശ്രൂഷ ഇനിയും തുടരേണ്ടതാണ്. ഇപ്രകാരം ക്രിസ്തീയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളും സാക്ഷികളും ആകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭയിലെ പ്രവാസികൾക്കായി വിശിഷ്യാ, ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാരത മക്കൾക്ക് സംഭാവന ചെയ്ത മാർതോമാശ്ലീഹായുടെ മാർഗ്ഗം അതിന്റെ ലാളിത്യത്തിലും പൂർണ്ണതയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാൻ ദുക്റാന തിരുനാളിന്റെ ആഘോഷം നമുക്ക് പ്രചോദനമാകട്ടെ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം നമ്മുടെ ജീവിതത്തിലൂടെയും അന്വർത്ഥമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ !

**+ കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം ആണ്ട് ജൂൺ മാസം 13-ാം തീയതി നല്കപ്പെട്ടത്.

---

**NB:- ഈ ഇടയലേഖനം 2018 ജൂലൈ മാസം 1-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

# പുരോഹിതൻ : ദൈവത്തിന്റെ മനുഷ്യൻ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

(തിരുവചനഭാഗം: ശ്ലീഹ 5,1–42)

ആദിമ സഭാസമൂഹത്തിൽ മാനുഷികതയും ദൈവികതയും തമ്മിലുണ്ടായ സംഘർഷമാണ് ഈ അദ്ധ്യായത്തിൽ പ്രതിഫലിക്കുന്നത്. അനനിയാസും അയാളുടെ ഭാര്യ സഫീറായും ശ്ലീഹന്മാരുടെ മുമ്പിൽ വ്യാജം പറഞ്ഞതിന് ശിക്ഷയെന്നോണം മരിച്ചുവീഴുന്നതും, അതേ തുടർന്ന് യഹൂദ അധികാരികളും ശ്ലീഹന്മാരും തമ്മിലുള്ള സംഘർഷങ്ങളും, നിയമോപദേഷ്ടാവും ആദരണീയനുമായ ഗമാലിയേലിന്റെ ഇടപെടലുമാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. സഭയുടെ ദൈവികതയ്ക്കു വിരുദ്ധമായി മാനുഷികശക്തികൾ പ്രബലപ്പെടുന്ന ഈ പശ്ചാത്തലം, സഭാശുശ്രൂഷകരായ വൈദികരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ അനുഭവപ്പെടാവുന്ന ദൈവികതയും മാനുഷികതയും തമ്മിലുള്ള സംഘർഷത്തെ ഉദാഹരിക്കുന്നതാണ്. ഈ വചനഭാഗത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം:

1. അനനിയാസും സഫീറായും (5,1–11)
2. അത്ഭുതങ്ങളും അടയാളങ്ങളും (5,12–16)
3. കാരാഗൃഹത്തിൽ നിന്നുള്ള മോചനവും വചനപ്രഘോഷണവും (5,17–21)
4. ന്യായാധിപ സംഘത്തിനു മുമ്പിൽ വചന പ്രഘോഷണം (5,22–32)
5. ഗമാലിയേലിന്റെ ഇടപെടൽ (5,33–42)

**1. പുരോഹിതൻ: ദൈവികമായി ജീവിക്കേണ്ടവൻ**

*"പത്രോസ് ചോദിച്ചു: അനനിയാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കുവാനും പറമ്പിന്റെ വിലയുടെ ഒരംശം മാറ്റി വയ്ക്കാനും സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചതെന്ത്? പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ? ഈ പ്രവൃത്തി ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്? നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല ദൈവത്തോടാണ്"* (5,3–4).

വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ച (4,32–34) പശ്ചാത്തല

ത്തിൽ അനനിയാസും ഭാര്യ സഫീറായും ചെയ്ത വഞ്ചനയും അതിന് അവർക്കു ലഭിച്ച ശിക്ഷയുമാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പറമ്പും വീടും വിറ്റ് തുക മുഴുവൻ കൊടുക്കണമെന്ന നിയമമൊന്നും അന്ന് സഭയിലില്ലായിരുന്നു. ഓരോരുത്തരും സ്വതന്ത്രമായി, സ്വമേധയാ ചെയ്തിരുന്ന ഒന്നായിരുന്നു അത്. പത്രോസിന്റെ വാക്കുകൾ അതു വ്യക്തമാക്കുന്നുണ്ട്: "പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ?" (5,4). ആദിമസഭാംഗ ങ്ങളുടെ ഇടയിലുണ്ടായിരുന്ന ദാരിദ്ര്യ ചൈതന്യമാണ് എല്ലാം പങ്കുവ യ്ക്കാൻ അവരെ പ്രേരിപ്പിച്ചത്. ആദിമസഭാംഗങ്ങൾ ജീവിക്കാൻ ശ്രമിച്ച ദൈവികമായ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രതിഫലനമാ യിരുന്നു അത്. ഈ ചൈതന്യം അനനിയാസിനും സഫീറായ്ക്കും ഇല്ലാതെപോയി. അവർ വെറും മാനുഷികമായ നിലപാടാണ് ഇക്കാര്യ ത്തിൽ സ്വീകരിച്ചത്. രണ്ടുപേരും തത്ക്ഷണം മരിച്ചുവീണത് അവരുടെ നിലപാടിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ പരിപാലന യിൽ വിശ്വസിക്കാതെ, മാനുഷികമായ സുരക്ഷിതത്വത്തിൽ മാത്രം അവർ ആശ്രയിച്ചു. അതിന്റെ ഫലമായി അവർ പരിശുദ്ധാത്മാവിനെ വഞ്ചിക്കുന്നവരും (5,3) ദൈവത്തോടു വ്യാജം പറയുന്നവരുമായി ത്തീർന്നു (5,4).

സഭയിലുള്ള മിശിഹായുടെയും ദൈവത്തിന്റെയും സാന്നിദ്ധ്യവും പ്രവർത്തനവും ഗൗരവമായി പരിഗണിക്കേണ്ട ഒന്നാണ്. സഭ ദൈവ ത്തിന്റെ സ്വന്തം ജനമാണ് (1 പത്രോ 2,9). പരിശുദ്ധാത്മാവിൽ ജനിച്ച് പരിശുദ്ധാത്മാവിൽ ജീവിക്കുന്നവരുടെ സമൂഹമാണ് സഭ (യോഹ 3,3-6). ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യപ്പെടുന്ന സമൂഹമെന്ന നിലയിൽ സഭ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവേദിയാണ്. സഭയി ലൂടെയാണ് ദൈവം തന്റെ രക്ഷാപദ്ധതി ഈ ലോകത്തിൽ പൂർത്തി യാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങൾ ദൈവഭയമുള്ള വരായിരിക്കണം. "സഭ മുഴുവനിലും ഇതു കേട്ട എല്ലാവരിലും വലിയ ഭയമുണ്ടായി" (5,11) എന്നുള്ള പ്രസ്താവനയിൽ ഈ സൂചനയുണ്ട്. 'സഭ' (ഗ്രീക്കുഭാഷയിൽ 'എക്ലേസിയ') എന്ന വാക്ക് ശ്ലീഹന്മാരുടെ നടപടി ഗ്രന്ഥത്തിൽ ഇവിടെയാണ് ആദ്യം കാണുന്നത്. അതും 'ദൈവ ഭയ'ത്തോടു ബന്ധപ്പെടുത്തിയാണ്. ദൈവഭയമുള്ള ജീവിതത്തിൽ ദൈവികമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കു വാനുമുള്ള പരിശ്രമമുണ്ടാകും. അതിനു തടസ്സമുണ്ടാകത്തക്കവിധം കേവലം മാനുഷികമായി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് സാത്താനാണ്. മാനുഷികമായ നിലപാടു സ്വീകരിച്ച പത്രോസിനെ

'സാത്താനേ' എന്നാണല്ലോ ഈശോ വിളിച്ചത് (മത്താ 16,23). മാനുഷികമായി ചിന്തിക്കുവാൻ അനനിയാസിനെ പ്രേരിപ്പിച്ചതും സാത്താൻതന്നെയാണ് (5,3). അതുകൊണ്ട് സഭയിൽ എല്ലാവരും, പ്രത്യേകിച്ച് സഭാശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതരും ദൈവഭയമുള്ളവരും ദൈവികമായി ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും ജീവിക്കുന്നവരുമായിരിക്കണം.

**2. പുരോഹിതൻ: ദൈവസാന്നിദ്ധ്യം നല്കുന്നവൻ**

*"കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു. അവർ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെമേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു അത്"* (5,14-15).

ശ്ലീഹന്മാരുടെ നേതൃത്വത്തിലുള്ള സഭാസമൂഹത്തിന്റെ അപ്രതിരോധ്യമായ വളർച്ചയാണ് ഇവിടെ കാണുന്നത്. നട. 4,30 ലെ സഭയുടെ പ്രാർത്ഥന ഇവിടെ ഫലമണിയുന്നു: "അവിടുത്തെ പരിശുദ്ധ ദാസനായ ഈശോയുടെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമേ. അവിടുത്തെ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ". "ശ്ലീഹന്മാരുടെ കരങ്ങൾ വഴി ജനമദ്ധ്യത്തിൽ വളരെ അടയാളങ്ങളും അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു" (5,12); "കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു" (5,14). സോളമന്റെ മണ്ഡപം സഭാസംഗമത്തിന്റെ പതിവു വേദിയായി മാറി. പരസ്യജീവിതകാലത്ത് ഈശോയുടെ ഒരു സംഗമവേദിയായിരുന്ന സോളമന്റെ മണ്ഡപം (യോഹ. 10,23) ആദിമസഭയുടെ സംഗമവേദിയായതിൽ അതിശയമില്ല. യഹൂദമതാനുയായികളായതിനാൽ ശ്ലീഹന്മാരോടു ചേരാൻ പലരും ധൈര്യപ്പെട്ടില്ലെങ്കിലും പൊതുജനം പൊതുവെ ശ്ലീഹന്മാരെ ബഹുമാനിക്കുകയും സഭയുടെ ഭാഗമായിത്തീരുകയും ചെയ്തു.

സഭയുടെ ഈ വളർച്ചയ്ക്ക് നിർണ്ണായകമായിത്തീർന്നത് ശ്ലീഹന്മാരിലൂടെ നടന്ന അത്ഭുതങ്ങളും അടയാളങ്ങളുമാണ്. അത്ഭുതങ്ങളുടെ വിവരണം ചിലപ്പോഴെല്ലാം മാന്ത്രികമായ ഒരു പ്രതിഭാസത്തിന്റെ പ്രതീതിയുളവാക്കും. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും പതിക്കുന്നതിനുവേണ്ടി രോഗികളെ തെരുവീഥികളിൽ കിടത്തിയിരുന്നു (5,15). പൗലോസിന്റെ കാര്യത്തിലും ഇതുപോലെ സംഭവിച്ച

തായി പറയുന്നുണ്ട് (19,11-12). ഈശോയുടെ പരസ്യജീവിതത്തിലും ഇതുപോലെ സംഭവിച്ചതായി മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 6,53-56). എന്നാൽ ജനം ചിന്തിക്കുന്നതുപോലെ മാന്ത്രികശക്തിയല്ല, ജീവിക്കുന്ന മിശിഹായുമായുള്ള ശ്ലീഹന്മാരുടെ ഐക്യവും, രോഗികളുടെ ഭാഗത്ത് മിശിഹായിലുള്ള വിശ്വാസവും മൂലമാണ് ഈ അത്ഭുതങ്ങൾ സംഭവിക്കുന്നതെന്ന് പത്രോസ് ശ്ലീഹാ വ്യക്തമാക്കുന്നുണ്ട് (3,12-16). മിശിഹാ ഇന്ന് സഭയിൽ ജീവിക്കുന്നു എന്നതിന്റെ അടയാളമാണ് ശ്ലീഹന്മാരിലൂടെ നടന്നതും, ഇന്ന് ശ്ലൈഹിക ശുശ്രൂഷ നിർവഹിക്കുന്നവരിലൂടെയും വരദാനങ്ങളുള്ളവരിലൂടെയും നടക്കുന്നതുമായ, അത്ഭുതങ്ങൾ. ഇപ്രകാരമുള്ള അത്ഭുതങ്ങൾ സഭയിൽ നടക്കേണ്ടതാവശ്യമാണ്. ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതർ മിശിഹായുമായുള്ള തങ്ങളുടെ ഐക്യത്തിൽ വളർന്നും, സഭയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായിലുള്ള വിശ്വാസത്തിൽ ജനങ്ങളെ വളർത്തിയും അടയാളങ്ങളിലൂടെ അവരുടെ അജപാലന ശുശ്രൂഷയെ കൂടുതൽ ഫലവത്താക്കാൻ പരിശ്രമിക്കണം.

**3. പുരോഹിതൻ: ദൈവവചന പ്രഘോഷകൻ**

"*എന്നാൽ പ്രധാന പുരോഹിതനും അവനോടു ചേർന്നുനിന്നിരുന്ന സദുക്കായവിഭാഗവും അസൂയനിറഞ്ഞ് ശ്ലീഹന്മാരെ പിടിച്ച് ബന്ധിച്ച് പൊതുകാരാഗൃഹത്തിലടച്ചു. രാത്രി കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിലുകൾ തുറന്ന് അവരെ പുറത്തുകൊണ്ടുവന്ന് അവരോടു പറഞ്ഞു: നിങ്ങൾ ദൈവാലയത്തിൽച്ചെന്ന് എല്ലാ ജനങ്ങളോടും നവജീവന്റെ ഈ വചനം പ്രസംഗിക്കുവിൻ*" (5,17-20).

ശ്ലീഹന്മാരുടെ അത്ഭുത പ്രവൃത്തികളിലും സഭയുടെ വളർച്ചയിലും അസൂയയും വൈരാഗ്യവും നിറഞ്ഞ പ്രധാനപുരോഹിതരും സദ്ദുക്കായരും ശ്ലീഹന്മാരെ കുറ്റവാളികളായി പ്രഖ്യാപിച്ച് കാരാഗൃഹത്തിലടച്ചു. പുരോഹിതന്മാർ എതിർത്തതിനുകാരണം ശ്ലീഹന്മാർ എപ്പോഴും പ്രസംഗിച്ചിരുന്നത്, "നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ഈശോമിശിഹായെ ദൈവം ഉയിർപ്പിച്ചു" എന്നു പറഞ്ഞുകൊണ്ടായിരുന്നു എന്നതാണ് (5,30; 2,23-24; 3,13-15). സദുക്കായർ എതിർക്കാൻ കാരണം ശ്ലീഹന്മാർ ഉയിർപ്പിനു സാക്ഷ്യം പറയുന്നതുകൊണ്ടുമായിരുന്നു (23,8). അസൂയ നിറഞ്ഞ് ഈശോയെ അറസ്റ്റു ചെയ്തവർ (മത്താ. 27,18) തന്നെയാണ് ഇപ്പോൾ ശ്ലീഹന്മാരെയും ബന്ധിച്ച് കാരാഗൃഹത്തിലടച്ചത്. എന്നാൽ കാരാഗൃഹത്തിൽനിന്ന് ദൈവം അത്ഭുതകരമായി ശ്ലീഹന്മാരെ മോചിപ്പിച്ച് അവരോട്, "നിങ്ങൾ ദൈവാലയത്തിൽ ചെന്ന് എല്ലാ ജനങ്ങളോടും നവജീവന്റെ ഈ വചനം പ്രസംഗിക്കു

വിൻ" (5,20) എന്നു പറഞ്ഞു. അവർ അപ്രകാരം ചെയ്യുകയും ചെയ്തു (5,21). 'വചനപ്രഘോഷണം സഭയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ദൗത്യമാണ്. ഈശോ വചനം മാംസമായവനാണ് (യോഹ. 1,14). ഈശോയുടെ തുടർച്ചയായി ലോകത്തിലായിരിക്കുവാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വചനപ്രഘോഷണം നടത്തുന്നില്ലെങ്കിൽ സഭയ്ക്ക് ഈ ലോകത്തിൽ പ്രസക്തിയില്ല. അതിനുവേണ്ടി ദൈവത്താൽ അയയ്ക്കപ്പെട്ടവളാണവൾ (മർക്കോ. 16,15). ദൈവത്തിന്റെ ഈ പദ്ധതിയെ പ്രതിരോധിക്കാൻ ഈലോകത്തിൽ ഒരു ശക്തിക്കും സാധ്യമല്ല.

ശ്ലീഹന്മാർ പ്രസംഗിക്കേണ്ട വചനത്തെ 'ഈ ജീവന്റെ വചനം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (5,20). 'ഈ ജീവന്റെ വചനം' എന്നു വിശേഷിപ്പിക്കുന്നത് ഉത്ഥിതനായ ഈശോയിലൂടെ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷയുടെ വചനമാണ്. ഉത്ഥാനത്തിനുശേഷം ഈശോ തന്നെ നാല്പതുദിവസം ശ്ലീഹന്മാരുടെയിടയിൽ പ്രത്യക്ഷപ്പെട്ട് ദൈവരാജ്യത്തെക്കുറിച്ച് അവരെ പഠിപ്പിച്ചു (1,3). ഈ ദൈവരാജ്യത്തിന്റെ സുവിശേഷമാണ് ഈശോ പ്രസംഗിച്ചതും പഠിപ്പിച്ചതും (മർക്കോ 1,14-15). വി. മത്തായിയുടെ സുവിശേഷപ്രകാരം അത് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷമാണ് (മത്താ. 4,17). വി. ലൂക്കായിൽ അത് സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ - രക്ഷയുടെ - സുവിശേഷമാണ് (ലൂക്കാ 2,10). വി. യോഹന്നാന്റെ സുവിശേഷ പ്രകാരം അത് നിത്യജീവൻ നല്കുന്ന ദൈവത്തിന്റെ വചനമാണ് (യോഹ. 5,24). ഉത്ഥിതനായ മിശിഹാതന്നെയാണ് ഇന്നും അരൂപിയിലൂടെ സഭയിൽ സന്നിഹിതനാകുന്നതും വചനപ്രഘോഷണം നടത്തുന്നതും. ഈ ഒരവബോധത്തോടെ ഉത്ഥിതനായ മിശിഹായോടുള്ള പ്രതിബദ്ധതയും ഐക്യവും പുലർത്തിക്കൊണ്ട് സഭയുടെ വിശ്വാസത്തിൽ അധിഷ്ഠിതമായി വചനപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം.

**4. പുരോഹിതൻ: ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നവൻ (5,30-32)**

"*നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന ഈശോയെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിന് അനുതാപവും പാപമോചനവും നല്കാൻ ദൈവം അവനെ നാഥനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തി. ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്ക് ദൈവം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് ഇതിനു സാക്ഷിയാണ്*" (5,30-32).

ആദിമസഭയുടെ അത്ഭുതകരമായ വളർച്ചയുടെ മുമ്പിൽ യഹൂദ നേതൃത്വം വിസ്മയിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നു. ജനങ്ങളെ ഭയന്ന്, ബലപ്രയോഗം കൂടാതെ, ശ്ലീഹന്മാരെ കൂട്ടിക്കൊണ്ടുവന്ന് ന്യായാധിപ സംഘത്തിന്റെ മുമ്പിൽ നിർത്തി അവരെ വിസ്തരിക്കുന്നു. കർശനമായ നിരോധനം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടു പഠിപ്പിച്ചു എന്ന് ചോദിച്ചപ്പോൾ, പത്രോസും ശ്ലീഹന്മാരും ഒന്നുചേർന്ന് തങ്ങൾ മനുഷ്യരെക്കാളുപരി ദൈവത്തെയാണ് അനുസരിക്കുന്നത് എന്ന് പ്രതി വചിച്ചു (5,29). അതേത്തുടർന്ന് വീണ്ടും അവർ ഏകസ്വരത്തിൽ, ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കിയ രക്ഷാകരപ്രവർത്ത നത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. ഈ രക്ഷാകര പ്രവർത്തനം യഹൂദർക്ക് പ്രത്യേകം പ്രസക്തിയുള്ളതാണെന്ന സൂചനയും പത്രോ സിന്റെ വാക്കുകളിലുണ്ട്. 'നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന ഈശോയെ', 'നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു', 'ഇസ്രാ യേലിന് അനുതാപവും പാപമോചനവും നല്കാൻ' തുടങ്ങിയ പ്രസ്താ വനകളെല്ലാം ഇതു സൂചിപ്പിക്കുന്നവയാണ്. ദൈവത്തെ അനുസരിക്കു ന്നവർക്ക് അവിടുന്നു നല്കുന്ന പരിശുദ്ധാത്മാവാണ് ഇപ്രകാരം സാക്ഷ്യം നല്കുവാൻ തങ്ങളെ ശക്തിപ്പെടുത്തുന്നതെന്നും പത്രോസ് എടുത്തുപറഞ്ഞു (5,30–32). യഹൂദ നേതൃത്വത്തെത്തന്നെ അനുതാപ ത്തിനും മാനസാന്തരത്തിനും ആഹ്വാനം ചെയ്തുകൊണ്ടാണ് പത്രോസ് പ്രസംഗം അവസാനിപ്പിക്കുന്നത് (5,31).

സുവിശേഷം ശ്രവിക്കുന്നവരുടെ ചരിത്രം ദൈവത്തിന്റെ രക്ഷാകര ചരിത്രമാണെന്നു ബോദ്ധ്യപ്പെടുത്തിക്കൊണ്ട് സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം. രക്ഷാകരചരിത്രമല്ലാതെ മറ്റൊരു ചരിത്രം ലോകത്തിനോ മനുഷ്യർക്കോ ഇല്ല. ജനനം മുതൽ മരണം വരെ ഓരോ മനുഷ്യനിലും ദൈവം പൂർത്തിയാക്കുന്ന രക്ഷാകര പ്രവർത്തനമാണ് ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കി യതും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതും. അങ്ങനെ തന്നിൽ രക്ഷാകര പ്രവർത്തനം നിർവഹിക്കുന്ന ദൈവത്തോട് അനുതാപ ത്തോടും, വിശ്വാസത്തോടും സഹകരിച്ചുകൊണ്ട് പ്രത്യുത്തരിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പുരോഹിതൻ തന്റെ സുവിശേഷപ്ര ഘോഷണം നടത്തേണ്ടത്. അപ്രകാരം പ്രത്യുത്തരിച്ചുകൊണ്ട് പരി ശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് രക്ഷാകരമായ അനുഭവം ഉൾക്കൊ ള്ളുന്ന ജീവിതസാക്ഷ്യവും പുരോഹിതന്റെ വചനപ്രഘോഷണത്തിനു ണ്ടാവണം.

**5. പുരോഹിതൻ: ദൈവത്തിന്റെ ശക്തിയോടെ പ്രവർത്തിക്കുന്നവൻ**

***"എന്നാൽ, നിയമോപദേഷ്ടാവും സകലർക്കും ആദരണീയനുമായ ഗമാലിയേൽ എന്ന ഫരിസേയൻ സംഘത്തിലെഴുന്നേറ്റു നിന്ന്, അവരെ കുറച്ചു സമയത്തേക്ക് പുറത്തുനിർത്താൻ ആവശ്യപ്പെട്ടു. ... അതുകൊണ്ട്, ഞാൻ നിങ്ങളോടു പറയുന്നു, ഈ ആളുകളിൽനിന്ന് അകന്നുനില്ക്കുക. അവരെ അവരുടെ വഴിക്കു വിട്ടേക്കുക. കാരണം, ഈ ആലോചനയും ഉദ്യമവും മനുഷ്യനിൽനിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച്, ദൈവത്തിൽനിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. മാത്രമല്ല, ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണപ്പെടുകയും ചെയ്യും. അവർ അവന്റെ ഉപദേശം സ്വീകരിച്ചു"*** **(5,34.38-39).**

പത്രോസ് ന്യായാധിപ സംഘത്തിലുള്ളവരോട്, ദൈവത്തെ അനുസരിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണെന്നു പറഞ്ഞപ്പോൾ, അവർ ക്ഷുഭിതരായി ശ്ലീഹന്മാരെ കൊന്നുകളയാൻ ആഗ്രഹിച്ചു (5,32-33). എന്നാൽ സംഘത്തിലെ പ്രധാന നിയമോപദേഷ്ടാവായ ഗമാലിയേൽ പറഞ്ഞു. ഇതെല്ലാം മനുഷ്യരിൽനിന്നുള്ളതാണെങ്കിൽ ഇവരുടെ ഉദ്യമങ്ങളെല്ലാം താനേ പരാജയപ്പെട്ടുകൊള്ളും (5,38). തെവുദാസിന്റെയും യൂദാസിന്റെയും ഉദാഹരണങ്ങളെടുത്ത് ഗമാലിയേൽ സംസാരിച്ചപ്പോൾ സംഘാംഗങ്ങൾ ശ്ലീഹന്മാരെ പ്രഹരിച്ചതിനുശേഷം നിരോധനാജ്ഞ നല്കി അവരെ വിട്ടയയ്ക്കുകയും ചെയ്തു. അപ്രകാരം സംസാരിക്കാൻ ഗമാലിയേലിനെ പ്രേരിപ്പിച്ചത്, സഭാസമൂഹത്തിൽ ദൈവത്തിന്റെ ശക്തി പ്രവർത്തിക്കുന്നുണ്ടെന്ന അദ്ദേഹത്തിന്റെ അനുഭവമാണ്. ശ്ലീഹന്മാരുടെ അത്ഭുത പ്രവർത്തനങ്ങളും ധൈര്യപൂർവ്വകമായ സുവിശേഷ പ്രഘോഷണവുമൊക്കെയായിരിക്കണം അതിന് അവസരമൊരുക്കിയത്.

ശ്ലീഹന്മാരാകട്ടെ "ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിന്റെ മുമ്പിൽനിന്നു പുറത്തുപോയി. എല്ലാ ദിവസവും ദൈവാലയത്തിൽവച്ചും ഭവനം തോറും ചെന്നും ഈശോയാണു മിശിഹാ എന്നു പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലും നിന്ന് അവർ വിരമിച്ചിട്ടില്ല" (5,41-42). വധഭീഷണിയുണ്ടായിട്ടും സന്തോഷത്തോടും തീക്ഷ്ണതയോടുംകൂടെ സുവിശേഷ പ്രഘോഷണത്തിലേർപ്പെടുവാനുള്ള ധൈര്യമാണ് ശ്ലീഹന്മാർ കാണിക്കുന്നത്. അതുപോലെതന്നെ, സുവിശേഷത്തെ പ്രതി സഹിക്കേണ്ടി വന്നതിൽ അവർ സന്തോഷിക്കുകയും ചെയ്യുന്നു. ഈശോമിശിഹായിലുള്ള വിശ്വാസമാണ് അപ്രകാരം സഹനത്തിൽ സന്തോഷിക്കാൻ അവർക്കു ശക്തി നല്കിയത്. ഈശോയോടൊത്തുള്ള

സഹനം അവിടുത്തോടൊത്തുള്ള മഹത്ത്വത്തിന്റെ മുന്നോടിയാണെന്ന് അവർ വിശ്വസിച്ചിരുന്നു. അപ്രകാരം വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും പൂർവ്വാധികം തീക്ഷ്ണതയോടെ സുവിശേഷ പ്രഘോഷണം തുടരുവാനും ശ്ലീഹന്മാർക്കു കഴിഞ്ഞത് അവർ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ ശക്തി അവരിൽ പ്രവർത്തിച്ചതുകൊണ്ടാണ്. ഇതുപോലെയുള്ള സാഹചര്യങ്ങൾ പുരോഹിതനും തന്റെ ശുശ്രൂഷയിൽ ഉണ്ടാകാം. അതുകൊണ്ട് നിരന്തരമായ പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയുടെ ചൈതന്യം നവീകരിച്ചുകൊണ്ട് പുരോഹിതനും ശക്തി പ്രാപിക്കണം. അരൂപിയുടെ ശക്തിയാണ് തന്റെ ശുശ്രൂഷയിൽ തന്നെ ബലപ്പെടുത്തുന്നതെന്ന ബോദ്ധ്യത്തോടെ പ്രാർത്ഥനാജീവിതം നയിക്കുവാൻ പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. എന്റെ മാനുഷികതയെ അതിജീവിച്ച് ദൈവികമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രതികരിക്കുവാനും പ്രവർത്തിക്കുവാനും എനിക്ക് എത്രമാത്രം കഴിയുന്നുണ്ട്?
2. സഭയിലും പുരോഹിതനിലും ജീവിക്കുന്ന മിശിഹായുടെ-ദൈവത്തിന്റെ സാന്നിദ്ധ്യാനുഭവം അടയാളങ്ങളിലൂടെ നല്കി ശുശ്രൂഷ ചെയ്യുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. മിശിഹായോട് ഐക്യവും പ്രതിബദ്ധതയും പുലർത്തിക്കൊണ്ട് വചന പ്രഘോഷണം നടത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. രക്ഷാകരമായ അനുഭവം ഉൾക്കൊള്ളുന്ന ജീവിതസാക്ഷ്യത്തോടെ വചനപ്രഘോഷണം നടത്താൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. പ്രാർത്ഥനാ ജീവിതത്തിലൂടെ അരൂപിയിൽ നവീകരിക്കപ്പെട്ടും ശക്തി പ്രാപിച്ചുമാണോ ഞാൻ എന്റെ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നത്?

# പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ

പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ എന്നിവയാണ് സന്യാസജീവിതത്തിന്റെ മൂന്ന് അടിസ്ഥാനശിലകൾ എന്ന് സമർപ്പിതജീവിതം നയിക്കുന്ന സമൂഹങ്ങൾക്കും അപ്പസ്തോലിക ജീവിതം നയിക്കുന്ന സംഘങ്ങൾക്കുംവേണ്ടിയുള്ള തിരുസംഘം സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കുന്നവരോട് ഫ്രാൻസീസ് മാർപാപ്പ ഊന്നിപ്പറഞ്ഞു. പരമാചാര്യൻ ആ സംഘത്തെ മെയ് 4 വെള്ളിയാഴ്ച രാവിലെ പോൾ ആറാമൻ ഹാളിൽ വെച്ച് സ്വീകരിച്ചു. പരിശുദ്ധ പിതാവ് ഇറ്റാലിയൻ ഭാഷയിൽ നൽകിയ പ്രഭാഷണത്തിന്റെ പരിഭാഷ ചുവടെ.

എല്ലാവർക്കും ശുഭപ്രഭാതാശംസകൾ

മുൻകൂട്ടി തയ്യാറാക്കിയ ഒരു നല്ല പ്രസംഗം നടത്തുന്നതിനെക്കുറിച്ച് ഞാൻ ആലോചിക്കുന്നു. പക്ഷേ, അപ്പോൾ ഈ അവസരത്തിലെ ഏറ്റവും പ്രസക്തമായ കാര്യങ്ങളെക്കുറിച്ച് സ്വതന്ത്രമായി സംസാരിക്കുന്നതിനുള്ള ആശയമുദിച്ചു. ഞാൻ പറയാൻ പോകുന്നതിന്റെ പൊരുൾ കർദ്ദിനാൾ തിരുസംഘത്തിന്റെ പ്രീഫെക്ട് ചോദിച്ചതിൽത്തന്നെ പ്രകടമാകുന്നുണ്ട്: സംഭവിച്ചുകൊണ്ടിരിക്കുന്നവ വിവേചിച്ചറിയാൻ ഉതകുന്ന ആധികാരികമായ മാനദണ്ഡങ്ങൾ ഏവയാണ്? എന്തെന്നാൽ, വാസ്തവത്തിൽ ഇന്ന് വളരെയധികം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവയ്ക്കിടയിൽ, ഈ ലോകത്തിൽ, ഈ ലൗകികതയുടെ മൂടൽമഞ്ഞിൽ, ഈ പ്രകോപനങ്ങളിൽ, ഈ സംഘട്ടനാരൂപിയിൽ, വളരെയധികം കാര്യങ്ങൾക്കിടയിൽ നട്ടംതിരിയാതിരിക്കാൻ, ആധികാരികമായ മാനദണ്ഡങ്ങൾ നമുക്കാവശ്യമുണ്ട്. നമ്മുടെ വിവേചിച്ചറിയലിനെ നയിക്കാൻ ആധികാരികമായ മാനദണ്ഡങ്ങൾ നമുക്കാവശ്യമുണ്ട്.

പിന്നെ, ഈ പരിശുദ്ധാത്മാവ് തിരുത്തപ്പെടാനാവാത്തവനാണ് *(incorrigible)* (അദ്ദേഹം-മാർപാപ്പ ചിരിക്കുന്നു; അവരും ചിരിക്കുന്നു). എന്തെന്നാൽ അവിടുന്ന് സൃഷ്ടിക്കുന്നവനായിരിക്കുന്നതിൽ ഒരിക്കലും മടുപ്പുകാട്ടുന്നില്ല. ഇപ്പോൾ, സമർപ്പിതജീവിതത്തിന്റെ പുത്തൻരൂപങ്ങൾ വന്നുകൊണ്ടിരിക്കുന്നത് അവിടുന്ന് സത്യമായും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നവനാണെന്ന് വ്യക്തമാക്കുന്നു; പുതിയ പുതിയ വിശേഷങ്ങൾ. ഇത് രസകരമാണ്. അവിടുന്ന് വൈവിധ്യത്തിന്റെ സ്രോതസ്സാണ്,

പക്ഷേ, അതേസമയം ഐക്യത്തിന്റെ ഉറവിടവുമാണ്. ഇങ്ങനെയാണ് പരിശുദ്ധാത്മാവ് സവിശേഷവരങ്ങളുടെ ഈ വൈവിധ്യത്തിലും മറ്റനേകം കാര്യങ്ങളിലും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യം അവിടുന്ന് സൃഷ്ടിക്കുന്നത്. സമർപ്പിതജീവിതത്തിന്റെ ഐക്യവും-ഇതും ഒരു വെല്ലുവിളിയാണ്.

സമർപ്പിതജീവിതത്തിൽ ഉറപ്പായി നിലനിൽക്കണമെന്ന് പരിശുദ്ധാത്മാവ് തിരുമനസാകുന്ന കാര്യങ്ങൾ എന്താണെന്നും ഞാൻ അത്ഭുതപ്പെടാറുണ്ട്. എന്റെ ചിന്തകൾ പറന്നുയർന്നിട്ടുണ്ട്; അലഞ്ഞുതിരിഞ്ഞിട്ടുണ്ട്; കറങ്ങിത്തിരിഞ്ഞിട്ടുണ്ട്... സാൻ ജൊവാന്നി റൊത്താന്തോയിലേക്കു ഞാൻ പോയ ദിവസത്തെക്കുറിച്ചുള്ള ഓർമ്മ എന്റെ മനസ്സിലേക്ക് എപ്പോഴും മടങ്ങിവരുന്നുണ്ട്. എന്തുകൊണ്ടെന്നെനിക്കറിയില്ല, ജോലിചെയ്യുന്ന ധാരാളം സമർപ്പിത പുരുഷന്മാരെയും സ്ത്രീകളെയും അവിടെ ഞാൻ കണ്ടു. അവിടെവെച്ച് ഞാൻ പറഞ്ഞ മുന്നു 'പി' (P) കളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. അവയാണ് നിലനിൽക്കുന്ന തൂണുകൾ: സമർപ്പിതജീവിതത്തിൽ സ്ഥായിയായവ ഇവയാണ്: Prayer, Poverty, Patience (പ്രാർത്ഥന, ദാരിദ്ര്യം, ക്ഷമ). സമർപ്പിതജീവിതത്തിൽ പ്രാർത്ഥനയെന്താണെന്ന് ഞാൻ കരുതുന്നതിനെക്കുറിച്ചും, ദാരിദ്ര്യം, ക്ഷമ എന്നിവയെക്കുറിച്ചും നിങ്ങളോടു സംസാരിക്കാൻ ഞാനുദ്ദേശിക്കുന്നു.

പ്രാർത്ഥന (Prayer) എപ്പോഴും പ്രഥമ വിളിയിലേക്കുള്ള ഒരു തിരിച്ചുപോകലാണ്. ഏതു പ്രാർത്ഥനയും വിശേഷാൽ ആവശ്യസമയത്തുള്ള പ്രാർത്ഥന, അതെപ്പോഴും തന്നെ വിളിച്ച വ്യക്തിയിലേക്കുള്ള തിരിച്ചുവരവാണ്. സമർപ്പിതസഹോദരന്റെയോ സഹോദരിയുടെയോ പ്രാർത്ഥന തന്നോടൊപ്പമായിരിക്കാൻ തന്നെ ക്ഷണിച്ച കർത്താവിലേക്കുള്ള ഒരു തിരിച്ചുപോകലാണ്. എന്റെ കണ്ണിലേക്കുനോക്കിക്കൊണ്ട്, എന്നോട് 'വരിക, എല്ലാ ഉപേക്ഷിച്ച് വരിക' എന്നു പറഞ്ഞവനിലേക്കുള്ള തിരിച്ചുപോക്ക്. പക്ഷേ, ഞാൻ ഭാഗികമായി മാത്രം ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നു... (ഇതിനെക്കുറിച്ച് ദാരിദ്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിശദീകരിക്കാം) – ഇല്ല. വരിക എല്ലാ ഉപേക്ഷിക്കുക. എന്നിട്ട് വരിക. നമുക്കുള്ളതിന്റെ, അധികമോ കുറച്ചോ നാം ഉപേക്ഷിക്കുമ്പോഴുള്ള ആനന്ദം! താൻ എന്താണ് ഉപേക്ഷിച്ചിട്ടുള്ളതെന്ന് ഓരോ സമർപ്പിതനും സഹോദരിക്കും അറിയാം. അമ്മ, അപ്പൻ, കുടുംബം, ജോലി.... ചിലർ സമർപ്പിത ജീവിതത്തിനുള്ളിൽതന്നെ ഒരു തൊഴിൽ (*career*) തേടുന്നു. ഇത് നന്നല്ല. ആ സമയത്ത് അവിടുത്തെ പിഞ്ചെല്ലാൻ എന്നെ

വിളിച്ച കർത്താവിനെ കണ്ടെത്തിയാൽ! ഓരോ പ്രാർത്ഥനയും ഇതിലേക്കുള്ള തിരിച്ചുപോകലാണ്. പ്രാർത്ഥനയാണ്, ആ കർത്താവിനുവേണ്ടി ജോലി ചെയ്യാൻ എന്നെ പ്രാപ്തനാക്കുന്നത്. എന്റെ താല്പര്യങ്ങൾക്കുവേണ്ടിയോ, ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിനുവേണ്ടിയോ അല്ല; കർത്താവിനുവേണ്ടി. പലപ്പോഴും ഉപയോഗിക്കുന്ന ഒരു പദമുണ്ട്: അതു കൂടെക്കൂടെ ഉപയോഗിച്ചുപയോഗിച്ച് അതിന്റെ ശക്തി ക്ഷയിച്ചിട്ടുണ്ട്. പക്ഷേ, ഇക്കാര്യം അത് ശരിയായിട്ടു സൂചിപ്പിച്ചിട്ടുണ്ട്: radicalness (മൗലികത). അത് അത്യധികം ഉപയോഗിച്ചിരിക്കുന്നതിനാൽ, ആ വാക്ക് ഉപയോഗിക്കാൻ എനിക്ക് വൈമനസ്യമുണ്ട്: പക്ഷേ, കാര്യം ഇതാണ് ഞാൻ അങ്ങേയ്ക്കായി എല്ലാം ഉപേക്ഷിക്കുന്നു. ആദ്യ ചുവടുവെച്ചപ്പോൾ ഉണ്ടായിരുന്ന പുഞ്ചിരിയാണത്. അതിനുശേഷം, നമുക്കെല്ലാം അനുഭവപ്പെട്ടിട്ടുള്ള ധാരാളം പ്രശ്നങ്ങൾ: പക്ഷേ, കർത്താവുമായുള്ള ആ കണ്ടുമുട്ടലിലേക്കുള്ള തിരിച്ചുപോകലാണത്. സമർപ്പിതജീവിതത്തിൽ പ്രാർത്ഥന, ആ വിളി നമ്മിൽ നിശ്വസിക്കുന്ന പ്രാണവായുപോലെയാണ്. പ്രാർത്ഥന ആ വിളിയെ നവീകരിക്കുന്നു. ഈ പ്രാണവായുവില്ലാതെ നമുക്ക് നല്ല സമർപ്പിതസഹോദരനോ സഹോദരിയോ ആയിരിക്കാൻ സാധ്യമല്ല. ഒരു പക്ഷേ, നമ്മൾ നല്ലയാളുകളോ, ക്രിസ്ത്യാനികളോ, തിരുസഭയിലെ അനേകം പ്രവർത്തനങ്ങളിൽ പങ്കാളികളായ കത്തോലിക്കരോ ആയിരിക്കാം. പക്ഷേ, നിങ്ങൾ പ്രാർത്ഥനയിലൂടെ, കർത്താവുമായുള്ള ഒരു സമാഗമത്തിലൂടെ, നിങ്ങളുടെ സമർപ്പണത്തെ നിരന്തരം നവീകരിച്ചുകൊണ്ടിരിക്കണം–"പക്ഷേ, ഞാൻ തിരക്കിലാണ്; എനിക്കു ജോലിത്തിരക്കുണ്ട്; എനിക്കു ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്." പാടില്ല ഇത് കൂടുതൽ പ്രാധാന്യമുള്ളതാണ്; പോയി പ്രാർത്ഥിക്കുക. പിന്നെ, ദിവസം മുഴുവനും തന്നെ നമ്മെ കർത്താവിന്റെ തിരുസന്നിധിയിൽ നിലനിർത്തുന്ന ആ പ്രാർത്ഥനയും ഉണ്ട്. എങ്ങനെയായാലും പ്രാർത്ഥന വേണം – "പക്ഷേ, എനിക്ക് എന്റെ ദിവസം മുഴുവനും എന്നെ കർമ്മനിരതനാക്കുന്ന ആ നിർണ്ണായകജോലിയുണ്ട്"– നമ്മുടെ കാലത്തെ സമർപ്പിതയായ ഒരു സ്ത്രീരത്നത്തെക്കുറിച്ച് ചിന്തിക്കാം: മദർ തെരേസ. മദർ തെരേസ പ്രശ്നങ്ങളെ തേടിപ്പോയിട്ടുണ്ട്. എന്തെന്നാൽ, അവർ പ്രശ്നങ്ങൾ തേടുന്ന ഒരു യന്ത്രം (machine) പോലെയായിരുന്നു. അവർ ഇവിടെയും അവിടെയുമൊക്കെപ്പോയിക്കൊണ്ടിരുന്നു. പക്ഷേ, ദിവ്യകാരുണ്യത്തിന്റെ മുൻപിൽ ചെലവഴിച്ചിരുന്ന ആ രണ്ടു മണിക്കൂറുകൾ: ആർക്കും ആ മണിക്കൂറുകളെ അവരിൽ നിന്നും എടുത്തുമാറ്റാനാകില്ലായിരുന്നു. ഹാ, മദർ തെരേസാ എന്ന മഹതി! അവൾ ചെയ്തതുപോലെ ചെയ്യൂ; അതുപോലെതന്നെ ചെയ്യൂ;

നിന്നെ വിളിച്ചവനായ കർത്താവിനെ തേടൂ. പ്രാർത്ഥന. രാവിലെ മാത്ര മല്ല... ഓരോരുത്തരും ഇതെങ്ങനെ സാധിക്കാമെന്ന് കണ്ടുപിടിക്കണം; എവിടെ നടത്താമെന്നും, എപ്പോൾ നടത്താമെന്നും. എപ്പോഴും അങ്ങ നെതന്നെ ചെയ്യുക. പ്രാർത്ഥിക്കൂ. കർത്താവിനോട് സംഭാഷണത്തി ലേർപ്പെടാതെ ഒരാൾക്ക് സമർപ്പിതജീവിതം ജീവിക്കാനോ, എന്താണ് സംഭവിക്കുന്നതെന്ന് വിവേചിച്ചറിയാനോ സാധ്യമല്ല.

ഇതിനെക്കുറിച്ച് കൂടുതലായി ഒന്നും പറയാൻ ഞാനാഗ്രഹിക്കു ന്നില്ല. നിങ്ങൾക്ക് മനസിലാകുന്നുണ്ടെന്ന് ഞാൻ കരുതുന്നു. പ്രാർത്ഥന, മാനവകുലത്തിന്റെ വേദനകൾ നിറഞ്ഞ ഈ കാലത്ത് പ്രാർത്ഥിക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും തിരുസഭയ്ക്കു വേണം.

രണ്ടാമത്തെ 'പി' (P) ദാരിദ്ര്യത്തെ (Poverty) യാണ് സൂചിപ്പി ക്കുന്നത്. വിശുദ്ധ ഇഗ്നേഷ്യസ്, തന്റെ നിയമാവലിയിൽ ഈശോസഭ ക്കാരായ ഞങ്ങളെ ഉദ്ദേശിച്ചെഴുതുകയുണ്ടായി: പക്ഷേ, ഇത് അദ്ദേഹ ത്തിന്റെ തന്നെ സ്വന്തമായ, സ്വതസിദ്ധമായ, ഒരാശയമല്ല. മരുഭൂമിയിലെ പിതാക്കന്മാരിൽ നിന്നും ഒരുപക്ഷേ, അദ്ദേഹം ഇതെടുത്തിരിക്കാമെന്ന് ഞാൻ വിശ്വസിക്കുന്നു. "ദാരിദ്ര്യം അമ്മയാണ്; സമർപ്പിതജീവിതത്തിന്റെ താങ്ങുചുമരാണ്." അത് അമ്മയാണ്. രസകരമായിരിക്കുന്നു. മാതൃത്വ വുമായും പിതൃത്വവുമായും അടുത്ത ബന്ധമുള്ള ബ്രഹ്മചര്യത്തെക്കു റിച്ചല്ല അദ്ദേഹം ഇങ്ങനെ പരാമർശിച്ചത്. അല്ല. ദാരിദ്ര്യം അമ്മയാണ്. ദാരിദ്ര്യമില്ലാതെ സമർപ്പിതജീവിതത്തിന് ഫലസിദ്ധിയില്ല. അതൊരു മതിലാണ്. അത് നിങ്ങളെ സംരക്ഷിക്കുന്നു. തീർച്ചയായും അതു നിങ്ങളെ ലൗകായതികത്വത്തിൽ നിന്നും സംരക്ഷിക്കുന്നു. കീശയിലൂ ടെയാണ് പിശാച് നമ്മിലേക്ക് പ്രവേശിക്കുന്നതെന്ന് നമുക്കറിയാം. നമു ക്കെല്ലാം ഇതറിയാം. ദാരിദ്ര്യത്തിനെതിരായ ചെറിയ പ്രലോഭനങ്ങൾ, സമർപ്പിത ജീവിതമാകുന്ന ശരീരത്തിലെ അംഗങ്ങളിൽ മുറിവുകളുണ്ടാ ക്കുന്നു. നിയമങ്ങൾ അനുസരിച്ചും, ന്യായപ്രമാണങ്ങളനുസരിച്ചുമുള്ള ദാരിദ്ര്യം: ഒരു സന്യാസസമൂഹത്തിന്റെ ദാരിദ്ര്യം മറ്റൊരു സന്യാസ സമൂഹത്തിന്റേതുപോലെയല്ല. നിയമം ചൂണ്ടിക്കാട്ടുന്നു: "നമ്മുടെ ദാരിദ്ര്യം ഈ വഴിയിലാണ്. നമ്മുടെ ദാരിദ്ര്യം ആ വഴിയിലാണ്" പക്ഷേ ദാരിദ്ര്യാരൂപി എപ്പോഴും അവിടെയുണ്ട്. ഇത് കൈമാറ്റവിധേയമല്ല (തർക്കവിഷയമല്ല). ലോകത്ത് സംഭവിക്കുന്നതെന്തെന്ന് ശരിയായ വിധം വ്യക്തമായി വിവേചിച്ചറിയാൻ ദാരിദ്ര്യം കൂടാതെ, ഒരിക്കലും സാധ്യ മല്ല: ദാരിദ്ര്യാരൂപിയില്ലാതെ. "എല്ലാം ഉപേക്ഷിക്കുക, അത് ദരിദ്രർക്കു കൊടുക്കുക" എന്ന് യുവാവിനോട് കർത്താവ് പറഞ്ഞു. നാമോരോരു

ത്തരുമാണ് ആ യുവാവ് – "പക്ഷേ, പിതാവേ, എന്നെക്കൊണ്ടാവില്ല. എനിക്ക് അധികമൊന്നുമില്ല." പക്ഷേ, നിനക്ക് ചിലതെല്ലാം ഉണ്ട്. ചില ആസക്തികളുണ്ട് (താല്പര്യങ്ങൾ, ബന്ധങ്ങൾ). കർത്താവ് അതാണാവശ്യപ്പെടുന്നത്. അതാണ് നീ ബലിയർപ്പിക്കേണ്ട "ഇസഹാക്ക്." അരൂപിയിൽ നഗ്നനായി, ദരിദ്രനായിത്തീർന്നുകൊണ്ട് ആവരണം ഇത്. ആ ദാരിദ്ര്യാരൂപിയിൽ കർത്താവ് നമ്മെ സംരക്ഷിക്കുന്നു; സമർപ്പിതജീവിതത്തെ നശിപ്പിക്കാൻ തുനിഞ്ഞിരിക്കുന്ന വളരെയധികം കാര്യങ്ങളിൽ നിന്നും അവിടുന്ന് നമ്മെ സംരക്ഷിക്കുന്നു.

സന്യാസസമർപ്പണത്തിൽ നിന്നും സന്യാസലൗകായതികത്വത്തിലേക്ക് കടക്കാൻ മൂന്ന് പടികളുണ്ട്: അതേ സന്യസ്തർപോലും; 'സന്യാസ ലൗകായതികത്വം' എന്നൊന്നുണ്ട്. ധാരാളം സമർപ്പിതപുരുഷന്മാരും സഹോദരിമാരും ലൗകായതികരാണ്. മൂന്നു പടികൾ–ഒന്ന്: പണം, അതായത് ദാരിദ്ര്യത്തിന്റെ അഭാവം. രണ്ട്: മായാമോഹം; അത്, ഒരു ആൺമയിലിനെപ്പോലെ വലിയ പൊങ്ങച്ചം കാണിക്കുന്നതുമുതൽ മായാമോഹത്തിന്റെ നിസ്സാരകാര്യങ്ങൾവരെയാകാം. മൂന്നാമത്: അഹന്തയും അതിൽ നിന്നുമുള്ള എല്ലാ തിന്മകളും. പക്ഷേ, ആദ്യത്തെപടി ധനത്തോടുള്ള താല്പര്യമാണ്; ആസക്തിയാണ്; അമിതതാല്പ്യമാണ്. ഇതിനോടുള്ള ശ്രദ്ധ മറ്റുള്ളവ നമ്മിലേക്ക് വരുന്നത് തടയുന്നു. ഞാൻ അർത്ഥമാക്കുന്നത് (ഉദ്ദേശിക്കുന്നത്) ധനമാണ്; വെറും പണമല്ല, ധനത്തോട്. ദാരിദ്ര്യാരൂപിയാണ്, സംഭവിക്കുന്നതെന്തെന്ന് വിവേചിച്ചറിയാൻ നമ്മെ പ്രാപ്തരാക്കുന്നത്. ഒരു ഗൃഹപാഠം ഞാൻ തരാം. ആ ഗൃഹപാഠ നിർദ്ദേശം ഇതാണ്: എന്റെ ദാരിദ്ര്യം എങ്ങനെയാണ്. മേശവിരിപ്പിനുള്ളിലേക്ക് നോക്ക്; നിന്റെ ആത്മാവിന്റെ ഉള്ളിലേക്ക്; നിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിലേക്ക്; നിന്റെ സന്യാസസമൂഹത്തിലേക്ക്... ദാരിദ്ര്യം എങ്ങനെയിരിക്കുന്നു എന്നു നോക്കുക. ഇതാണ് ഒന്നാമത്തെ പടി. ഇതിനെക്കുറിച്ച് ശ്രദ്ധയുള്ളവരാണെങ്കിൽ, മറ്റുള്ളവ അപ്രസക്തമാകും, മറ്റുള്ളവ വരികയില്ല. ഇതാണ് മറ്റുള്ളവയിൽ നിന്നും നമ്മെ സംരക്ഷിക്കുന്ന മതിൽ; നമ്മെ കൂടുതൽ ധർമ്മിഷ്ഠരും നമ്മുടെ സമ്പത്തെല്ലാം കർത്താവിന് സമർപ്പിക്കാൻ സഹായിക്കുന്നതുമായ അമ്മ അതാണ്. എല്ലാ സമർപ്പണത്തിനും ഒട്ടേറെ നാശം വരുത്തുന്ന ലൗകായതിക നടപടികളിൽ നിന്നും നമ്മെ സംരക്ഷിക്കുന്ന മതിലാണ് അത്: ദാരിദ്ര്യം.

*(തുടരും)*

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 11, ലക്കം 12*

# രൂപതാകച്ചേരി വാർത്തകൾ

**അനുസ്മരണം**

ബഹു. അബ്രാഹം മൂക്കനോലി അച്ചന്റെ ചരമവാർഷികം ജൂലൈ 16 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**സീറോമലബാർ സഭാദിനം – ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മതിരുനാളും സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം – ജൂലൈ 8**

കേരളസഭ ജൂലൈ 8–ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. മാത്യു പടിഞ്ഞാറയിൽ അച്ചനെയും ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റു ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിക്കുകയും യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഈ സാമ്പത്തികവർഷം മുതൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കണക്കുകൾ ഓൺലൈനായി ചെയ്യുകയാണല്ലോ. ഇതിനോടകം കുറെ ഇടവകകൾ അതു പ്രാവർത്തികമാക്കി എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഇനിയും പുതിയ സംവിധാനത്തിൽ കണക്കുകൾ ചെയ്യാത്ത ഇടവകകൾ ഉടനെതന്നെ അതിനുള്ള നടപടികൾ എടുക്കുമല്ലോ. പുതിയ Software ൽ കണക്കുകൾ ചെയ്തവർ എത്രയും പെട്ടെന്ന് അതിന്റെ തുക ബിഷപ്സ് ഹൗസിൽ എത്തിക്കുമല്ലോ.

**എക്സലൻഷ്യ 2018**

മാനന്തവാടി രൂപത എക്സലൻഷ്യ 2018 എന്ന പേരിൽ SSLC, +2 വിഭാഗങ്ങളിൽ എല്ലാ വിഷയത്തിനും A+ ലഭിച്ച കുട്ടികളെ അനുമോദിച്ചു. രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. പോൾ വാഴപ്പള്ളിൽ അധ്യക്ഷനായിരുന്നു. മണ്ഡ്യ രൂപതയിലെ ഹാസ്സൻ ഇടവക വികാരി ഫാ. ഗർവ്വാസീസ് മറ്റം പുരസ്കാരങ്ങൾ വിതരണം ചെയ്തു. പ്രശസ്ത കരിയർ ഗൈഡൻസ് ട്രെയ്നർ ശ്രീ. ജെയ്സൺ മാത്യു മോട്ടിവേഷൻ കരിയർ ഗൈഡൻസ് ക്ലാസ് നയിച്ചു. ഫാ. ജോസ് കൊച്ചറയ്ക്കൽ, ഫാ. തോമസ് കാട്ടുതുരുത്തിയിൽ, ഫാ. ഷിജു ഐക്കരക്കാനായിൽ, ഫാ. ലാൽ പൈനുങ്കൽ, ശ്രീ. സജി നരിവേലിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മുൻ മതബോധന ഡയറക്ടർ ഫാ. റോയി വട്ടക്കാട്ട്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 250 കുട്ടികളും അവരുടെ രക്ഷിതാക്കളും ചടങ്ങുകളിൽ പങ്കെടുത്തു. വളരെ മനോഹരമായി പരിപാടികൾ ക്രമീകരിച്ച രൂപതാ മതബോധന വിഭാഗത്തിന് നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**New Appointment**

Rev. Fr. John Pulinthanath - Diocesan Director, Jesus Fraternity
(w.e.f. 15-06-2018)

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷിധ്യാനം സെപ്റ്റംബർ 16-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 21-ാം തീയതി വെള്ളിയാഴ്ച വരെയും സെപ്റ്റംബർ 23-ാം തീയതി ഞായറാഴാച വൈകുന്നേരം

മുതൽ 28-ാം തീയതി വെള്ളിയാഴ്ച വരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവാണ് ധ്യാനം നയിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2018 SEPTEMBER 16 SUNDAY to 21 FRIDAY

| SN | Rev. Frs. Housename & Name | SN | Rev. Frs. Housename & Name |
|---|---|---|---|
| 1. | Aikkarathazhath Joseph | 23. | Kazhuthadiyil Mathew |
| 2. | Athickal Mathew | 24. | Keezheth Sebastian |
| 3. | Chakkittukudiyil Jose | 25. | Kizhakkanputhupally John |
| 4. | Changanamthundathil George | 26. | Kizhakkumpuram George |
| 5. | Chembakkara James | 27. | Kochuparackal Kurian |
| 6. | Cheruthottil Paul | 28. | Koipuram Sebastian |
| 7. | Chettaniyil Thomas | 29. | Kokkandathil Jilson |
| 8. | Chettiyassery Joseph (Jaise) | 30. | Korandiyarkunnel Paul |
| 9. | Chirayilparambil Thomas | 31. | Korattiparambil Vincent |
| 10. | Chittarackal Varghese (Sanoj) | 32. | Kottackal Stephen |
| 11. | Elamkunnapuzha Joseph (Sijo) | 33. | Kottaram Jose |
| 12. | Elavanappara Sebastian | 34. | Kottayil Joseph |
| 13. | Elemkunnel Sebastian | 35. | Koyikattil Thomas |
| 14. | Iykkarakanayil Thomas | 36. | Kulathinal James |
| 15. | Kachirayil Thomas | 37. | Kulirany Jose |
| 16. | Kalappura Vincent | 38. | Kunnath Kuriakose |
| 17. | Kalapura Jose | 39. | Kunnathett James |
| 18. | Kalarickal Paul | 40. | Kuthukallunkal Francis |
| 19. | Kallupura Johny | 41. | Kuttikattukunnel Thomas |
| 20. | Kappiarumalayil Jose | 42. | Madapallikunnel Mathew |
| 21. | Kassamkuttiyil Sebastian | 43. | Madathil Abraham |
| 22. | Kattuthuruthiyil Thomas | 44. | Manakkunnel Thomas |

45. Manikuttiyil Kurian
46. Mannoor Thomas
47. Maplassery Lukose
48. Mavara Stanislaus
49. Mecheril Joseph
50. Meppurath Chacko
51. Moonnanal Justin
52. Mulakodiyankal Varghese
53. Mundackamattam Jose
54. Muthanikkattu Justin
55. Muthirakalayil Joseph
56. Muthukattil Shantidas
57. Nechikatt Joseph
58. Nedumkallel Joseph
59. Nellikunel Francis
60. Nilackappillil Augustine
51. Ousepparampil Joseph
62. Padinjarayil George
63. Padinjarayil Mathew
64. Palath Joseph
65. Palathadathil George
66. Pallichankudiyil Mathai
67. Parambil Kuriakose
68. Peedikappara James
69. Perumattikunnel John
70. Perumattikunnel Thomas
71. Peechattu Joseph
72. Pinakkatt Joseph
73. Plassanal Thomas
74. Poothakkuzhy Jacob
75. Poovathinkal Peter
76. Pudussery Vincent
77. Pulinthanam John
78. Pulpayil Joseph
79. Punchayil Lucka
80. Punnakkapadavil Sebastian
81. Puthanapra Kurian
82. Puthenparambil James
83. Puthenpurayil Joseph
84. Puthukulangara Thomas
85. Puthukulathil John
86. Thadathil luke
87. Thamarasseril Vincent
88. Thekkepera Mathew
89. Thekkilakkattil Mathew
90. Thuruthel Kuriakose
91. Thayil Jose
92. Thykunnumpuram Thomas
93. Vadayaparambil Jose
94. Valachannath Cyriac
95. Vazhakatt Joseph
96. Vazhakkala Chackochan
97. Vazhappilly Paul
98. Vazhayil Kurian
99. Venakuzhy Mathai
100. Vazhakkalayil Jose

## II[nd] BATCH - 2018 SEPTEMBER 23 SUNDAY to 28 FRIDAY

**SN Rev.Frs. Housename & Name**

1. Alumkal Joseph
2. Arackaparmbil Emmanuel
3. Chakkittakudiyil James
4. Cakkulathil Joseph (Tibin)
5. Chelackapallil Thomas
6. Chempalayil Augustine
7. Choorapuzhayil John
8. Chozhenparambil John
9. Edayakondattu Paul
10. Elavunkal Johny

11. Elayidathu Mani
12. Kakkattikalayil Sebastian
13. Kakkonal Manoj
14. Kalambukattu Joseph (Jaimon)
15. Kalappura Alex
16. Karukapally Joseph
17. Kalliyatt Devasia
18. Elemkunnel Joseph (Tony)
19. Kattath Thomas [Anish]
20. Kappiarumalayil John
21. Karuthedath Mathew (Rajeesh)
22. Kattamkottil Thomas (Aneesh)
23. Kattamkottil Joseph (Saji)
24. Kattarath Mathew
25. Karuthedath Mathew(Manoj)
26. Kavalakkadan Varghese
27. Kizhakkanputhupally Varghese
28. Kocharackal Jose
29. Kochuparackal Mathew
30. Kollarthottam Mathew
31. Kollamkunnel Varghese
32. Koottala Paul
33. Kumbukal James
34. Kunnath Johny
35. Kuttimakkal James
36. Kuzhikandathil Joseph
37. Madapallikunnel Antony (Sibi)
38. Madathil Sebastian
39. Malayil Mathew
40. Mampallil Anto
41. Mampallil George
42. Mankottil James
43. Manjakunnel Mathew
44. Moloparambil Jose
45. Moolayil Thomas (Jimmy)
46. Moothedath Mathew
47. Moothedath Thomas
48. Mukkattukavunkal Thomas
49. Mulavelikunnel Jacob (Shaju)
50. Mundackal Jose
51. Mundolickal Paul
52. Munjanattu Mathew
53. Muthirakalayil George
54. Muthukathaniyil Varghese
55. Myladoor George
56. Nanthikatt Joseph
57. Nellickal Abraham
58. Olickal Thomas (Jimmy)
59. Ottaplackal Thomas
60. Oravaranthara Vincent
61. Paikkatt Mathew
62. Palakkattu Antony
63. Painumkal George (Lal)
64. Pakkanikuzhy Sebastian
65. Palakatt Augustine
66. Parackal Varghese
67. Parayil Sebastian
68. Parunthanolil Thomas
69. Paruvummel Joseph
70. Periappuram Mathew
71. Perumattikunnel Mathew
72. Ponparackal John
73. Ponthottiyil Thomas
74. Pudussery Martin
75. Pulinthanam Jose
76. Pullamkunel Joy
77. Punakkatt Chandy
78. Puthen Sebastian
79. Puthenpura John
80. Puthenpura Augustine

| | |
|---|---|
| 81. Thanniyil Augustine | 91. Vadakkemulanjanal Michael |
| 82. Thattuparambil Varghese | 92. Vadassery Thomas |
| 83. Thekkanady Jose | 93. Vadayaparambil Sony |
| 84. Therakam Thomas Joseph | 94. Valakodiyil Dominic |
| 85. Thondiparambil Joseph | 95. Valloppilly Joseph |
| 86. Thondiparambil Sebastian | 96. Vathelil Abraham |
| 87. Thuruthel Joseph | 97. Vattukulathil Mathew |
| 88. Thuruthel Thomas | 98. Vattukunnel Issac |
| 89. Unnippally Sebastian | 99. Vazhachalil Thomas |
| 90. Urumbil Joseph | 100. Vettickal John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Paul Vazhappilly, the Director of Pastoral Centre. His Mobile No. 9483045305

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ ജൂൺ മാസത്തിലെ മാസധ്യാനം യവനാർകുളം ഇടവകയിൽ വച്ച് ജൂൺ 5-ാം തീയതി നടന്നു. റവ.ഫാ.ജെറി OSB ധ്യാനചിന്തകൾ പങ്കുവച്ചു. വി. ലൂക്കാ 7:36-50 എന്ന തിരുവചനത്തെ ആസ്പദമാക്കിയാണ് അച്ചൻ തന്റെ ധ്യാനചിന്തകൾ പങ്കുവെച്ചത്. ഫൊറോനയിലേക്ക് പുതിയതായി സ്ഥലംമാറി വന്ന വൈദികരെ സ്വാഗതം ചെയ്യുകയും, മേഖലയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സംഘടനകൾക്ക് പുതിയ ഡയറക്ടേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. ജോഫ്രി പോൾ കളരിക്കൽ -** സെക്രട്ടറി

**നീലഗിരി റീജിയൺ**

കയ്യൂന്നി ഫാത്തിമ മാതാ ദേവാലയത്തിൽ ജൂൺ 5-ന് ചേർന്ന മാസധ്യാനത്തിൽ കയ്യൂന്നി വികാരിയും നീലഗിരി റീജിയണൽ ഡയറക്ടറുമായ റവ. ഫാ. തോമസ് മണക്കുന്നേൽ എല്ലാവരേയും പ്രത്യേകിച്ച്, പുതുതായി വന്ന അച്ചന്മാരെയും ഹൃദ്യമായി സ്വാഗതം ചെയ്തുകൊണ്ട് മാസധ്യാനത്തിന് തുടക്കമായി. 12 വൈദികർ പങ്കെടുത്ത മാസധ്യാനത്തിൽ റവ. ഫാ. ജോസ് കുളങ്ങര ധ്യാനചിന്തകൾ പങ്കുവെച്ചു. റവ. ഫാ. മാർട്ടിൻ പുതുശ്ശേരി ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ചേർന്ന മീറ്റിംഗിൽ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ 50-ാം ജന്മദിനം ആഘോഷിച്ച ബാബു അച്ചന് ആശംസകളും, ആറാട്ടുപാറയിൽ മനോഹരമായ ദേവാലയത്തിന്റെ പണി പൂർത്തീകരിച്ച ബിനോയി അച്ചന് അഭിനന്ദനങ്ങളും നേർന്നു. കൂടാതെ, വേദപാഠത്തെക്കുറിച്ചും കുടുംബ കൂട്ടായ്മയെക്കുറിച്ചും സംസാരിച്ചു. നീലഗിരി റീജിയണിലെ വിവിധ ഡയക്ടർമാരായി റവ. ഫാ. സജി ഇളയിടത്തിൽ (സി.എം.എൽ), റവ. ഫാ. സജി പുതുക്കുളങ്ങര (മാതൃവേദി), റവ.ഫാ. ജെയിംസ് മാങ്കോട്ടിൽ (കരിസ്മാറ്റിക്), റവ. ഫാ. ബാബു മാപ്ലശേരി (പ്രസ്ബിറ്ററൽ കൗൺസിൽ മെമ്പർ), റവ. ഫാ. ജിബിൻ വട്ടുകുളത്തിൽ (സെക്രട്ടറി) തിരഞ്ഞെടുത്തു. റവ. ഫാ. ബിനോയി NDS ന്റെ പ്രവർത്തനങ്ങളും ആനുകൂല്യങ്ങളും പങ്കുവച്ചു. അടുത്ത മാസധ്യാനം ധർമ്മഗിരി പള്ളിയിൽ ജൂലൈ 02 ന് ചേരുവാൻ തീരുമാനിച്ചു.

**ഫാ. ജിബിൻ വട്ടുകുളത്തിൽ-** സെക്രട്ടറി

**ചുങ്കക്കുന്ന് ഫൊറോന**

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ ജൂൺ മാസത്തിലെ മാസധ്യാനം വെള്ളൂന്നി ഇടവകയിൽ വച്ച് ജൂൺ 5-ാം തീയതി നടന്നു. റവ. ഫാ. ജോണി കപ്യാരുമലയിൽ ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്നു നടന്ന മീറ്റിംഗിൽ ഫൊറോനയിലേയ്ക്ക് പുതുതായി വന്ന വൈദികർക്ക് ഫൊറോന വികാരി ബഹു. വിൻസെന്റ് കളപ്പുരയിൽ അച്ചൻ സ്വാഗതം ആശംസിച്ചു. ചർച്ചകളിൽ കുടുംബക്കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും രൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ബഹു. പോൾ വാഴപ്പിള്ളി അച്ചൻ സന്നിഹിതനാവുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്ഥലം മാറി പോയ വൈദികർ വഹിച്ചിരുന്ന വിവിധ സംഘടന ഡയറക്ടർ സ്ഥാനങ്ങളിലേക്ക് പുതിയവരെ തെരഞ്ഞെടുത്തു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചൻ എല്ലാവർക്കും നന്ദിപറഞ്ഞുകൊണ്ട്, അടുത്ത മാസധ്യാനത്തിന് കേളകം ഇടവകയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് ഒറവാറന്തറ**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2018 മാർച്ച് 26-ന് തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നല്കി.

ചക്കാലയ്ക്കൽ ജോസഫ്, കണിപ്പള്ളിൽ വർഗ്ഗീസ്, ചവറനാൽ തോമസ്, തേൻപള്ളിൽ സെബാസ്റ്റ്യൻ എന്നിവർ മ്ശംശാന പട്ടവും, ജോസഫ് കുന്നത്ത്, ഫ്രാൻസിസ് പേഴക്കാട്ടിൽ, ജോർജ്ജ് തലച്ചിറ, ജെയിംസ് ആലക്കതടത്തിൽ, അബ്രാഹം തെക്കേതിൽ, അബ്രാഹം കളപ്പുരയ്ക്കൽ, സെബാസ്റ്റ്യൻ മുളകുടിയാങ്കൽ, ജോസഫ് എടച്ചിലാത്ത് എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, വർഗ്ഗീസ് അരുമായിൽ, ജോൺ ഉപ്പുവീട്ടിൽ, സെബാസ്റ്റ്യൻ പാറയിൽ, ജോസഫ് പൊയ്കയിൽ എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

## Major Seminarian's Gathering

2018 ഏപ്രിൽ 26 ന് വൈകുന്നേരം 4 മണി മുതൽ 28-ന് വൈകുന്നേരം 4 മണി വരെ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം മൈനർ സെമിനാരിയിലും വിയാനിഭവനിലും വച്ച് നടന്നു. 27 ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ക്ലാസുകൾ നയിച്ചു. ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 4 വരെ ശ്രീ. ജോസ് വട്ടകുന്നേൽ, ശ്രീമതി മോളി ജോസ് വട്ടക്കുന്നേൽ എന്നിവർ ചേർന്ന് 'വൈദികരിൽ നിന്ന് അല്മായർ എന്തു പ്രതീക്ഷിക്കുന്നു' എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. വൈകിട്ട് 6.30 മുതൽ 8 വരെ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ഫാ. അബ്രാഹം നെല്ലിക്കൽ ക്ലാസുകൾ നയിച്ചു. 28 ന് രാവിലെ 9 മണിക്ക് വിയാനിഭവൻ സന്ദർശിക്കുകയും വിയാനിഭവനും പരിസരവും വൃത്തിയാക്കുകയും ചെയ്തു. വൈകുന്നേരം 4 മണിയോടെ ക്യാമ്പ് അവസാനിച്ചു. ചാൻസലർ വെരി.റവ ഫാ. സജി നെടുങ്കല്ലേൽ, റെക്ടർ റവ.ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ എന്നിവരും ക്ലാസ്സുകളെടുത്തു. സെമിനാരിയിൽ നിന്നും, ബിഷപ്സ് ഹൗസിൽ നിന്നും ഉള്ള വൈദികർ,

ലീഡർ ഡീക്കൻ നിഖിൽ ചവറനാൽ എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി. 2018-2019 വർഷത്തെ ലീഡറായി ബ്രദർ ജിതിൻ എടച്ചിലാത്തിനെ തെരഞ്ഞെടുത്തു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 7-ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് ബിരുദാനന്തര ബിരുദപഠനം പൂർത്തിയാക്കിയ കാരാമയിൽ ഐസക്, കുമ്പളക്കുഴി മാത്യു, നാക്കുഴിക്കാട്ട് മാത്യു, പുലിക്കുന്നേൽ ദേവസ്യ, തേക്കിലക്കാട്ടിൽ ജോസഫ്, തൊണ്ടിപ്പറമ്പിൽ പീറ്റർ, വളയത്തിൽ ജോസഫ് എന്നീ ബ്രദേഴ്സിന് അഭിവന്ദ്യപിതാവ് വൈദിക വസ്ത്രം ആശീർവദിച്ചു നല്കി. വൈദികവസ്ത്രം സ്വീകരിച്ച ഇവർക്ക് അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം ആരംഭിച്ചിരിക്കുന്നവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാസ്ത്രം**

ചെറിയാൻ ചേറാടിയിൽ, ഒള്ളാട്ടുപുറത്ത് വർഗ്ഗീസ് - കോട്ടയം
വളയത്തിൽ കുര്യാക്കോസ്, വയലുങ്കൽ സൈമൺ - ആലുവ
വടക്കൂടൻ ജോൺ, വട്ടക്കുന്നേൽ സെൻ ജെയിംസ് - തൃശൂർ
ചിറയിൽപറമ്പിൽ ജോസഫ്, വെള്ളാപ്പള്ളി ജോസഫ് - കുന്നോത്ത്
കോട്ടയ്ക്ക്പുറത്ത് തോമസ് - പൂന
കൈപ്പകശ്ശേരിൽ മാത്യു, പുളിക്കൽ ജോൺ - കൽക്കട്ട
ചീരംകുന്നേൽ ആന്റണി, അരുമായിൽ മാത്യു -ഏലൂർ

**ദൈവശാസ്ത്രം**

കുമ്പളക്കുഴി മാത്യു - കുന്നോത്ത്
പുലിക്കുന്നേൽ ദേവസ്യ - ആലുവ
കാരാമയിൽ ഐസക് - തൃശൂർ
നാക്കുഴിക്കാട്ട് മാത്യു - കോട്ടയം
തൊണ്ടിപ്പറമ്പിൽ പീറ്റർ - പൂന
വളയത്തിൽ ജോസഫ് , തേക്കിലക്കാട്ടിൽ ജോസഫ് -ഷില്ലോങ്

**നന്ദി**

കഴിഞ്ഞ രണ്ട് വർഷം നമ്മുടെ രൂപതയുടെ മൈനർ സെമിനാരി വൈസ് റെക്ടറും ഡിഗ്രി പഠിക്കുന്ന ബ്രദേഴ്സിന്റെ ഇൻ ചാർജ്ജുമായി സേവനം ചെയ്ത് വള്ളിക്കെട്ട് വികാരിയായി നിയമിതനായിരിക്കുന്ന ബഹു. സിബി മാടപ്പള്ളിക്കുന്നേലച്ചന് സെമിനാരി കുടുംബത്തിന്റെ

മുഴുവനും നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ സ്ഥലത്ത് എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുകയും ചെയ്യുന്നു.

**സ്വാഗതം**

സെമിനാരിയുടെ വൈസ് റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോജോ ചങ്ങനാംതുണ്ടത്തിലച്ചനും, പ്രൊക്ക്യുറേറ്ററും വൊക്കേഷൻ ബ്യൂറോ ഡയറക്ടറുമായി നിയമിതനായിരിക്കുന്ന ബഹു. ബിജു തുരുത്തേലച്ചനും സ്നഹപൂർവകമായ സ്വാഗതം ആശംസിക്കുകയും, എല്ലാ ഭാവുകങ്ങളും നന്മകളും നേരുകയും ചെയ്യുന്നു.

**മൗണ്ട് മേരിയിലെ നവാഗതർക്ക് സ്വാഗതം**

| | **പേരും, വീട്ടുപേരും** | **ഇടവക** | **രൂപത** |
|---|---|---|---|
| 1. | അടിച്ചിലമാക്കൽ ജോസഫ് (ജോബിൻസ്) | രാജമുടി | (തലശ്ശേരി) മിസ്സിസാഗോ |
| 2. | അഗളയിൽ ചാക്കോ (ആൽഫിൻ) | തൃശ്ശിലേരി | മാനന്തവാടി |
| 3. | അമ്പാട്ട് മാത്യു (എഡ്വിൻ) | കൊട്ടിയൂർ | മാനന്തവാടി |
| 4. | അരീപ്ലാക്കൽ മത്തായി (കിരൺ) | കണിയാരം | മാനന്തവാടി |
| 5. | ചൊള്ളംപുഴ ജോസഫ് (അലൻ) | ചെന്നലോട് | മാനന്തവാടി |
| 6. | കാഞ്ഞിരത്താംകുഴി മാനുവൽ | ചുങ്കക്കുന്ന് | മാനന്തവാടി |
| 7. | കിഴക്കേത്തലയ്ക്കൽ മാത്യു | ചുങ്കക്കുന്ന് | മാനന്തവാടി |
| 8. | കൊച്ചുകുന്നേൽ തോമസ് (ഫെമിൻ) | മുള്ളൻകൊല്ലി | മാനന്തവാടി |
| 9. | പാറക്കാലായിൽ കുര്യാക്കോസ് (പവിൻ) | ചുണ്ടക്കര | മാനന്തവാടി |
| 10. | പയ്യാംതടം ചാക്കോ (ജോസ്ഫിൻ) | കുറ്റിയാംവയൽ | മാനന്തവാടി |
| 11. | പ്ലാത്തോട്ടത്തിൽ കുര്യാക്കോസ് (അബിൻ) | ഈരൂട് | (താമരശ്ശേരി) മിസ്സിസാഗോ |
| 12. | പോടൂർ തോമസ് (ജെബിൻ) | പേരിയ | മാനന്തവാടി |
| 13. | പുത്തൻകുടി ചെറിയാൻ (അനൂപ് ) | ദീപ്തിഗിരി | മാനന്തവാടി |
| 14. | തെക്കേൽ മാത്യു (ജിബിൻ) | ചുണ്ടക്കര | മാനന്തവാടി |
| 15. | വാണിയംകിഴക്കേൽ സെബാസ്റ്റ്യൻ (ജെസ്വിൻ) | ദീപ്തിഗിരി | മാനന്തവാടി |

കുട്ടികളെ പറഞ്ഞയച്ച എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദി.

**ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ

## Night vigil

യുവജനവർഷത്തിൽ ഒക്ടോബറിൽ നടക്കുന്ന യൂത്ത് കൺവെൻഷനുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥന യൂത്ത് മിനിസ്ട്രി ചാപ്പലിൽ മെയ് 13-ാം തിയ്യതി ബുധനാഴ്ച്ച നടത്തി. യൂത്ത്മിനിസ്ട്രി ടീം അംഗങ്ങൾ നേതൃത്വം നല്കി.

## Executive meeting

മെയ് ഏഴാം തീയതി വ്യാഴാഴ്ച്ച രാവിലെ ഒൻപത് മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് യുവജന വർഷത്തോടനുബന്ധിച്ചുള്ള എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. കെ.സി.വൈ.എം ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ, ഫാ.ജെയ്മോൻ കളമ്പുകാട്ട്, ജീസസ് യൂത്ത് ടീം സി.ലിൻസി എസ്.സി.വി, എറണാകുളം ക്രൈസ്റ്റ് കൾച്ചർ ടീം അംഗങ്ങളായ സുനിൽ ബാബു, ടിങ്കു തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തു. കൺവൻഷൻ രീതികളെപ്പറ്റിയും രജിസ്ട്രേഷൻ, മധ്യസ്ഥ പ്രാർത്ഥന തുടങ്ങിയ കാര്യങ്ങളെകുറിച്ചും ക്രൈസ്റ്റ് കൾച്ചർ ടീം അംഗങ്ങൾ അനുഭവങ്ങൾ പങ്കുവെച്ചു.

## Minor Seminary Rector's Meeting

യുവജനവർഷത്തിൽ നടത്താൻ ഉദ്ദേശിച്ചിട്ടുള്ള മൈനർ സെമിനാരിയൻസ് കൺവൻഷനെപ്പറ്റിയുള്ള ആലോചനായോഗം മാനന്തവാടി മൗണ്ട്മേരി കോളേജിൽ വെച്ച് നടന്നു. മൗണ്ട്മേരി കോളേജ് റെക്ടർ ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ സ്വാഗതം ആശംസിച്ചു. കമ്മില്ലസ്, റൊഗാത്ത, ഡിവൈൻ പ്രൊവിഡൻസ്, ഡിലേനിഭവൻ തുടങ്ങിയ സെമിനാരികളിലെ റെക്ടേഴ്സും, വൈദീകരും സിഹിതരായിരുന്നു. ജൂലൈ 22-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ കൺവൻഷൻ നടത്താൻ തീരുമാനിച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിഷയം അവതരിപ്പിച്ചു. കെ.സി.വൈ.എം. ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ എല്ലാവർക്കും നന്ദിപറഞ്ഞു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
യുവജനവർഷ ജനറൽ കൺവീനർ

## HM, PP സമ്മേളനം

മെയ് 26-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചുനടന്ന പ്രധാനാധ്യാപകരുടെയും വികാരിയച്ചൻമാരുടെയും സമ്മേളനം സി. ആൻസി പോൾ SH നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. രൂപതാ ടീം സെക്രട്ടറി ശ്രീ. ബേബി ജോസഫ് ഏവരേയും സ്വാഗതം ചെയ്തു. സമ്മേളനത്തിന് അധ്യക്ഷപദമലങ്കരിച്ച രൂപതാ വികാരിജനറാൾ മോൺ.അബ്രാഹം നെല്ലിക്കൽ തിരുസഭയുടെ സുപ്രധാന ശുശ്രൂഷ വിശ്വാസ പരിശീലനമാണെന്ന് ഉദ്ബോധിപ്പിച്ചു. വിശ്വാസപരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കിയവർക്ക് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അനുമോദനങ്ങൾ അർപ്പിച്ചു. പുതിയവർഷത്തെ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് സംസാരിച്ച രൂപതാ വിശ്വാസപരിശീലന ഡയറക്ടർ ഫാ.തോമസ് കാട്ടുതുരുത്തിയിൽ ബഹു. റോയി വട്ടക്കാട്ടച്ചന്റെ കഴിഞ്ഞകാല സേവനങ്ങൾക്ക് നന്ദിയർപ്പിച്ചു. സി.ദീപ്തി SABS സ്കോളർഷിപ്പ്, ഡിപ്ലോമ, പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനുമോദിച്ച് ആശംസകളർപ്പിച്ചു. മോൺ. അബ്രാഹം നെല്ലിക്കൽ വിജയികൾക്കും ജൂബിലേറിയൻസിനും സമ്മാനം നൽകി ആദരിച്ചു. രൂപതാ ടീമംഗം ശ്രീ. അലക്സ് കുഴികണ്ടം വികാരി ജനറാളച്ചന് നന്ദിയർപ്പിച്ചു. ജൂബിലേറിയൻസ് പ്രതിനിധിയായി കൽപ്ര സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസഫ് കളപ്പുരയും അവാർഡ് ജേതാക്കളുടെ പ്രതിനിധിയായി കുമാരി അഞ്ജലി ജോസഫും മറുപടി പറഞ്ഞു. കഴിഞ്ഞ കാലഘട്ടങ്ങളിൽ തന്നോടൊപ്പം സഹകരിച്ച ഏവരേയും നന്ദിയോടെ അനുസ്മരിച്ച് ബഹു. റോയി വട്ടക്കാട്ടച്ചൻ സംസാരിച്ചു. തുടർന്നുള്ള ചർച്ചകൾക്കുശേഷം രൂപതാ ടീമംഗം ശ്രീ. ഔസേപ്പ് ഇണ്ടിക്കുഴ ഏവർക്കും നന്ദിയർപ്പിച്ചു. മേഖലാ സെക്രട്ടറിമാർ ഒരുമിച്ചു കൂടി നടത്തിയ ചർച്ചക്കുശേഷം ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു.

**HDC, DCC Registration**

HDC, DCC കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും ജൂലൈ 31 ന് മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**HCC Registration**

HCC (Plus One, Plus Two) രജിസ്ട്രേഷൻ ജൂലൈ 15 ന് മുമ്പ് പൂർത്തിയാക്കുക. 50 രൂപ ഫൈനോടു കൂടെ ജൂലൈ 31 വരെ രജിസ്ട്രേഷൻ നടത്താം. ജൂലൈ 31 ന് ശേഷമുള്ള രജിസ്ട്രേഷൻ യൂണിവേഴ്സിറ്റി സ്വീകരിക്കുന്നതല്ല. രജിസ്ട്രേഷൻ നടത്തിയ കുട്ടികളുടെ ലിസ്റ്റും പ്രിന്റും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കണം.

**ക്ലാസ് ട്രെയിനിംഗ്, ആമുഖ സെമിനാർ**

ജൂൺ 2-ാം തീയതി ശനിയാഴ്ച I-VII വരെ ക്ലാസ്സുകളിലെയും ജൂൺ 9-ാം തീയതി VIII-XII വരെ ക്ലാസ്സുകളിലെയും അധ്യാപകർക്കായി ദ്വാരക യു.പി. സ്കൂളിൽ വച്ച് പുസ്തകം പരിചയപ്പെടുത്തി ക്ലാസ്സ് ട്രെയിനിംഗ് നടത്തി. നവാഗതരായ അധ്യാപകർക്കായി ജൂൺ 15-17 വരെ നടത്തിയ ആമുഖ സെമിനാറിൽ വിവിധ ഇടവകകളിൽ നിന്നായി 90 പേർ പങ്കെടുത്തു. അധ്യാപകരെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും പരിശീലന ക്ലാസ്സുകൾ നയിച്ച രൂപതാ ടീമംഗങ്ങൾക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

അടുത്ത ആമുഖസെമിനാർ ജൂലൈ 14,15 തീയതികളിൽ മണിമൂളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. 14 ന് രാവിലെ 9.30 ന് ആരംഭിച്ച് 15 ന് 5.00 മണിക്ക് അവസാനിക്കും. അധ്യാപകരുടെ പേര് വിവരം ഓഫീസിൽ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുക.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസപരിശീലന വിഭാഗത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ.ഫാ.സിറിയക് വളച്ചാനത്ത് (ചുങ്കക്കുന്ന്), റവ. ഫാ. ജോഷി പെരിയപ്പുറം (മണിമൂളി), റവ. ഫാ. ബിജു മാവറ (പയ്യമ്പള്ളി) എന്നീ വൈദീകർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. അനിൽ മുഞ്ഞനാട്ട് (മണിമൂളി), റവ. ഫാ. പോൾ ഇടയക്കൊണ്ടാട്ട് (പയ്യമ്പള്ളി), റവ. ഫാ. സിനീഷ് പുത്തൻപുരയ്ക്കൽ (ചുങ്കക്കുന്ന്) എന്നീ വൈദീകർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## Private Registration

പത്താം ക്ലാസ്സ് പഠനത്തിനുശേഷം എൻട്രൻസ് കോച്ചിംഗിനും, മറ്റ് ഉന്നത വിദ്യാഭ്യാസത്തിനുമായി രൂപതയ്ക്ക് പുറത്ത് പോകേണ്ടി വരുന്നവരുമായ വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിലെ സാധാരണ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധ്യമല്ലാത്തതിനാൽ, അവർക്കായി മാനന്തവാടി രൂപതാ മതബോധന കേന്ദ്രം തയ്യാറാക്കിയിരിക്കുന്ന വിശ്വാസപരിശീലന പരിപാടിയാണ് Distance Faith Formation Programme. ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ജൂലൈ 15-ന് മുമ്പ്, രൂപതാ മതബോധനകേന്ദ്രത്തിൽ വിദ്യാർത്ഥികൾ നേരിട്ട് നൽകേണ്ടതാണ്. 1500 രൂപയാണ് ഫീസ്.
2. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകുന്നതോടൊപ്പം Distance Faith Formation Programme - ൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതായി കാണിക്കുന്ന ഇടവക വികാരിയച്ചന്റെ കത്തും ഓഫീസിൽ നൽകണം. വികാരിയച്ചന്റെ അനുവാദമില്ലാതെ രജിസ്ട്രേഷൻ സാധ്യമല്ല.
3. ഇടവകയിൽനിന്ന് രൂപതയ്ക്കകത്ത് വിവിധ പരിശീലന കേന്ദ്രങ്ങളിൽ പോകുന്ന കുട്ടികൾ മാതൃ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബ്ബാനയിൽ സംബന്ധിക്കുക.
4. ഞായറാഴ്ച രാവിലെ കുർബ്ബാന മാതൃ ഇടവകയിൽ പ്രായോഗികമല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വി.കുർബ്ബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.
5. നവംബർ 4-ാം തിയതി നടക്കുന്ന അർദ്ധവാർഷിക പരീക്ഷ രൂപതാ മതബോധന കേന്ദ്രത്തിൽ വന്ന് വിദ്യാർത്ഥികൾ എഴുതണം. രാവിലെ 11.00 മണി മുതൽ 1.00 മണി വരെയാണ് പരീക്ഷാസമയം.

6. 2019 ഏപ്രിൽ 2 ചൊവ്വ 10.00 am മുതൽ ഏപ്രിൽ 5 വെള്ളി 4.00 pm വരെയാണ് XI -ാം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള ക്യാമ്പ്. 2019 മെയ് 26 ഞായർ 10.00 am മുതൽ 29 ബുധൻ 4.00 pm വരെയാണ് XII -ാം ക്ലാസ് വിദ്യാർത്ഥികളുടെ ക്യാമ്പ്. രണ്ട് ക്യാമ്പുകളും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചാണ് നടത്തപ്പെടുന്നത്.
7. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് ക്യാമ്പിലെ 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നതാണ്. ക്യാമ്പിന്റെ അവസാനദിവസമായിരിക്കും യൂണിവേഴ്സിറ്റി പരീക്ഷ.
8. ക്യാമ്പിൽ പങ്കെടുക്കാൻ എത്തുമ്പോൾ പുസ്തകം, ഉപപാഠ പുസ്തകം, നമസ്കാര പുസ്തകം, പൊതുവിജ്ഞാനം (മന്ന), നോട്ട് ബുക്ക്, ബഡ്ഷീറ്റ്, എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പുദിവസ ങ്ങളിൽ പാസ്റ്ററൽ സെന്ററിൽ തന്നെ താമസിക്കേണ്ടതാണ്. മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.
9. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല. ഇവർക്ക് SAY പരീക്ഷ ഉണ്ടായിരിക്കില്ല.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**പ്രിയ മിഷൻലീഗ് സുഹൃത്തുക്കളെ,**

"വയൽ"– ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനവർഷ മാർഗ്ഗരേഖ. കുഞ്ഞുമിഷനറിമാർ പ്രേഷിത യുവത്വത്തിലേയ്ക്ക് നടന്നടുക്കുവാൻ, ക്രിസ്തുവിനെ അനുയാത്ര ചെയ്യുവാൻ നമുക്ക് വിശ്വാസത്തിന്റെ, വിശുദ്ധിയുടെ പ്രേഷിത വയലിലേയ്ക്ക് ഒരുമിച്ച് ഇറങ്ങാം. 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ അനുദിന ജീവിതത്തിലെ വിശുദ്ധിയുടെ മാർഗ്ഗങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്. വിശുദ്ധിയാണ് സഭയുടെ ആകർഷക മുഖം. അത് പ്രായഭേദമെന്യേ ജീവിതത്തിന്റെ എല്ലാ തലങ്ങളിലുള്ളവർക്കും വേണ്ടിയുള്ളതാണെന്ന് അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. ഈ പ്രവർത്തനവർഷത്തിൽ വിശ്വാസത്തിന്റെ, വിശുദ്ധിയുടെ പ്രേഷിത വാഹകരായി നമുക്ക് മാറാം.

ഒത്തിരി സ്വപ്നങ്ങളോടെയും, പ്രതീക്ഷകളോടെയും പുതിയ അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞു. ഉറക്കത്തിൽ നമ്മൾ സ്വപ്നങ്ങൾ കാണാറുണ്ട്. ചില സ്വപ്നങ്ങൾ നമ്മുടെ ഉറക്കത്തെ കെടുത്താറുമുണ്ട്. 19–ാം നൂറ്റാണ്ടിലെ ഒരു അദ്ധ്യയന വർഷത്തിൽ ഒരു അദ്ധ്യാപിക തന്റെ കുഞ്ഞുങ്ങളോട് എന്താകണമെന്ന് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഓരോ കുട്ടിയും എഴുന്നേറ്റ് തന്റെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഏറ്റവും അവസാനത്തെ ബെഞ്ചിൽ എത്തിയപ്പോൾ അവിടെ ഇരിക്കുന്ന കറുത്ത മെലിഞ്ഞ കുട്ടി ദൃഢനിശ്ചയത്തോടും, ആത്മവിശ്വാസത്തോടും കൂടി പറഞ്ഞു 'എനിക്ക് അമേരിക്കയുടെ പ്രസിഡണ്ട് ആകണം'. ആ ഉത്തരം കേട്ടപ്പോൾ ടീച്ചറും മറ്റുള്ളവരും അവനെ കളിയാക്കാൻ തുടങ്ങി. അത് ഒരു കൂരമ്പു പോലെ അവന്റെ ഹൃദയത്തിൽ തറച്ചു. പക്ഷേ അതൊന്നും അവന്റെ ആത്മവിശ്വാസത്തെയും ദൃഢനിശ്ചയത്തേയും കെടുത്തിയില്ല. അവൻ മുന്നോട്ടുതന്നെ പോയി. വർഷങ്ങൾക്കുശേഷം വൈറ്റ് ഹൗസിന്റെ പടവുകൾ കയറിയ എബ്രഹാം ലിങ്കനായിരുന്നു ഈ സ്വപ്നങ്ങൾ കണ്ടത്.

ഈ സ്വപ്നങ്ങൾ അവന്റെ ഉറക്കത്തെ കെടുത്തിയിരുന്നു. ഇതുപോലെ ഉറക്കത്തെ കെടുത്തുന്ന സ്വപ്നങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ, ഒരു ദൃഢ നിശ്ചയവും ആത്മവിശ്വാസവും നിങ്ങൾക്കുണ്ടെങ്കിൽ അതോടൊപ്പം കഠിനാദ്ധ്വാനം ചെയ്യാനുള്ള ഒരു മനസ്സും സ്വായത്തമാക്കുമെങ്കിൽ നിങ്ങളും ഈ കാലഘട്ടത്തിന്റെ ഒരു എബ്രഹാം ലിങ്കനാകും. ഉറക്കം കെടുത്തുന്ന സ്വപ്നങ്ങൾ കാണുക. അത് നിങ്ങളുടെ വിജയത്തിന്റെ താക്കോലാണ്. ഏവർക്കും നല്ല പ്രവർത്തനവർഷം ഉണ്ടാകട്ടെ.

മിഷൻ അഭിവാദനങ്ങളോടെ,

**ഫാ. ഷിജു ഐക്കരക്കാനായിൽ**

**സ്വാഗതം**

വളരെയേറെ സ്നേഹത്തോടും, ത്യാഗത്തോടും, സേവന, സഹന സന്നദ്ധതകളോടും കൂടെ വിവിധ മേഖലകളുടെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. ഫാ.ജോബി മുക്കാട്ടുകാവുങ്കൽ (ബത്തേരി), ഫാ.സുനിൽ മഠത്തിൽ (ചുങ്കക്കുന്ന്), ഫാ.സ്റ്റീഫൻ കോട്ടക്കൽ (ദ്വാരക), ഫാ.ജോൺ പുളിന്താനം (കൽപ്പറ്റ), ഫാ.സെബിൻ ഐക്കരത്താഴത്ത് (കല്ലോടി), ഫാ. ജോയി തുരുത്തേൽ (മുള്ളൻകൊല്ലി), ഫാ.സജി കാട്ടാംകോട്ടിൽ (മാനന്തവാടി), ഫാ.ബിജു തൊണ്ടിപ്പറമ്പിൽ (മണിമൂളി), ഫാ.ജോസ് കപ്യാരുമലയിൽ (നടവയൽ), ഫാ. മനു അറയ്ക്കപ്പറമ്പിൽ (നിലമ്പൂർ), ഫാ.സജി ഇളയിടത്ത് (നീലഗിരി), ഫാ.അനീഷ് പയ്യാലയിൽ (പയ്യമ്പള്ളി), ഫാ.ബിജു മാവറ (തരിയോട്), എന്നിവർക്ക് സ്വാഗതം ആശംസിക്കുന്നു.

**'നീർത്തുള്ളി' രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും.**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2018-19 വർഷത്തെ പ്രവർത്തനങ്ങൾക്ക് ജൂൺ 9 ശനിയാഴ്ച്ച ദ്വാരകയിൽ വച്ച് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബാനയോടെ തുടക്കംകുറിച്ചു. രൂപതാ വൈസ്.പ്രസിഡണ്ട് ജിഷ ഇടുമനാംകുഴി പതാക ഉയർത്തി. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ അബ്രാഹം നെല്ലിക്കൽ അച്ചൻ തിരികൊളുത്തി പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ സാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചൻ സ്വാഗതവും രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ

നന്ദിയും ആശംസിച്ചു. രൂപതാ റീജണൽ ഓർഗനൈസർ ശ്രീ.ടോം ജോസ് പൂവക്കുന്നേൽ മാർഗരേഖ അവതരണം നടത്തി. രൂപതാ മുൻ ജോ. ഡയറക്ടർ സി. ലിസ എസ്.കെ.ഡി, സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപതാ എക്സിക്യൂട്ടീവ്, സീനിയർ, ജൂനിയർ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**മാർഗ്ഗരേഖ പ്രകാശനം**

മാനന്തവാടി രൂപതയുടെ 2018-19 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ കോർത്തിണക്കി തയ്യാറാക്കിയ മാർഗ്ഗരേഖയുടെ പ്രകാശനം സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം നിർവ്വഹിച്ചു.

**സ്കോളർഷിപ്പ് വിതരണം**

ഡിപ്ലോമ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുമാരി നൂപ കാടാക്കുഴക്ക് (കൊട്ടിയൂർ) രൂപതാ വികാരി ജനറാൾ മോൺ അബ്രാഹം നെല്ലിക്കൽ അച്ചൻ സ്കോളർഷിപ്പ് നൽകി അഭിനന്ദിച്ചു.

**അഭിനന്ദനം - ഫുൾ A+**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ ശാഖകളെ നയിക്കുന്ന ശാഖാ ഭാരവാഹികൾക്കിടയിൽ 10-ാം ക്ലാസിലും +2 വിലും മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയവരെ രൂപതാ കൗൺസിലിൽ വച്ച് അഭിനന്ദിച്ചു. രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

**'ഹരിതം' പച്ചക്കറി വിതരണം**

ജൈവപച്ചക്കറി കൃഷിയുടെ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി എല്ലാ ശാഖകൾക്കും ബത്തേരി മേഖലാ ഡയറക്ടർ റവ.ഫാ. ജോബി മുക്കാട്ടുകാവുങ്കൽ പച്ചക്കറി വിത്ത് വിതരണം ചെയ്തു.

**ആദരവ്**

സൺഡേ സ്കൂൾ 12-ാം ക്ലാസ്സിൽ സംസ്ഥാനതലത്തിൽ പ്രതിഭയായ ജോയൽ പെരുമ്പള്ളിയെ (കബനിഗിരി) കൽപ്പറ്റ മേഖലാ ഡയറക്ടർ റവ.ഫാ.ജോൺ പുളിന്താനം സമ്മാനം നൽകി ആദരിച്ചു.

**മികച്ചശാഖകൾ**

പ്രവർത്തനവർഷത്തിലെ മികച്ച ശാഖകൾ - പൂളപ്പാടം, മീനങ്ങാടി, തോമാട്ടുചാൽ ശാഖകൾ 1,2,3, സ്ഥാനങ്ങൾ കരസ്ഥമാക്കി. മറ്റു മികച്ച ശാഖകളായി - ചെന്നലോട്, കയ്യൂന്നി, കരിമാനി, പാറത്തോട്ടം,

മഞ്ഞൂറ, ശിശുമല, ചാരിറ്റി എന്നിവ തിരഞ്ഞെടുക്കപ്പെട്ടു. നേതൃത്വം കൊടുത്ത ശാഖാഡയറക്ടർ, ജോ.ഡയറക്ടർ, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

**മികച്ച മേഖലകൾ**

ബത്തേരി, തരിയോട്, മണിമൂളി മേഖലകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. നേതൃത്വം കൊടുത്ത മേഖലാ ഡയറക്ടർ, ജോ. ഡയറക്ടർ, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

**വയൽ – മേഖലാ കൗൺസിലും സെമിനാറും**

ജൂലൈ 8 ഞായറാഴ്ച്ച മേഖലാ കൗൺസിലും സെമിനാറും വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. മേഖലാ നേതൃത്വം ശ്രദ്ധിക്കണേ.

**ശാഖാ ജോയിന്റ് ഡയറക്ടർ സംഗമം ജൂലൈ 14 ശനി – ദ്വാരക പാസ്റ്ററൽ സെന്റർ**

മാനന്തവാടി രൂപതയിലെ മുഴുവൻ ശാഖയിലെയും ശാഖാ ജോയിന്റ് ഡയറക്ടർമാരുടെ മീറ്റിംഗ് 14–ാം തീയതി രാവിലെ 9.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശാഖകൾക്ക് ആവശ്യമായ മിഷൻ കലണ്ടറിന്റെ എണ്ണം, പലതുള്ളി കളക്ഷൻ എന്നിവ കൊണ്ടുവരണം. 2017–2018 വർഷത്തെ പ്രവർത്ത നങ്ങളെ ആസ്പദമാക്കി പൂരിപ്പിച്ച സന്ദർശന റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവയും കൊണ്ടുവരണം.

മാനുവൽ ബുക്ക്, പ്രാർത്ഥനാ പുസ്തകം, ബാഡ്ജ്, മിഷൻക്വിസ് പുസ്തകം എന്നിവ ആവശ്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക. അംഗത്വ ലിസ്റ്റ് സമർപ്പിക്കാനും തിരുത്തലുകൾ വരുത്താനും ജൂലൈ 8 വരെ മാത്രമെ അവസരം ഉണ്ടായിരിക്കൂ.

**ശാഖാ, മേഖലാ മാർഗ്ഗരേഖ**

ശാഖാ മേഖലാ മാർഗ്ഗരേഖ തയ്യാറാക്കുവാനും ഒരു കോപ്പി രൂപതാ ഓഫീസിൽ എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**മേഖലാ/രൂപതാ സാഹിത്യമത്സരം**

മേഖലാ/രൂപതാ സാഹിത്യമത്സരം ജൂലൈ 29 ഞായറാഴ്ച്ച വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. മേഖലാ നേതൃത്വം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തരാൻ ശ്രദ്ധിക്കുമല്ലോ.

**ശാഖാ വാർത്തകൾ:**

*യവനാർകുളം:–* ബ്രദർ വിനോയ് കളപ്പുരക്കൽ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. മേഖല, രൂപതാ ക്യാമ്പുകളിൽ അംഗങ്ങൾ പങ്കെ

ടുത്തു. സി.എം.എൽ അംഗങ്ങൾക്കായി 3 ദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടത്തി.

*നടവയൽ:-* രണ്ട് ഗ്രൂപ്പുകളിലായി ക്രിസ്റ്റീൻ ധ്യാനം നടത്തി.

*കല്ലുവയൽ:-* ക്രിസ്റ്റീൻ ധ്യാനം നടത്തി, 10,12, ക്ലാസ്സുകളിൽ ഫുൾ A+ കിട്ടിയവരെ അനുമോദിച്ചു. മാണ്ഡ്യയിൽ മിഷൻ സന്ദർശനം നടത്തി. പ്രവേശനോത്സവം, എഴുത്തിനിരുത്ത് എന്നിവ നടത്തി.

*പാറത്തോട്ടം-* ക്രിസ്റ്റീൻ ധ്യാനം നടത്തി. മെയ്മാസം മുഴുവൻ മാതാവിന്റെ ഗ്രോട്ടോയ്ക്കു മുമ്പിൽ വണക്കമാസാചരണവും കൊന്തയും നടത്തി. ഗ്രൂപ്പ് തിരിച്ച് വിശുദ്ധരുടെ പേരുകൾ നൽകി, എക്സികൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

*പുതുശ്ശേരി-* കഴിഞ്ഞ 6 വർഷമായി ശാഖാ ഡയറക്ടർ ആയിരുന്ന ബഹു. ഡൊമിനിക് വളകൊടിയിൽ അച്ചന് യാത്രയയപ്പു നൽകി, ആശംസകൾ നേർന്നു. സി.എം.എൽ - ന്റെ നേതൃത്വത്തിൽ മിഷൻലീഗ് അംഗം നൽകിയ ആടിനെ ഇടവകയിലെ ഒരു കുടുംബത്തിന് നൽകി. ആരാധന നടത്തി.

ശാഖാ മേഖലാ പ്രവർത്തനങ്ങൾ സജീവമാക്കി തീർക്കുന്ന ശാഖാ മേഖലാ ഭാരവാഹികൾ ബഹു. വൈദീകർ, സിസ്റ്റേഴ്സ്, രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇനിയും എല്ലാവരുടേയും സഹായവും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ബിനീഷ് തുമ്പിയാംകുഴി**
സിഎംഎൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

## Parent's Retreat

യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി മെയ് 24,25,26 വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിൽ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ ധ്യാനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. 152 മാതാപിതാക്കൾ പങ്കെടുത്ത ധ്യാനം നയിച്ചത് സിയോൻ ഡയറക്ടർ ഫാ.സോണി വാഴക്കാട്ട് ആയിരുന്നു. ധ്യാനദിവസങ്ങളിൽ അജിത്ത് ഗാനശ്രുശ്രൂഷക്ക് നേതൃത്വം നല്കി. ധ്യാനത്തിനുശേഷം ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് മാതാപിതാക്കളുടെ മീറ്റിംഗ് ചേരുകയും പുതിയ അക്കാദമിക്ക് വർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## Admission Ceremony

2017-2018 ബാച്ചിലെ 26 വിദ്യാർത്ഥികളുടെ Welcome ceremony 26-ാം തീയതി ശനിയാഴ്ച്ച രാവിലെ 11 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഫാ. റോയി വട്ടക്കാട്ട്, ഫാ.ജോജോ ചങ്ങനാം തുണ്ടത്തിൽ എന്നീ വൈദികരുടെ സാന്നിദ്ധ്യത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ലൈഫ് ട്രെയിനിംഗ് കോഡിനേറ്റർ സി.ആൻസി സി.എം.സി എല്ലാവരേയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾ അവരുടെ ട്രെയിനിംഗിന്റെ അനുഭവം മീറ്റിംഗിൽ പങ്കുവെച്ചു.

## Spiritual animation programme

മാനന്തവാടി രൂപതയിൽ 12-ാം ക്ലാസ്സുകളിൽ വേദപാഠം പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്പിരിച്വൽ ആനിമേഷൻ പ്രോഗ്രാം 2018 മെയ് 27,28,29,30 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. 63 വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. കേരളാ യൂക്കരിസ്റ്റിക്ക് യൂത്ത് മൂവ്മെന്റ് സൗത്ത് ഇന്ത്യ കോർഡിനേറ്റർ ബ്രദർ ജിബി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകളും, സ്പിരിച്വൽ കൗൺസിലിങ്ങും നല്കി. യൂത്ത് മിനിസ്ട്രി ടീം ധ്യാനത്തിന് നേതൃത്വം നല്കി.

**നന്ദി**

യൂത്ത് മിനിസ്ട്രി വോളണ്ടിയറായിരുന്ന തന്റെ ഒരു വർഷത്തെ സ്തുത്യർഹമായ സേവനം മാനന്തവാടി രൂപതയിലെ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും നല്കിയശേഷം പുതിയ പ്രവർത്തന മണ്ഡലത്തിലേക്ക് യാത്രതിരിച്ച സി.ആനി പോൾ എസ്.എച്ച് ന് യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. പുതിയ ശുശ്രൂഷാ രംഗത്തിനാവശ്യമായ എല്ലാവിധ ദൈവാനുഗ്രഹവും ആശംസിക്കുന്നു. ഒരു വർഷത്തെ സേവനത്തിനായി സി. ആനിപോളിനെ നല്കിയ പ്രോവിൻഷ്യൽ മദർ മേഴ്സിറ്റ എസ്.എച്ച് ന് ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

മാനന്തവാടി യൂത്ത് മിനിസ്ട്രിയിൽ വോളണ്ടിയേഴ്സ് ആയി വന്നിരിക്കുന്ന ടെർമിൻ മാനുവേൽ പനംതോട്ടത്തിൽ (മരക്കടവ്), അൽജോസ് ചുരാക്കുഴിയിൽ (വടക്കനാട്) എന്നീ യുവജനങ്ങൾക്ക് ഹൃദ്യമായ സ്വാഗതം.

## LIFE- Training

മെയ് എട്ടാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം ആറ് മണിക്ക് ലൈഫ് ട്രെയിനിംഗ് 2016 ലേയും 2017 ലേയും ബാച്ചിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ക്ലാസ്സ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 47 വിദ്യാർത്ഥികൾ സന്നിഹിതരായിരുന്നു. ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ക്ലാസ് ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികൾ തങ്ങളുടെ പ്രാർത്ഥനാ ജീവിതത്തെയും, പഠനമേഖലയെയും വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു. ശനിയാഴ്ച്ച രാവിലെ 9.30.മുതൽ വൈകുന്നേരം 3 മണിവരെ കണക്ക് വിഷയത്തിൽ ഡോൺ സാർ ക്ലാസ്സ് നല്കി.

## LIFE -Training 2018 Batch

ലൈഫ് ട്രെയിനിംഗ് 2018 ബാച്ചിന്റെ ക്ലാസ്സ് മെയ് 15,16 വെള്ളി, ശനി ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 24 വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രാർത്ഥനയോടെ ക്ലാസ്സ് ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികൾ തങ്ങളുടെ ജീവിതത്തെ വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു. 16-ാം തീയതി ശനിയാഴ്ച്ച രാവിലെ ഒരു മണിക്കൂർ വ്യക്തിപരമായ പ്രാർത്ഥനക്കുശേഷം ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്കായി ദിവ്യബലി അർപ്പിക്കുകയും തുടർന്ന് 10 മണി മുതൽ വിദ്യാർത്ഥികൾക്ക് കണക്ക് വിഷയത്തിൽ റോസ്മിൻ ടീച്ചർ ക്ലാസ്സ് നല്കി. ശനിയാഴ്ച്ച മൂന്ന് മണിയോടെ ക്ലാസ്സ് അവസാനിച്ചു.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**യുവജനദിന സന്ദേശം**

ആഗോള സഭയുടെ സ്പന്ദനങ്ങളോടു ചേർന്നു നിന്നുകൊണ്ട് കേരളസഭ യുവജനങ്ങൾക്കായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന ഒരു കാല ഘട്ടമാണിത് – യുവജനവർഷം. യുവജനവർഷത്തിൽ ആചരിക്കുന്ന യുവജനദിനത്തിന്റെ എല്ലാ നന്മകളും സ്നേഹപൂർവ്വം നേരുന്നു.

യൗവ്വനം ജീവിതത്തിന്റെ ഏറ്റവും സൗന്ദര്യമുള്ള അനുഭവമാണ്. യൗവ്വനനഷ്ടം ജീവിതത്തിന്റെ വൈരൂപ്യവും. സുഭാഷിതങ്ങളുടെ പുസ്തകം 20:29 ൽ നാം ഇങ്ങനെ വായിക്കുന്നു. 'യുവാക്കളുടെ മഹത്വം അവരുടെ കരുത്താണ്'. യൗവ്വനത്തിലെ കരുത്താണ് യുവാ വിന്റെയും യുവതിയുടെയും സൗന്ദര്യം. യൗവ്വനത്തിലെ കരുത്താകുന്ന സൗന്ദര്യം പ്രസരിപ്പിക്കുന്ന യുവത്വം നമ്മുടെ ചുറ്റിലുമുണ്ട്. സാമൂ ഹിക മേഖലയിലും, ആതുര ശുശ്രൂഷാരംഗത്തും, രാഷ്ട്രീയ രംഗത്തും, വിദ്യാഭ്യാസ രംഗത്തും കരുത്ത് തെളിയിച്ചവരുടെ സൗന്ദര്യംകൊണ്ട് സമ്പന്നമാണ് നമ്മുടെ നാട്. സമൂഹത്തിന് കരുതലും കാവലുമായി വർത്തിക്കുവാനുള്ള യുവജനങ്ങളുടെ കടമയെ വേണ്ടവിധം നിർവ്വഹിച്ച യുവതീയുവാക്കൾ നമ്മുടെ അഭിമാനമാണ്. ഫ്രാൻസീസ് മാർപാപ്പ പറ യുന്നു. 'യുവജനങ്ങൾ നാടിന്റെ സമ്പത്താണ്. നിങ്ങൾ നിങ്ങളുടെ മൂല്യം തിരിച്ചറിഞ്ഞില്ലെങ്കിൽ, നിങ്ങളുടെ ജീവന്റെ മാഹാത്മ്യം മനസ്സി ലാക്കിയില്ലെങ്കിൽ നിങ്ങൾക്കു ഭാവിയിലേയ്ക്ക് പ്രത്യാശയോടെ നോക്കാ നാവില്ല'.

യുവജനങ്ങൾ ഭാവിയെ പ്രത്യാശയോടെ നോക്കുമെന്ന് ആഹ്വാനം ചെയ്യുന്ന വർഷം കൂടിയാണിത്. ഫേയ്സ്ബുക്കിലെ ഫ്രണ്ട് റിക്വസ്റ്റുകളുടെ തോതനുസരിച്ച് ജീവിതത്തെ കളർഫുൾ ആക്കാൻ ശ്രമി ക്കുമ്പോൾ 'സ്നേഹിക്കപ്പെടുന്നു' എന്ന ചിന്തയിൽ നിന്നുണ്ടാകുന്ന ആത്മാർത്ഥ സൗഹൃദത്തിന്റെ വെണ്മ നമ്മിൽ നിന്ന് അകന്നുപോകും. അങ്ങനെ സൗഹൃദാനുഭവങ്ങളുടെ കഥകൾ പുഞ്ചിരികൊണ്ട് തുടങ്ങി കണ്ണുനീരുകൊണ്ടു തീർക്കേണ്ട അവസ്ഥയുണ്ടാകും. ആദ്ധ്യാത്മീക തയിലും, ബൗദ്ധീകവളർച്ചയിലും, സാമൂഹിക, സാംസ്ക്കാരിക മുന്നേ

റ്റങ്ങളിലും, എല്ലാം തികഞ്ഞ മാതൃകാ യുവജനങ്ങളെയാണ് ഇന്നിന്റെ ലോകത്തിനാവശ്യം. ലക്ഷ്യബോധമുള്ള യൗവ്വനം തന്നേയും മറ്റുള്ള വരെയും നന്മയിലേയ്ക്ക് നയിക്കും. അനീതിയും, അക്രമവും, ലൈംഗീക അരാജകത്വവും നടമാടുന്ന ഈ ലോകത്തിൽ ധാർമ്മിക തയും മൂല്യബോധവുമുള്ള ഒരു യുവതലമുറ നമ്മുക്കു വേണം. വിവാഹ മോചനവും, വർദ്ധിച്ചു വരുന്ന മദ്യസംസ്ക്കാരവും, മയക്കു മരുന്നു പയോഗവും, മാധ്യമങ്ങളുടെ ക്രമാതീതമായ കടന്നുകയറ്റവും യുവ ജനങ്ങൾ ശ്രദ്ധയോടെ നേരിടേണ്ട വെല്ലുവിളികളാണ്. സമാധാനവും, സമത്വവും, നീതിയും സമൂഹത്തിൽ ഊട്ടിയുറപ്പിക്കേണ്ട ചാലക ശക്തി കളായി ഓരോ യുവാവും യുവതിയും മാറണം. ഇനി സഭയുടെ മുഖം ലോകത്തിൽ പ്രകാശിതമാകേണ്ടത് യുവജനങ്ങളിലൂടെയാണ്, കാരണം കാലഘട്ടത്തിന്റെ ദിശ നിർണ്ണയിക്കുന്നതിൽ യുവജനങ്ങൾക്ക് നിർണ്ണാ യകമായ പങ്കുണ്ട്.

യുവജനശുശ്രൂഷ മേഖലയെ സഭ ഗൗരവത്തോടെ കാണുന്ന തിന്റെ ഭാഗമാണ് യുവജനവർഷ പ്രഖ്യാപനവും, യുവജനദിനാഘോ ഷവുമെല്ലാം. യുവജനങ്ങളെക്കുറിച്ച് പഠിക്കുന്നതിലും അവരോടു സംവാദിക്കുന്നതിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും എക്കാ ലത്തും സഭ യുവജന ശുശ്രൂഷയെ ഏറെ പ്രാധാന്യത്തോടെ നോക്കിക്കണ്ടിരുന്നു. സഭയുടെ ശക്തിയും പ്രതീക്ഷയുമായ യുവജന ങ്ങളെ കൂടുതൽ അടുത്തറിയുവാനും, അവരോടൊപ്പം, അവർക്കായി, അവരിലൂടെ യുവജന ശുശ്രൂഷയുടെ പുതിയ പന്ഥാവ് കണ്ടെത്താനും ഏറ്റവും അനുയോജ്യമായ കാലഘട്ടമായി മാറട്ടെ യുവജനവർഷയും, യുവജനദിനാഘോഷവും എന്നാശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**റോബിൻ പടിഞ്ഞാറയിലച്ചൻ**

**അംഗത്വ നവീകരണം**

ജൂൺ -ജൂലൈ മാസങ്ങളിൽ കെസിവൈഎമ്മിന്റെ അംഗത്വ നവീ കരണം നടത്തേണ്ടതാണ്. അംഗത്വം പുതുക്കുന്നതിന് 10 രൂപയും, പുതിയ അംഗത്വം എടുക്കുന്നതിന് 15 രൂപയുമാണ്. അംഗത്വ ഫോം ഓഫീസിൽ ലഭ്യമാണ്. ഓഗസ്റ്റ് മാസം നാം ആചരിക്കുന്ന കെസി വൈഎം മാസാചരണത്തിന് മുൻപ് അംഗത്വ നവീകരണ പ്രവർത്തന ങ്ങൾ പൂർത്തികരിക്കാൻ ശ്രദ്ധിക്കുമല്ലോ. ബുള്ളറ്റിനിൽ പ്രസിദ്ധീകരി ക്കേണ്ട മാസ റിപ്പോർട്ടുകൾ 10-ാം തീയതിക്കുള്ളിൽ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**അർദ്ധവാർഷിക സെനറ്റ്**

ജൂലൈ 7 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്താനിരുന്ന ഈ വർഷത്തെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 14 ലേയ്ക്ക് മാറ്റിയ വിവരം അറിയിക്കുന്നു. രാവിലെ 9 മണിയ്ക്ക് ദ്വാരക എ.യു.പി. സ്ക്കൂളിൽ വച്ച് സെനറ്റ് ആരംഭിക്കും. രജിസ്ട്രേഷൻ നടത്തുന്ന ക്രമത്തിലായിരിക്കും സെനറ്റിൽ റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം ലഭിക്കുക. രൂപതാ സെനറ്റംഗങ്ങളെല്ലാം – മേഖലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, കോഡിനേറ്റർ, സെനറ്റ് മെംമ്പേഴ്സ് (3), 2017 വർഷത്തെ പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി (ആകെ 13 പേർ) എന്നിവർ വീഴ്ച്ച വരുത്താതെ പങ്കെടുക്കണം. രൂപതാ സെനറ്റിനു മുൻമ്പായി മേഖലാ സെനറ്റ് സമ്മേളിച്ച് പാസ്സാക്കിയ റിപ്പോർട്ടാണ് രൂപത സെനറ്റിൽ അവതരിപ്പിക്കേണ്ടത്.

**യുവജനദിനം – ജൂലൈ 8**

കെസിബിസി യൂത്ത് കമ്മീഷൻ ജൂലൈ 3 നുശേഷം വരുന്ന ഞായറാഴ്ച്ചയാണ് യുവജനദിനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വർഷം ജൂലൈ 8 നാണ് നമ്മൾ യുവജനദിനമായി ആചരിക്കുന്നത്. യുവജനദിനത്തോടനുമ്പന്ധിച്ച് രൂപതാതലത്തിൽ ഫോട്ടോഗ്രഫി മത്സരവും നടത്തുന്നു. അന്നേദിവസം യൂണിറ്റിൽ സംഘടിപ്പിക്കുന്ന യുവജനദിനാഘോഷപരിപാടിയുടെ ഫോട്ടോ എഡിറ്റു ചെയ്യാതെ അയച്ചുതരണം. പരിപാടിയുടെ ബാനർ വ്യക്തമായി കാണുന്ന വിധത്തിലായിരിക്കണം ഫോട്ടോ. അന്നേ ദിവസം നടക്കുന്ന പരിപാടികൾ, പങ്കെടുത്തവരുടെ എണ്ണം എന്നിവയെല്ലാം ഉൾക്കൊള്ളിച്ചിരിക്കണം. kcymmdy@gmail.com എന്ന email id യിലേയ്ക്ക് ജൂലൈ 30 ന് മുൻമ്പായി അയച്ചു തരണം. അയച്ചു തരുന്നവരുടെ അഡ്രസും ഫോൺ നമ്പറും കൃത്യമായി അറിയിച്ചിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോകൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നതാണ്. വൈകിയെത്തുന്ന എൻട്രികൾ പരിഗണിക്കുന്നതല്ല.

**വി.പൗലോസ് ശ്ലീഹ അനുസ്മരണം – ഉപന്യാസ മത്സരം**

കെസിവൈഎമ്മിന്റെ മധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിവസമായ ജൂൺ 29 ന് സമുചിതമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നു. 'ക്രിസ്തു ദാർശനീക യുവത്വം – വി. പൗലോസിന്റെ ദൈവശാസ്ത്ര പ്രബോധനങ്ങളുടെ വെളിച്ചത്തിൽ' എന്ന വിഷയത്തിൽ 10 പേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കി യൂണിറ്റ് ഡയറക്ട

റുടെ സാക്ഷ്യ പത്രത്തോടൊപ്പം അംഗത്വനമ്പറും രേഖപ്പെടുത്തി ജൂലൈ 14 നു മുൻമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. കെസിവൈഎം അംഗങ്ങൾക്കു മാത്രമെ പങ്കെടുക്കാനാവൂ. ഒരു യൂണിറ്റിൽ നിന്ന് 2 ഉപന്യാസങ്ങളാണ് രൂപതയിൽ നൽകേണ്ടത്. ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതാണ്.

**ഓഗസ്റ്റ് മാസം കെസിവൈഎം പ്രവർത്തന മാസാചരണം**

ഓഗസ്റ്റ് മാസം കെസിവൈഎം പ്രവർത്തന മാസമായി ആചരിക്കുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ച വയ്ക്കുന്ന യൂണിറ്റിന് ബെസ്റ്റ് യൂണിറ്റ് അവാർഡ് ലഭിക്കുന്നതാണ്. ആത്മീയം, സാമൂഹികം, ഭൗതീകം എന്നീ മേഖലകളായിരിക്കും സമ്മാനത്തിനായ് പരിഗണിക്കുക. (സെപ്റ്റംബർ 5 നോടകം ഓഫീസിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ മാത്രമെ പരിഗണിക്കുകയുള്ളൂ). ബെസ്റ്റ് യൂണിറ്റുകൾക്ക് വാർഷിക ദിനത്തിൽ നൽകുന്ന അവാർഡിന് ഈ റിപ്പോർട്ടായിരിക്കും പരിഗണിക്കുക.

**രൂപതയിൽ സമർപ്പിക്കേണ്ട കാര്യങ്ങൾ**

1. പ്രവർത്തന മാസാചരണത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളുടെ മാർഗ്ഗരേഖ ജൂലൈ 30 നോടകം രൂപതയിൽ എൽപ്പിക്കുക.
2. അംഗത്വ നവീകരണം നടത്തി എന്നതിനുള്ള രേഖകൾ.
3. ഓഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട് ഫോട്ടോ സഹിതം സെപ്റ്റം ബർ 3 നോടകം ഓഫീസിൽ ലഭിച്ചിരിക്കണം.
4. തുടർ പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ ഉണ്ടായിരിക്കണം.
5. കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തനങ്ങളുടെ ചുരുക്ക റിപ്പോർട്ട്. പ്രവർത്തന മാസാചരണത്തിന്റെ ഭാഗമായി യൂണിറ്റുകളിൽ നടത്താവുന്ന കാര്യങ്ങൾ കൂടെ ചുവടെ ചേർക്കുന്നു.

1. കെസിവൈഎം പതാക ഉയർത്തുക.
2. കെസിവൈഎം ആന്തം ആലപിക്കുക.
3. അംഗത്വ നവീകരണം നടത്തുക.
4. മുൻകാല നേതാക്കൻമാരെ ആദരിക്കുക.
5. യൂത്ത് നൈറ്റ് സംഘടിപ്പിക്കുക.
6. കെസിവൈഎം വർക്ക്ക്യാമ്പ്/പ്രകൃതിപഠനക്യാമ്പ്/നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുക
7. വൃദ്ധമാതാപിതാക്കളെയും, രോഗികളായവരെയും പള്ളിയിലെത്തിക്കുവാൻ സഹായിക്കുക.
8. ബസ്സ് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

9. വഴി-പ്രവർത്തന മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുക.

**സന്ദർശനങ്ങൾ**

രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട റോബിൻ പടിഞ്ഞാറയിൽ അച്ചൻ തരിയോട്, വടക്കനാട് വാളാട് എന്നീ യൂണിറ്റുകൾ സന്ദർശിച്ചു.

**CAT - Programme (NBCLC Bangaluru)**

ജൂൺ 1 മുതൽ 10 വരെ NBCLC ൽ വച്ച് നടന്ന ചാപ്ലെയിൻസ് ആനിമേറ്റേഴ്സ് ട്രെയിനിംഗിൽ രൂപതാ ആനിമേറ്റർ സി. സ്മിത പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**പുതിയിടംകുന്ന് യൂണിറ്റ്**

മെയ് 11 യുവജന കൺവെൻഷൻ നടത്തി. ഇന്റർനാഷണൽ ഇവാഞ്ജലൈസേഷൻ ടീം മെംബർ ജിബി ജോസഫ് നേതൃത്വം നൽകി. കൺവെൻഷന് ഒരുക്കമായി ഇടവകയിൽ വാർഡുതലത്തിൽ എല്ലാ വീടുകളിലും ജപമാല റാലി നടത്തി.

**പാറത്തോട്ടം യൂണിറ്റ്**

മെയ് 1 ന് കാട്ടിമൂല സ്നേഹാലയം സന്ദർശിച്ച് മധുര പലഹാരങ്ങൾ വിതരണം ചെയ്ത് കാപ്പി സൽക്കാരത്തിൽ പങ്കെടുത്തു. യൂണിറ്റിൽ നടന്ന ഇടവക ധ്യാനത്തിലും തൃശൂരിൽ വച്ച് നടന്ന എകെസിസി സമ്മേളനത്തിലും പങ്കെടുത്തു.

**പാലേമാട് യൂണിറ്റ്**

ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കെസിവൈഎം ഭാരവാഹികൾ പള്ളിയുടെ കൃഷിയിടത്തിൽ തെങ്ങിൻ തൈകൾ നട്ടു. യുവജന വർഷത്തോടനുബന്ധിച്ച് മെയ് 5,6 തിയ്യതികളിൽ കോട്ടയം സമരിയ മിനിസ്ട്രി ടീം യുവജന ധ്യാനം നടത്തി. 75 യുവജനങ്ങൾ പങ്കെടുത്തു.

8-9-18 രോഗീസന്ദർശനം നടത്തി. ശനിയാഴ്ച്ച കുർബാനയ്ക്കു ശേഷം നടത്തി വരുന്ന ആരാധന തുടരുന്നു.

ഒരു വർഷത്തെ സേവനത്തിനു ശേഷം കൽപ്ര ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട ജോഷിയച്ചന് യാത്രയയപ്പ് നൽകി. ഫണ്ട് ശേഖരണാർത്ഥം ന്യൂസ് പേപ്പർ ശേഖരിച്ച് വിറ്റ തുക ഭാവി പ്രവർത്തനങ്ങൾക്കായി നീക്കി വച്ചു.

18-5-18 ന് ബസ് വെയ്റ്റിംഗ് ഷെഡും ഗ്രോട്ടോയും വൃത്തിയാക്കി. 19-5-18 ന് പുതിയ യൂണിറ്റ് ഡയറക്ടർ ബഹുമാനപ്പെട്ട ബിജു

തൊണ്ടിപ്പറമ്പിലച്ചന് ഇടവക സമൂഹത്തോടൊപ്പം യുവജനങ്ങളും സ്വീകരണം നൽകി.

**പുതുശ്ശേരി**

ഇടിവണ്ണ ഇടവകയിലേയ്ക്ക് സ്ഥലംമാറിപ്പോകുന്ന ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക്ക് അച്ചന് യാത്രയയപ്പ് നൽകി. രണ്ടാം ശനിയാഴ്ച ജപമാലചൊല്ലി പ്രാർത്ഥിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു.

**പനംഞ്ചിറ യൂണിറ്റ്**

യുവജന വർഷത്തിന്റെ ഭാഗമായി യൂണിറ്റ് യൂത്ത് കൺവെൻഷൻ ബഹുമാനപ്പെട്ട മേഖലാ ശാഖാ ഡയറക്ടർ ഫാ. ജയൻ മണ്ണുകുളം റ്റി.ഒ.ആർ. ഉദ്ഘാടനം ചെയ്തു. ലാസലറ്റ് സഭാംഗമായ ബഹുമാനപ്പെട്ട ബിബിനച്ചൻ ആധുനിക യുഗത്തിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. വിശുദ്ധ കുർബാനയുടെ ആരാധന, വിശുദ്ധ കുമ്പസാരം, കാഴ്ച സമർപ്പണം എന്നിവ യൂത്ത് കൺവെൻഷൻ മനോഹരമാക്കി. ഭക്തി നിർഭരമായ ദിവ്യ ബലിക്കുശേഷം സ്നേഹ വിരുന്നും, പൊതു സമ്മേളനവും നടത്തപ്പെട്ടു.

**ചുങ്കക്കുന്ന് യൂണിറ്റ്**

യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ജൂൺ 2-ന് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പകർച്ച വ്യാധി നിർമ്മാർജ്ജനത്തിനായും ശുചീകരണ പ്രവർത്തനയജ്ഞം സംഘടിപ്പിച്ചു. ചുങ്കക്കുന്ന് ടൗണും, റോഡും ഇരുവശത്തുമുള്ള ഓടകളും ദേവാലയവും പരിസരവും വൃത്തിയാക്കി. ത്യാഗപൂർവ്വം ഇടവകയിലെ യുവജനങ്ങൾ പരിപാടിയെ വിജയിപ്പിച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുരയും, ഫാ. സന്തോഷ് ഒറവാറന്തറയും യുവജനങ്ങളോടൊപ്പമുണ്ടായിരുന്നു.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂൺ 10 മുതൽ 13 വരെ നടന്ന MPC കോഴ്സിൽ 109 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹ കരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ജൂലൈ 08-11 - പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 12-15 - പാസ്റ്ററൽ സെന്റർ ദ്വാരക

### മരിയൻ സിംഗിൾസ്

ജൂൺ 18 -ന് മീറ്റിംഗ് ചേർന്നു. പതിവുപോലെ പ്രാർത്ഥനയും ക്ലാസ്സും നടന്നു. അടുത്ത മീറ്റിംഗ് ജൂലൈ 23-ന് ആയിരിക്കും.

### മാതൃവേദി രൂപതാ എക്സിക്യൂട്ടീവ്

ജൂൺ- 15 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മാതൃവേദി രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തി. കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ സംബന്ധിച്ച് വിവരിച്ചു. മാതൃവേദി അംഗങ്ങൾക്കായുള്ള രചനാമത്സരം രൂപതാതലത്തിൽ നവംബർ മാസത്തിൽ. വിഷയം 'യുവജനങ്ങളും ക്രൈസ്തവ കുടുംബവും'. കൃത്യമായ വിഷയങ്ങൾ മേഖല തയ്യാറാ ക്കണം. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഒക്ടോബർ മാസ ത്തിലെ രൂപതാ യുവജന കൺവെൻഷൻ രജിസ്ട്രേഷൻ നടത്തു ന്നതിനും കൺവെൻഷൻ ദിനങ്ങളിലും മാതൃവേദിയുടെ സഹായം ബഹു. പൈനുങ്കൽ അച്ചൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വർഷം നടത്തിയ സംഭാവന കൂപ്പണിൽ വിവിധ ഇടവകകളിലേക്കായ് നടത്തിയ നറു ക്കെടുപ്പിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ എക്സിക്യൂട്ടീവ് അംഗ ങ്ങൾ വഴി മേഖലകളിൽ എത്തിച്ചിട്ടുണ്ട്

### ബത്തേരി മേഖല

ബത്തേരി മേഖലയിൽ മാതൃസംഗമം നടത്തി. പേരന്റിംഗ് എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ബേബി ചക്കാലക്കൽ സാർ ക്ലാസ്സെടുത്തു. മേഖലയിലെ എല്ലാ ശാഖകളിലും എസ്.എസ്.എൽ.സി, പ്ലസ് 2 പരീക്ഷ

കളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ കുട്ടികളുടെ മാതാക്കളെ ആദരിച്ചു. മേഖലാ ഡയറക്ടർ ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ വടക്കനാട് വന്യജീവി ശല്യത്തിനെതിരെ നിരാഹാരം നടത്തിവരുന്ന സ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ഒരു ദിവസം ഉപവസിച്ച് മേഖലയിലെ മുഴുവൻ അമ്മമാരും പ്രാർത്ഥിക്കുകയും ചെയ്തു. സ്ത്രീകളുടേയും കുട്ടികളുടേയും മേൽ ഉണ്ടാകുന്ന അതിക്രമങ്ങൾക്ക് പരിഹാരത്തിനായി മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ ചെയിൻ ഫാസ്റ്റിംഗ് നടത്തിവരുന്നു.

**ചുങ്കക്കുന്ന്**

മെയ് മാസം മാതാവിന്റെ വണക്കമാസം, ഗ്രോട്ടോയിൽ ജപമാല, വി.കുർബാന തുടങ്ങിയവയിൽ അമ്മമാർ പങ്കുചേർന്നു. മരണവീടുകൾ സന്ദർശിച്ചു, മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു. ആലച്ചേരിയിൽ 750 രൂപയുടെ സോപ്പുപൊടി നിർമ്മിച്ച് കൊടുത്തു. ആലച്ചേരി സ്നേഹഭവൻ സന്ദർശിക്കുകയും 24000 രൂപയുടെ ഭക്ഷണ സാധനങ്ങൾ വാങ്ങി ഭക്ഷണം വെച്ചുകൊടുത്തു. രൂപതാ യുവജന ജാഗരണ പ്രാർത്ഥനയിൽ 200 പേർക്ക് ഭക്ഷണം ഉണ്ടാക്കി കൊടുത്തു.

**അസംപ്ഷൻ**

സ്ഥലം മാറി പോയ വികാരിയച്ചനും ആനിമേറ്റർ ട്രീസാമ്മയ്ക്കും യാത്രയയപ്പ് നൽകി. മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ വിവാഹം കഴിഞ്ഞ് 5 വർഷം വരെയുള്ള ദമ്പതികൾക്ക് 'മക്കൾ സഭയുടെ സമ്പത്ത്' എന്ന വിഷയം ആസ്പദമാക്കി ജാഗരണ പ്രാർത്ഥന സംഘടിപ്പിച്ചു. യുവജനങ്ങൾക്കുവേണ്ടി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന മക്കൾക്ക് ധനസഹായം നൽകി. അമ്മമാർ മറിയത്തിന്റെ സ്തോത്രഗീതം മനഃപാഠമാക്കി ഒരുമിച്ച് വചനം ചൊല്ലി പ്രാർത്ഥിച്ചു. ഹരിതം 2018-ന്റെ ഭാഗമായി ഒരു വീട്ടിൽ ഒരു വാഴ എന്ന മുദ്രാവാക്യം ഉറപ്പുവരുത്തി. മെയ് 25-ലെ മേഖല സെമിനാറിന് എല്ലാ അമ്മമാരും പങ്കെടുത്തു.

**കയ്യൂന്നി**

എല്ലാ ബുധനാഴ്ചയും പ്രോ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വെള്ളിയാഴ്ചകളിൽ യുവജനങ്ങൾക്കായി കുർബാനയ്ക്കുശേഷം കരുണകൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു. എക്സിക്യൂട്ടീവ് അംഗങ്ങൾ സെമിത്തേരി വൃത്തിയാക്കി. പോത്തുകൊല്ലി യൂണിറ്റിലെ അമ്മമാർ രോഗീസന്ദർശനം നടത്തി. പഠനസഹായമായി ഒരു വിദ്യാർത്ഥിക്ക് 1125 രൂപ നൽകി. ഇടവകയിലെ എല്ലാ വീടുകളിലും മാതാവിന്റെ വണക്കമാസ പുസ്തകം

വിതരണം ചെയ്തു. 25 അമ്മമാർ വാഴവറ്റയിലെ ജ്യോതി നിവാസ് സന്ദർശിച്ചു, പരിസരം വൃത്തിയാക്കി, ഉച്ചഭക്ഷണം പാകം ചെയ്തു നൽകി. ഭക്ഷണസാധനങ്ങൾ ഉൾപ്പടെ 29250 രൂപ ആ സ്ഥാപനത്തിനു നൽകി.

**പൂളപാടം**

പകർച്ചവ്യാധികളിൽ നിന്നും സംരക്ഷണം ലഭിക്കാൻ അമ്മമാർ ഒന്നുചേർന്ന് അഖണ്ഡ ജപമാല നടത്തി. 29-ാം തീയതി അമ്മമാർ രോഗീസന്ദർശനം നടത്തി. 2000 രൂപ രോഗീസഹായം നൽകി.

**കാവുമന്ദം**

ഇടവകയിലെ പാവപ്പെട്ട രണ്ടു കുടുംബങ്ങൾക്ക് 25 കിലോ അരി വീതം നൽകി സഹായിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ചു. പുതിയ സ്ഥലത്തേക്ക് മാറി പോയ ബഹു.മാർട്ടിൻ പുതുശ്ശേരിയച്ചന് യാത്രയയപ്പ് നൽകി. പുതുതായി വന്ന ബഹു. ബിജു മാവറയച്ചന് ഊഷ്മളമായ സ്വീകരണം നൽകി.

**പാറത്തോട്ടം**

മെയ്മാസം എല്ലാ ദിവസവും മാതാവിന്റെ ഗ്രോട്ടോയുടെ മുമ്പിൽ അമ്മമാർ ഒന്നിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കാഴ്ച സമർപ്പണം നടത്തി.

**വാഴവറ്റ**

ഭവനങ്ങളിൽ വണക്കമാസാചരണം, എലീശ്വാ സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. പ്രോ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി തിരുഹൃദയകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. നിപ്പ വൈറസ് രോഗം മാറുവാനായി ജാഗരണ പ്രാർത്ഥന നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ ചക്കമഹോത്സവം നടത്തി. കൂടാതെ മരിയൻക്വിസ്, അഖണ്ഡ ജപമാല എന്നിവ നടത്തി. വിവാഹ സഹായം, രോഗിസഹായം എന്നിവ നൽകി.

**തവിഞ്ഞാൽ**

പച്ചമരുന്ന് - മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ മുറി വെണ്ണ, ഉരഗുളിക എന്നിവ തയ്യാറാക്കി വിൽപ്പന നടത്തി വരുന്നു. ഔഷധത്തോട്ടം -അമ്മമാർ പ്രത്യേകമായി നിർമ്മിച്ച പച്ചമരുന്ന് തോട്ടത്തിൽ 60-ൽ പരം പച്ചമരുന്നുകൾ നിർമ്മിച്ചു വരുന്നു. കുടനിർമ്മാണ പരിശീലനം- തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ശ്രീമതി ഷീന യുടെ നേതൃത്വത്തിൽ 20 അമ്മമാർക്ക് കുട നിർമ്മാണ പരിശീലനം കൊടുത്തു. അമ്മമാർ ഒന്നുചേർന്ന് വൃദ്ധമാതാക്കളെ സന്ദർശിച്ചു.

**പറളിക്കുന്ന്**

എല്ലാ മാസവും വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. വിവാഹ ജീവിതത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ച താന്നിക്കാലായിൽ അഗസ്റ്റ്യൻ -ലിസി ദമ്പതികൾക്കും സുവർണ്ണ ജൂബിലി ആഘോഷിച്ച മംഗലത്ത് ചാക്കോ ഏലിക്കുട്ടി ദമ്പതികൾക്കും ആശംസകൾ അർപ്പിച്ച് സ്നേഹോപകാരം നൽകി. മെയ്-29 ന് മാതൃവേദി ഭാരവാഹികളും അംഗങ്ങളും വിയാനിഭവൻ സന്ദർശിച്ച് സൗഹൃദം പങ്കുവെച്ചു. ഇടവക യിൽ സംഘടിപ്പിച്ച കുടുംബ കൂട്ടായ്മയുടെ ക്ലാസ്സിൽ എല്ലാ ഭാരവാ ഹികളും സംബന്ധിച്ചു.

**പയ്യംമ്പള്ളി**

അമ്മമാർ മാതാവിന്റെ വണക്കമാസം ഹൃദ്യമായി ആചരിച്ചു. നിപ്പ വൈറസ് ബാധിച്ച എല്ലാ രോഗികളേയും സമർപ്പിച്ച് അഖണ്ഡ ജപമാലയും റാലിയും നടത്തി. എലീശ്വാ സംഗമത്തിന്റെ ഭാഗമായി നാലാമത്തെ കുഞ്ഞിന് ജന്മം നൽകിയ താണുകുന്നേൽ ഷീബയുടെ ഭവനത്തിന് 5000 രൂപ നൽകി. പ്ലസ് 2-വിനും, എസ്.എസ്.എൽ.എസി യ്ക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ കുട്ടികളെ മെമെന്റോ നൽകി ആദരിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (1-6-18)**

ജൂൺ മാസത്തിലെ ആദ്യവെള്ളി ശുശ്രൂഷകൾ രാവിലെ 10 മണിക്ക് കുമ്പസാരത്തോടെ ആരംഭിച്ചു. തുടർന്ന് എൽഡറിംഗ് നടന്നു. 12 മണിക്ക് കുരിശിന്റെ വഴിയും സഹനജപമാലയും നടത്തി. 2 മണിക്ക് ബഹുമാനപ്പെട്ട ബാബു മൂത്തേടത്തച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗും തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്കങ്ങളും ചെയ്തു. വൈകുന്നേരം 6 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. സ്തുതി ആരാധനയ്ക്കുശേഷം ബഹു. ലാൽ പൈനുങ്കൽ അച്ചൻ വി.കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. 10 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (2-6-18)**

രാവിലെ 6 മണിക്ക് സഹനജപമാലയോടെ കൺവെൻഷൻ ദിനത്തിന് ആരംഭം കുറിച്ചു. വെഞ്ചരിപ്പിനുശേഷം 8.45 ന് കൺവെൻഷൻ ആരംഭിച്ചു. K.C.C.R.S.T. യുടെ സെക്രട്ടറി ബ്രദർ സെബാസ്റ്റ്യൻ താന്നിയ്ക്കൽ വചന പ്രഘോഷണം നടത്തി. മാനന്തവാടി കരിസ്മാറ്റിക് സോൺ ഡയറക്ടർ ബഹു. ബാബു മൂത്തേടത്തച്ചന്റെ നേതൃത്വത്തിൽ മാനന്തവാടി സോണിന്റെ കീഴിലുള്ള സബ്സോൺ ആനിമേറ്ററച്ചന്മാർ ഒരുമിച്ച് വി.ബലിയർപ്പിച്ചു. പുതിയ അധ്യയനവർഷത്തോടനുബന്ധിച്ച് അധ്യാപകരേയും വിദ്യാർത്ഥികളെയും പ്രത്യേകം സ്മരിച്ച് പ്രാർത്ഥനകൾ നടത്തി. അനുഭവസാക്ഷ്യത്തിനും, ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും, ആരാധനയ്ക്കും ശേഷം 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാംശനി സ്പിരിച്ച്വൽ ഷെയറിംഗ് (9-6-18)**

സ്പിരിച്ച്വൽ ഡിറക്ടേഴ്സ് രണ്ടാംവെള്ളി 4 മുതൽ 8 മണിവരെ പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച 9.30 മുതൽ 4.30 വരെ സ്പിരിച്ച്വൽ ഷെയറിംഗ് നടത്തി. ധാരാളം പേർ ശുശ്രൂഷ സ്വീകരിച്ച് മടങ്ങി.

**തൂവാനീസ - വിധവാ സംഗമം (8-6-18)**

രണ്ടാം വെള്ളി 9 മുതൽ 2.30 വരെ തൂവാനീസ - വിധവാസംഗമം നടന്നു. ജപമാലയ്ക്കുശേഷം സി. ട്രീസ എസ്.എച്ച്. വചന പ്രഘോഷണം നടത്തി. ബഹു. സോണിയച്ചൻ വി.കുർബാന അർപ്പിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം ഗ്രൂപ്പ് ഷെയറിംഗ് നടത്തി. പൊതു ആരാധനയ്ക്കുശേഷം 2.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**തീർത്ഥയാത്ര (4-6-18)**

സിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു. വൈദികരും സമർപ്പിതരും അൽമായ ശുശ്രൂഷകരുമടങ്ങുന്ന 46 പേർ തമിഴ്നാട്ടിൽ നാഗർകോവിലിൽ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തി, അനുഗ്രഹങ്ങൾ പ്രാപിച്ചു.

**ജാഗരണ പ്രാർത്ഥന (15-6-18)**

ജൂൺമാസം 3-ാം വെള്ളി വൈകിട്ട് 6 മുതൽ രാവിലെ 5 വരെ ജാഗരണ പ്രാർത്ഥന നടത്തി. കുരിശിന്റെ വഴി, സ്തുതി ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം 12 മണിക്ക് ബഹു. സോണിയച്ചൻ വി.കുർബാന അർപ്പിച്ചു. ശുശ്രൂഷകർക്കൊപ്പം ധാരാളം പേർ പങ്കെടുത്തു.

**ആന്തരികസൗഖ്യ ധ്യാനം (17-21)**

ജൂൺ 17 മുതൽ 21 വരെ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ആന്തരിക സൗഖ്യധ്യാനം നടത്തപ്പെട്ടു. ബഹു. സോണിയച്ചനും ടീം അംഗങ്ങളും ധ്യാനത്തിന് നേതൃത്വം നൽകി.

**സീയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| 6-7-2018 ആദ്യവെള്ളി | - | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 7-7-2018 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 13-7-2018 രണ്ടാംവെള്ളി | - | തൂവാനീസ, വിധവാ പ്രാർത്ഥനാദിനം കൗൺസിലേഴ്സ് പ്രാർത്ഥനാദിനം |
| 14-7-2018 രണ്ടാംശനി | - | പൊതു സ്പിരിച്ചൽ ഷെയറിംഗ്ദിനം |
| 15-19 | - | വിധവാ - വിധുരൻ ധ്യാനം |
| 20-7-2018 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| 28-7-2018 നാലാംശനി | - | രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

വത്തിക്കാൻ അംഗീകാരം ലഭിക്കുന്ന ഏഷ്യയിലെ രണ്ടാമത്തെയും ഇന്ത്യയിലെ ആദ്യത്തെയും മുന്നേറ്റമാണ് ജീസസ് യൂത്ത്. 1970 കളിൽ കേരളത്തിൽ തുടങ്ങിയ ഈ മുന്നേറ്റത്തിന് 1985-ൽ ജീസസ് യൂത്ത് എന്ന പേര് ലഭിച്ചു. മിഷനറി ശിഷ്യത്വം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പരിശീലന പരിപാടികൾ ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ നടന്നുവരുന്നു. വളരെ ചെറിയ രീതിയിൽ കേരളത്തിൽ ആരംഭിച്ച് ഇന്ന് മുപ്പതിൽ അധികം രാജ്യങ്ങളിൽ സജീവസാന്നിധ്യമായി മാറിയ ജീസസ് യൂത്ത് മുന്നേറ്റത്തിന് ചരിത്ര നിമിഷം പകർന്നുകൊണ്ട് 2016 മെയ് മാസം 20-ാം തീയതി ഉച്ചക്ക് 11 മണിക്ക് വത്തിക്കാനിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെയിറ്റിയുടെ അംഗീകാരം ലഭിച്ചു.

1986-87 കാലഘട്ടത്തിലാണ് മാനന്തവാടിയിലും ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ വേരുകൾ പടർന്നു തുടങ്ങിയത്. യുവജനങ്ങളുടെ ശുശ്രൂഷയ്ക്കായി മാറിയ ജീസസ് യൂത്തിലൂടെ യുവജനങ്ങളിലൂടെ യുവജനങ്ങളുടെ ഇടയിലേക്ക് യേശുവിനെ പ്രഘോഷിക്കാൻ തുടങ്ങി. മാനന്തവാടി രൂപതയുടെ ആത്മീയ ശ്രോതസ്സായി നിലകൊള്ളുന്ന ദ്വാരക സിയോൻ ധ്യാനകേന്ദ്രത്തിന്റെ ശുശ്രൂഷകളോട് ചേർന്ന് അഭിവന്ദ്യ പിതാക്കൻമാരുടെ ആത്മീയ ഉപദേശത്തിലും നേതൃത്വത്തിലും തുടർന്ന് ബഹുമാനപ്പെട്ട വൈദീകരോടും സിസ്റ്റേഴ്സിനോടും ചേർന്ന് നിന്നുകൊണ്ട് അനേകം ചേട്ടൻമാരുടെയും ചേച്ചിമാരുടെയും പ്രവർത്തനങ്ങളാണ് ഇന്നും മാനന്തവാടി സോൺ ജീസസ് യൂത്തിലൂടെ വികസിച്ചുകൊണ്ടിരിക്കുന്നത്. ജീസസ് യൂത്തിന്റെ അടിസ്ഥാനമെന്ന് പറയുന്നത് ആറ് സ്തൂപങ്ങളാണ് (SIX PILLERS)

1. വ്യക്തിപരമായ പ്രാർത്ഥന (Personal Prayer)
2. ദൈവവചന പഠനം (Word of God)
3. കൗദാശിക ജീവിതം (Sacramental life)
4. കൂട്ടായ്മ (Fellowship)
5. ദൈവവചന പ്രഘോഷണം (Evangelization)
6. പാവങ്ങളോടുള്ള പക്ഷംചേരൽ (Option for the Poor)

**സമർപ്പണ/പുനരർപ്പണ പ്രക്രിയ** (Commitment and Re-commitment)

പ്രായപൂർത്തിയായവരും ഒരുവർഷമെങ്കിലും ജീസസ് യൂത്ത് കൂട്ടായ്മയോട് ചേർന്ന് പ്രവർത്തിക്കുന്നവരുമായ ഏതൊരു വ്യക്തിക്കും കമിറ്റ്മെന്റ് എടുക്കാം. സമർപ്പണദിനം ആചരിക്കാൻ തുടങ്ങിയിട്ട് ഇത്

(2018) മൂന്നാം വർഷമാണ്. ഒരു വർഷം സമർപ്പണം നടത്തിയ വ്യക്തി അടുത്തവർഷം തങ്ങളെ മുന്നേറ്റത്തിനോട് ചേർത്ത് പുനരർപ്പണം ചെയ്യുന്നു. പന്തക്കുസ്താ തിരുനാളിന്റെ അന്നാണ് ജീസസ് യൂത്ത് സമർപ്പണ/പുനരർപ്പണ ദിനമായി ആചരിക്കുന്നത്. ക്രിസ്തുവിനെ അറിയാനും അനുഭവിച്ചു ജീവിക്കാനും നമ്മെ പ്രാപ്തമാക്കിയ മുന്നേറ്റത്തോട് ചേർത്ത് നമ്മെ തന്നെ മുദ്രണം ചെയ്യുന്ന ദിനമാണ് പെന്തക്കുസ്താ തിരുനാൾ. പെന്തക്കുസ്താദിനത്തിൽ അതത് സോണുകളിലെ നിയോഗിക്കപ്പെട്ട സ്ഥലത്ത് എല്ലാ ജീസസ് യൂത്തും ഒന്നിച്ചു ചേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയുടെ ഒടുവിൽ മുന്നേറ്റത്തിൽ ആയിരിക്കുവാനും ചേർന്ന് സഞ്ചരിക്കുവാനും നമ്മൾ കാണിക്കുന്ന തുറവിയുടെയും സമർപ്പണത്തിന്റെയും പ്രകടിത രൂപമായി പ്രതിജ്ഞ രേഖപ്പെടുത്തുന്നു.

**ജീസസ് യൂത്ത് നേതൃത്വം**

സമർപ്പണം/പുനർപ്പണത്തിലൂടെ ജീസസ് യൂത്ത് അംഗങ്ങളായവരിൽ നിന്നും നമ്മളെ ആത്മീയമായും ജീസസ് യൂത്തിന്റെ അന്തസത്ത ചോർന്ന് പോകാത്ത വിധത്തിൽ തങ്ങളെ നയിക്കാൻ സാധിക്കുന്ന വ്യക്തികളെ ഇലക്ഷനിലൂടെ തിരഞ്ഞെടുക്കുന്നു. കൂടാതെ രൂപതാധ്യക്ഷൻ നിർദ്ദേശിക്കുന്ന ഒരു വൈദീകൻ ജീസസ് യൂത്തിന്റെ ആത്മീയ ഗുരുവായി ഉണ്ടാകും. ജീസസ് യൂത്ത് ചാപ്ലിൻ എന്നാണ് വൈദീകൻ അറിയപ്പെടുക. ഒരു ആനിമേറ്റർ സിസ്റ്ററും ഉണ്ടാവും. ഈ തിരഞ്ഞെടുക്കപ്പെടുന്നവരുടെ ( Jesus Youth Council Members) കാലാവധി 2 വർഷമാണ്.

**2017–2019 കാലഘട്ടത്തിലെ കൗൺസിൽ അംഗങ്ങൾ**

1. ഫാ. ജെയ്മോൻ കളമ്പുകാട്ട് – ചാപ്ളിയൻ 9947959977
2. സി. വിനിജ എസ്.എ.ബി.എസ് – ആനിമേറ്റർ 9495475627
3. ബൈജു ജോസ് കൊച്ചുകുടിയിൽ – കോഡിനേറ്റർ 9947662275
4. അമൽ സെബാസ്റ്റ്യൻ അരീപ്ലാക്കൽ – അസി. കോഡിനേറ്റർ 8606883979
5. ബിജു ജോസഫ് അരീപ്ലാക്കൽ – എൽഡർ 9744228844
6. വിനോദ് മാങ്കൂട്ടത്തിൽ
7. ഷൈജു ജോസ് കൊച്ചുകുടിയിൽ
8. ജോബി ജോസ് കൈതമന
9. വിനീഷ് വർഗ്ഗീസ് കോട്ടായിൽ
10. വിനു മാത്യു ചാത്തംകണ്ടത്തിൽ
11. അരുൺ ആന്റണി മഠത്തിൽ

12. ജോൺ ബ്രിട്ടോ എടകുളത്തൂർ
13. ഡോ. ഡിനു ആൻ ഡൊമിനിക് കരികൊമ്പിൽ
14. റിബിൻ ബേബി കെ.ജെ. കുന്നുമ്മേൽ
15. റിറ്റിന ബേബി കെ.ജെ. കുന്നുമ്മേൽ

**ജീസസ് യൂത്തിലേക്ക് എങ്ങനെ?**

യേശുക്രിസ്തുവിന്റെ ഉത്തമ മിഷ്ണറി ശിഷ്യരായി ജീവിക്കാൻ താത്പര്യമുള്ള ഏതു വ്യക്തിക്കും ജീസസ് യൂത്തിലേക്ക് കടന്നുവരാം. അതിനായി മാനന്തവാടി സോൺ ജീസസ് യൂത്ത് പലവിധത്തിലുള്ള പ്രോഗ്രാമുകളും സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും നടക്കുന്ന കോളേജ് കുട്ടികളുടെ ധ്യാനം/എല്ലാ മാസത്തിലെയും രണ്ടാം ശനി യാഴ്ച ദ്വാരക സിയോൻ വട്ടചാപ്പലിൽ വെച്ചുനടക്കുന്ന ഏകദിന കൺവെൻഷൻ/മറ്റ് ജീസസ് യൂത്ത് ട്രെയിനിംഗ് പ്രോഗ്രാമുകൾ ഫോർമേഷൻ കോഴ്സുകൾ എന്നിവയിലൂടെ ക്രിസ്തുവിനെ സ്നേഹി ക്കാനും ക്രിസ്തുവിന്റെ ജീവിതശൈലി ജീവിതത്തിൽ പകർത്താൻ ആഗ്രഹിക്കുന്നവർക്കും ജീസസ് യൂത്ത് കൂട്ടായ്മയിലേക്ക് കടന്നു വരാവുന്നതാണ്.

**ഫുൾടൈംമർഷിപ്പ്**

“നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവി ശേഷം പ്രസംഗിക്കുവിൻ” (മർക്കോസ് 16:15)

യേശുക്രിസ്തുവിനു വേണ്ടി ഒരു വർഷം യുവജനങ്ങൾക്ക് ശുശ്രൂഷ ചെയ്യാൻ ജീസസ് യൂത്ത് അവസരമൊരുക്കുന്നു. 1992-ൽ ആണ് ഫുൾടൈംമർഷിപ്പ് എന്ന പദ്ധതി രൂപം കൊള്ളുന്നത്. ജീസസ് യൂത്തിനോട് ചേർന്ന് നിൽക്കുന്നവരും ഡിഗ്രി പഠനം കഴിഞ്ഞവരുമാണ് ഫുൾടൈംമർഷിപ്പിന് യോഗ്യരാകുന്നത്. സോണുകളിലൂടെ അപേക്ഷ നൽകുന്നവരെ ഇന്റർവ്യൂവിലൂടെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്ക പ്പെടുന്നവർക്ക് 40 ദിവസത്തെ പരിശീലനം കൊടുക്കുകയും ശേഷം ഇന്ത്യയുടെ പലഭാഗങ്ങളിലേക്കായി മിഷ്ണറിയായി അയക്കപ്പെടുന്നു. അവരവർക്ക് കിട്ടുന്ന സ്ഥലങ്ങളിൽ ഈശോയ്ക്ക് വേണ്ടി അവർ ഒരു വർഷം ശുശ്രൂഷ ചെയ്യുന്നു. ഫുൾടൈംമർഷിപ്പ് പ്രോജക്ട് തുടങ്ങി യിട്ട് ഇത് 27-ാം ബാച്ചാണ്.

ഫുൾടൈംമർഷിപ്പിന്റെ ജൂബിലി വർഷത്തിൽ (2016) റിറ്റിന ബേബി കെ.ജെ. കുന്നുമ്മേൽ നമ്മുടെ ഇടയിൽ നിന്നും ചങ്ങനാശ്ശേരി യിൽ പോയി ഒരു വർഷം ശുശ്രൂഷ ചെയ്തു. 2017-ൽ മാനന്തവാടി സോണിൽ നിന്നും ആഷ്ണ ലെസ്ലി മേഘാലയിൽ ശുശ്രൂഷയ്ക്ക് പോയി. 2017-ൽ മാനന്തവാടി സോണിൽ ശുശ്രൂഷ ചെയ്യുവാനായി പാലാ സോണിലെ മൂലമറ്റത്തു നിന്നും മരിയാറാണി ബെന്നി കടന്ന് വന്നു.

ഈ വർഷം 2018-ൽ അമല ജോസഫ് കളവനാൽ ജൂൺ 1-ന് ആരംഭിച്ച ഫുൾടൈംമർഷിപ്പ് ട്രെയിനിംഗിൽ പങ്കെടുക്കുന്നു.

**ജൂൺ മാസത്തെ പ്രവർത്തനങ്ങൾ**

അമല ജോസഫ് ട്രെയിനിംഗിന് പോകുന്നതിന് മുന്നോടിയായി ഫാ. ജെയ്മോൻ കളമ്പുകാട്ടിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് അംഗങ്ങൾ അമലയുടെ ഭവനത്തിൽ പോയി പ്രാർത്ഥിക്കുകയും ട്രെയിനിംഗിനായി ഒരുക്കിവിടുകയും ചെയ്തു.

**ലീഡേഴ്സ് ഗാതറിംഗ്**

മാസത്തിലെ എല്ലാ രണ്ടാം വെള്ളിയാഴ്ചയും നടത്തപ്പെടുന്ന ലീഡേഴ്സ് ഗാതറിംഗ് ജൂൺ 8 വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ജപമാലയോടുകൂടി തുടങ്ങി. ശേഷം ജെയ്മോനച്ചൻ വിശുദ്ധബലി അർപ്പിക്കുകയും തുടർന്ന് ലീഡേഴ്സ് ഷെയറിംഗ് നടത്തുകയും അരാധനയോടുകൂടി ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്തു. ആരാധനയിലെ പ്രത്യേക നിയോഗം വരാനിരിക്കുന്ന യുവജന കൺവെൻഷൻ ആയിരുന്നു.

**ഏകദിന കൺവെൻഷൻ**

ശനിയാഴ്ച രാവിലെ 9 മണിയോട്കൂടി സിയോൻ ചാപ്പലിൽ ആരംഭിച്ച എല്ലാ ശുശ്രൂഷകൾക്കും നേതൃത്വം നൽകിയത് അനില ഷാജിയാണ്. 3 മണിക്കത്തെ ആരാധനയോടെ ഈ ദിവസത്തെ ശുശ്രൂഷകളും അവസാനിച്ചു.

**കൊളോക്കിയം 2018**

ആഗസ്റ്റ് മാസത്തിൽ മൂവാറ്റുപുഴയിൽ വെച്ച് നടക്കാൻ പോകുന്ന ജീസസ് യൂത്ത് കേരളാ കോൺഫ്രൻസിന് മുന്നോടിയായി മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന കൊളോക്കിയം പ്രോഗ്രാമിൽ മാനന്തവാടിയിൽ നിന്നും വിനു മാത്യു ചാത്തൻകണ്ടത്തിൽ പങ്കെടുത്തു. ജീസസ് യൂത്ത് മുന്നേറ്റത്തിന് നല്ലൊരു മുതൽകൂട്ടായിരുന്നു കൊളോക്കിയം പ്രോഗ്രാം.

**ജൂലൈ മാസത്തെ പ്രോഗ്രാം**

ജൂലൈ 1 ആലുവായിൽ ഫുൾടൈമേഴ്സ് കമ്മീഷണിങ്ങ് (ഓരോ മിഷനറിമാരെയും അവരവരുടെ മിഷൻ സ്ഥലത്തേയ്ക്ക് പറഞ്ഞയക്കുന്ന പ്രോഗ്രാം)

ജൂലൈ 13 വെള്ളി 6 pm - ലീഡേഴ്സ് ഗാതറിങ്ങ് (ജപമാല/വി.കുർബാന/ക്ലാസ്/ആരാധന)

ജൂലൈ 14 ശനി 9.30 am 3.30 pm - ഏകദിന കൺവെൻഷൻ (ജപമാല/വി.കുർബാന/ക്ലാസ്/ആരാധന)

**ഫാ. ജെയ്മോൻ കളമ്പുകാട്ട് -** ഡയറക്ടർ, ജീസസ് യൂത്ത്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ദൈവം നമുക്കായി നൽകിയ ഒരു പുതുവർഷത്തിന്റെ ആദ്യ പകുതി നാം പിന്നിട്ടു കഴിഞ്ഞു. കഴിഞ്ഞ ആറുമാസങ്ങൾക്കുള്ളിൽ നാമോരോരുത്തരുടെയും ജീവിതത്തിലൂടെ ഒട്ടേറെ ആളുകളും സംഭവങ്ങളും കടന്നുപോയിട്ടുണ്ട്. ചിലർ നമ്മെ വേദനിപ്പിച്ചിട്ടുണ്ടാകാം, ചിലർ നമുക്ക് സന്തോഷം പ്രദാനം ചെയ്തിട്ടുണ്ടാകാം. പല സംഭവങ്ങളും ഇതുപോലെ നമ്മെ സന്തോഷിപ്പിക്കുകയും വേദനപ്പെടുത്തുകയും ചെയ്തിട്ടുണ്ടാവാം. നമ്മെ വേദനിപ്പിച്ചവരോട് പകയുടെ കനലുകൾ അണയാതെ ചിലരെങ്കിലും മനസ്സിൽ സൂക്ഷിച്ചിട്ടുണ്ടാവാം. എന്നാൽ ഇവക്കെല്ലാമുപരിയായി നാം അയോഗ്യരായിരുന്നിട്ടുകൂടി - നിരവധിയായ അനുഗ്രഹങ്ങൾ ദൈവം നമുക്ക് തന്നിട്ടില്ലെ. പഴയ നിയമത്തിൽ ഉല്പത്തി പുസ്തകത്തിൽ 33-ാം അധ്യായത്തിൽ യാക്കോബ് അഥവാ ഇസ്രായേൽ തന്റെ സഹോദരനായ ഏസാവിനെ വീണ്ടും കണ്ടുമുട്ടുന്ന രംഗം വിവരിക്കുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് തന്റെ ജ്യേഷ്ഠനായ ഏസാവിന് അർഹതപ്പെട്ട അനുഗ്രഹങ്ങളെല്ലാം പിതാവായ ഇസഹാക്കിൽ നിന്നും തട്ടിയെടുത്ത് ഒളിച്ചോടിയശേഷം വർഷങ്ങൾക്കുശേഷം സഹോദരനായ ഏസാവിനെ കാണുവാൻ ഭാര്യയോടും മക്കളോടുമൊത്ത് തിരികെ പിതൃഭവനത്തിലേക്ക് എത്തുന്ന വഴിയിൽവച്ച് പരസ്പരം കണ്ടുമുട്ടുമ്പോൾ യാക്കോബ് തന്റെ സഹോദരനോട് ഇപ്രകാരം പറയുന്നു - ദൈവത്തിന്റെ മുഖം കണ്ടാലെന്നപോലെയാണ് ഞാൻ അങ്ങയുടെ മുഖം കണ്ടത്. അത്രയ്ക്ക് ദയയോടെയാണ് അങ്ങ് എന്നെ സ്വീകരിച്ചത് ദൈവം എന്നോട് കാരുണ്യം കാണിച്ചിരിക്കുന്നു. എല്ലാം എനിക്ക് വേണ്ടത്രയുണ്ട്. പ്രിയപ്പെട്ടവരെ, ദൈവം നമ്മോടെല്ലാം ഒട്ടേറെ കാരുണ്യം കാണിക്കുന്നുണ്ട്. ഈ കാരുണ്യത്തിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ പങ്കുവയ്ക്കുന്നവരാവണം നാം. മററുള്ളവർ നമ്മിലൂടെ ദൈവസ്നേഹം അനുഭവിച്ചറിയട്ടെ.

**സെൻട്രൽ കൗൺസിൽ യോഗം**

സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം നടവയൽ ഓസാനാംഭവനിൽ നടന്നു. സി.സി.ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര അനുഗ്രഹ പ്രഭാഷണം നടത്തി. അടുത്തിരിക്കുന്നവരെ കാണാനുള്ള കഴിവ് നാം വളർത്തിയെടുക്കണം. ജീവിതത്തിലുടനീളം സമ്പാദിക്കാനായി വ്യഗ്രതപ്പെടുന്നവരാണ് നാമെല്ലാം. ഈ സമ്പാദിക്കൽ നമുക്ക് നിർവൃതി നേടിതരുന്നുണ്ടോ. സമ്മാനിച്ച് സമ്പന്നരാകാൻ നമുക്ക് കഴിയണം - അദ്ദഹം ഉദ്ബോധിപ്പിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ട്, സി.സി. ട്രഷറർ ബ്ര.എൻ.യു.ജോൺ നെടുങ്കൊമ്പിൽ കണക്ക്, ഓസാനാംഭവൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ വടക്കുഞ്ചേരി ഓസാനാംഭവൻ കണക്കുകൾ, പ്രവർത്തന റിപ്പോർട്ട് എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം റിപ്പോർട്ടുകളും കണക്കുകളും യോഗം അംഗീകരിച്ചു.

ഓസാനാംഭവൻ സംഭാവനപെട്ടികൾ എല്ലാമാസവും തുറന്ന് തുക കൃത്യമായി സി.സി.യിൽ എത്തിക്കുവാൻ എ.സി.പ്രസിഡന്റുമാരെ ചുമതലപ്പെടുത്തി.

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കലണ്ടർ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു കലണ്ടർ അച്ചടിക്കുന്ന വിവരം ഇതിനകം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമുള്ള വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തി സാധാരണ പത്രമാധ്യമങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്ന രീതിയിൽ–എന്നാൽ ക്രിസ്തീയമായ വിവരങ്ങൾക്ക് മുൻതൂക്കം നല്കിയാണ് കലണ്ടർ തയാറാക്കുന്നത്. ഒക്ടോബർ അവസാനത്തോടെ കലണ്ടർ അച്ചടിച്ച് വിതരണത്തിനായി എ.സി.കളിൽ എത്തിക്കുന്നതാണ്. നമ്മുടെ ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നമ്മുടെ കലണ്ടർ എത്തിക്കുവാൻ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും മുന്നിട്ടിറങ്ങണം. കലണ്ടർ വീടുകളിൽ എത്തിക്കുന്നതോടൊപ്പം സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സന്ദേശം എല്ലാവരിലും എത്തിക്കുകയെന്നതും ഇതിന്റെ പിന്നിലുള്ള ധർമ്മമാകണം. ഇതോടൊപ്പം നമ്മുടെ രൂപതയിലെയും മറ്റ് കത്തോലിക്കാ ദൈവാലയങ്ങളിലെയും പ്രധാന തിരുനാൾ ദിനങ്ങൾ കലണ്ടറിൽ ചേർക്കുന്നുണ്ട്. ഇതിനായി നിങ്ങളുടെയും സമീപ

ത്തെയും കത്തോലിക്കാ ദൈവാലയങ്ങളിലെ പ്രധാന തിരുനാൾ ദിവസം കൃത്യമായി രേഖപ്പെടുത്തി കോൺഫ്രൻസ് പ്രസിഡന്റുമാർ എ.സി.പ്രസിഡന്റുമാരെ ഏൽപ്പിക്കേണ്ടതും അവ 2018-ജൂലൈ 20-നകം സി.സി.യിൽ എത്തിക്കേണ്ടതുമാണ്. ഇതിന് ശേഷം ലഭിക്കുന്ന വിവരങ്ങൾ കലണ്ടറിൽ ചേർക്കുന്നതല്ലെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**കോൺഫ്രൻസ്, എ.സി.തല പരിശീലന പരിപാടി**

കോൺഫ്രൻസ് അംഗങ്ങൾക്കായി എ.സി.തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കോൺഫ്രൻസ്, എ.സി.ഭാരവാഹികൾ നിർബന്ധമായും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. തിയതി, സ്ഥലം എന്നിവ ചുവടെ ചേർക്കുന്നു. എല്ലാ സ്ഥലങ്ങളിലും രാവിലെ 10-മണി മുതൽ ഉച്ചക്ക് 1.30-വരെയായിരിക്കും പരിശീലന പരിപാടി.

ഓഗസ്റ്റ് 11-മണിമൂളി, നിലമ്പൂർ. ഓഗസ്റ്റ് 4-കൊട്ടിയൂർ. ഓഗസ്റ്റ് 22-ഗൂഡല്ലൂർ, ബത്തേരി. സെപ്റ്റംബർ ഒന്ന് -വാഴവറ്റ, കല്പറ്റ, ചുണ്ടക്കര. സെപ്റ്റംബർ 15-തരിയോട്, കുറുമ്പാല. ഒക്ടോബർ 2 - പുൽപ്പള്ളി, പാടിച്ചിറ. ഒക്ടോബർ 13- പയ്യമ്പള്ളി, മാനന്തവാടി. ഒക്ടോബർ 27-കല്ലോടി, തോണിച്ചാൽ. നവംബർ 6 -നടവയൽ.

സ്നേഹപൂർവം,

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര**

സി.സി.ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ജോർജ്ജ് ആക്കാന്തിരി**

സി.സി.പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

സേവ് എ ഫാമിലി പ്ലാൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുമ്പോട്ടു പോകുന്നു. ഇടവകാതലങ്ങളിൽ സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾക്ക് നിസ്വാർത്ഥമായി സേവനം ചെയ്യുന്ന ലോക്കൽ സ്പോൺസേഴ്സിന്റെ, അതാത് ഇടവകതലങ്ങളിലെ സിസ്റ്റേഴ്സിന്റെ യോഗം വിളിച്ചുകൂട്ടി. യോഗത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. ജിനോജ് സ്വാഗതം ആശംസിച്ചു. ബഹു. ഡയറക്ടർ ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷനായിരുന്നു. അച്ചൻ എല്ലാ സിസ്റ്റേഴ്സിന്റെയും നിസ്വാർത്ഥ സേവനങ്ങളെയും പ്രശംസിച്ചു സംസാരിച്ചു. ഒപ്പം അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു. കുടുംബാഗങ്ങളെ തിരഞ്ഞെടുക്കുന്നതിലും അവരെ സഹായിക്കുന്നതിലും ഓരോരുത്തർക്കും ഉള്ള പങ്കിനെപറ്റിയും അച്ചൻ വിശദീകരിച്ചു. കോഡിനേറ്റർ സിസ്റ്റർ ആനി ജോസ് സേവ് എ ഫാമിലി പ്ലാനിനെക്കുറിച്ച് ക്ലാസെടുത്തു. പുതിയ കുടുംബങ്ങളെ കുറിച്ചുള്ള തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളടങ്ങുന്ന ലീഫ്ലെറ്റ് വിതരണം ചെയ്തു. സിസ്റ്റേഴ്സിന്റെ വിലയേറിയ പ്രവർത്തനങ്ങളെ അനുമോദിച്ച് അച്ചൻ എല്ലാവർക്കും ഉപഹാരങ്ങൾ വിതരണം ചെയ്തു. പുതുതായി ചാർജ്ജെടുത്ത കോഡിനേറ്റർ സിസ്റ്റർ അനിലിറ്റിന് സ്വാഗതവും, തന്റെ ആരോഗ്യവും, കഴിവുകളും, സമയവും, സേവ് എ ഫാമിലി പ്ലാനിനായി വ്യയം ചെയ്ത സിസ്റ്റർ ആനിക്ക് നന്ദിയും അർപ്പിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സിസ്റ്റർ അനിലിറ്റ് കൃതജ്ഞത അർപ്പിച്ചു. 2018-19 ലേക്കായുള്ള കുടുംബങ്ങൾക്കായി അപേക്ഷകൾ സ്വീകരിക്കുന്നതാണ്. അർഹരായ കുടുംബങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയിലെ സ്വാവലംബ നിൽ ചേർന്നവരുടെ 2017-18 സാമ്പത്തിക വർഷത്തിലെ സ്ഥിതിവിവര കണക്ക് അയച്ച് കൊടുത്തു. ഈ പദ്ധതിയിൽ ചേർന്ന് 60 വയസ്സായ അംഗങ്ങളുടെ ഫണ്ട് തിരിച്ചെടുക്കാനുള്ള അപേക്ഷകൾ അയച്ചിട്ടുണ്ട്. പ്രാൺകാർഡ്, ബാങ്ക്പാസ്ബുക്ക് കോപ്പി, ആധാർകാർഡ് കോപ്പി, റേഷൻകാർഡ് കോപ്പി, ക്യാൻസൽ ചെയ്ത ചെക്ക് ലീഫ്, പാസ്പോർട്ട് സൈസ് ഫോട്ടോ 1 എന്നിവ സഹിതം WSSS ൽ എത്തുക.

**കെ.എൽ.എം. ബോധവത്ക്കരണ ക്ലാസ്**

കൊയിലേരി യൂണിറ്റിൽ 18-5-18 നും സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കരിമ്പിൽ 27-5-18 നും KLM നെക്കുറിച്ചും കേരള ഗവൺമെന്റിന്റെ വിവിധതരം ക്ഷേമനിധിയെക്കുറിച്ചും KLM കോഡിനേറ്റർ മിനി ക്ലാസ് എടുത്തു. അന്നേദിവസം തയ്യൽ തൊഴിലാളി, ചെറുകിടതോട്ടം തൊഴി ലാളി, കർഷക തൊഴിലാളി ക്ഷേമനിധി എന്നിവയിൽ അംഗത്വം എടു ക്കുകയുണ്ടായി.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി**

SWS യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, CDO എന്നിവർക്കായി സംഗമം നടത്തി. WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല അധ്യക്ഷപ്രഭാഷണം നടത്തി. റവ.ഫാ. ജിനോജ് പാലത്തടത്തിൽ പ്രോഗ്രാം ഓഫീസർ പി.എ. ജോസ് എന്നിവർ സംസാ രിച്ചു. തുടർന്ന് SWS തലത്തിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി അംഗങ്ങളുടെ 10, +2 പരീക്ഷയിൽ 90% ൽ അധികം മാർക്ക് വാങ്ങിയ കുട്ടികളെ മെമോന്റോ നൽകി ആദരിക്കുകയും, വൃക്ഷതൈ വിതരണം നടത്തുകയും ചെയ്തു. ഓരോ SWS കളിലേയും ഏറ്റവും നല്ല പച്ചക്ക റിതോട്ടം ചെയ്തവർക്ക് പ്രോത്സാഹന സമ്മാനങ്ങളും വിതരണം ചെയ്തു. SWS തലത്തിൽ ഏറ്റവും നല്ല വരുമാനവർദ്ധക പ്രവർത്തനം നടത്തുന്ന സംരംഭകരെ കണ്ടെത്തി. മരിയ തവിഞ്ഞാൽ, ഐശ്വര്യ കല്ലോടി, നവദീപം കണിയാരം എന്നീ ഗ്രൂപ്പുകൾ ആദരവിന് അർഹ രായി.

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയിൽ വിവിധ പ്രദേശങ്ങളിലെ 11 ക്യാൻസർ രോഗികൾക്ക് 55000/- രൂപ ധനസഹായം നൽകി. യൂണിറ്റ് തലത്തിൽ മഴക്കാല രോഗങ്ങളെക്കുറിച്ച് ക്ലാസുകൾ നടന്നു.

പുൽപ്പള്ളി, പാറത്തോട്ടം, കല്ലോടി, കാരക്കാമല, ചെറുകാട്ടൂർ, പയ്യമ്പള്ളി, ദ്വാരക എന്നിവിടങ്ങളിൽ കുട നിർമ്മാണ പരിശീലനത്തിന്

സുജമാത്യു, ഷീന ആന്റണി, ആലീസ് സിസിൽ, ഷൈനി ദേവസ്യ എന്നിവർ നേതൃത്വം നൽകി. SWS, SRG, PSSS ക്രെഡിറ്റ് യൂണിയൻ സംവിധാനങ്ങളുടെ ഓഡിറ്റ് നടത്തിവരുന്നു. സ്വാശ്രയ സംഘങ്ങളുടെ പദ്ധതി നടത്തിപ്പിനായി 6 സംഘങ്ങൾ ലോൺ പുതുക്കി.

**ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപത യുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതി യാണ്. പദ്ധതിയിൽ അംഗങ്ങളായവർ മെയ് മാസത്തിൽ ക്ലയിമുകൾ നൽകുവാൻ തുടങ്ങി. ഇരുപത്തിയഞ്ച് പുതിയ ക്ലയിമുകൾ ഈ മാസത്തിൽ രജിസ്റ്റർ ചെയ്തു.

ജീവസിൽ ചേർന്നിരിക്കുന്നവരുടെ സംശയ നിവാരണത്തിനു വേണ്ടി വാഴവറ്റ, ചുങ്കക്കുന്ന് എന്നിവിടങ്ങളിൽ യോഗങ്ങൾ സംഘടി പ്പിച്ചു.

**ലോക പരിസ്ഥിതി ദിനം ആചരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡി.ഡി.യു.ജി.കെ. വൈ. പദ്ധതിയുടെ നേതൃത്വത്തിൽ ലോകപരിസ്ഥിതി ദിനം സമുചിത മായി ആചരിച്ചു. ദിനാഘോഷത്തിന്റെ ഭാഗമായി പോസ്റ്റർ രചനാമത്സരം, വൃക്ഷതൈ നടീൽ, പരിസര ശുചീകരണം, ബോധവൽക്കരണ ക്ലാസ്, സാംസ്കാരിക സമ്മേളനം എന്നിവ സംഘടിപ്പിച്ചു. ദിനാചരണം വയ നാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല ഉത്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ. അദ്ധ്യക്ഷത വഹിച്ചു. സി.ഡി.യു.ജി.കെ.വൈ. സ്റ്റേറ്റ് ഹെഡ് റോബിൻ, പ്രിൻസിപ്പാൾ ഫ്രാൻസീസ്, കോ-ഓർഡിനേറ്റർ തോമസ് എന്നിവർ സംസാരിച്ചു. ലോക പരിസ്ഥിതിദിന സന്ദേശം എൻ.ജെ. ചാക്കോ നൽകി. പരിപാടിക്ക് അപർണ ജെയിംസ്, ഷിനി തോമസ്, അഞ്ജലി പൗലോസ്, ഷീതൾ, അനഘ, ഏയ്ഞ്ചൽ, സുമിഷ എന്നിവർ നേതൃത്വം നൽകി.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി**

പാരമ്പര്യ കുരുമുളകു സംരക്ഷണ പദ്ധതിയുടെ പ്രവർത്തന ങ്ങളുടെ ഭാഗമായി ഫീൽഡ് സർവ്വെയും മറ്റു പ്രവർത്തനങ്ങളും നടന്നു. കോളിച്ചാൽ, കമ്മന, നടയ്ക്കൽ എന്നിവിടങ്ങളിൽ സർവ്വെ നടത്തി. അരിവള്ളി, കോട്ടനാടൻ എന്നീ പുതിയ ഇനങ്ങൾ ലഭിച്ചു. ഇതുവരെ 73 ഇനങ്ങൾ ലഭിക്കുകയുണ്ടായി. കുരുമുളകിനങ്ങളുടെ രോഗ നിയന്ത്രണത്തിനായി ജൈവകീടനാശിനികളും, ജൈവനിയന്ത്രണ മാർഗ്ഗ

ങ്ങളും നടത്തി. സ്യൂഡോമോണസ്, ബിവേറിയ തുടങ്ങിയ ജൈവനിയ ന്ത്രണ ഉപാധികൾ ഉപയോഗിച്ചു.

കർഷകർക്ക് ബോയ്സ് ടൗണിൽ നിന്നും കുരുമുളകിന്റെ തൈകൾ വിതരണം ചെയ്തു. ഈ വർഷം കർഷകർക്ക് നല്ലയിനം കാപ്പിതൈകൾ വിതരണം ചെയ്യുന്നതിനുള്ള നഴ്സറി പ്രവർത്തനങ്ങൾ നടത്തി. റോബസ്റ്റ – 270 എന്ന പുതിയിനം കാപ്പിതൈകൾ കർഷകർക്ക് നൽകാനായി തയ്യാറായി വരുന്നു. നഴ്സറിയിൽ നടാൻ ഇനങ്ങളുടെ തൈകൾ ഉത്പാദിപ്പിക്കാനായിട്ടുള്ള പ്രവർത്തനങ്ങളും നടത്തി. നാടൻ ഇനങ്ങളുടെ നല്ലയിനം തൈകൾ ഉത്പാദിപ്പിക്കുന്നതിന് വേണ്ടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായി ചേർന്നു പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ബോട്ടാണിക് ഗാർഡന്റെ പ്രവർത്തനങ്ങളും നടന്നു. കാട്ടുപാവൽ, നോനി തുടങ്ങിയ ഔഷധ സസ്യങ്ങൾ ശേഖരിക്കുകയും നഴ്സറിയിൽ നട്ടുവളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## DDU-GKY

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

വിവിധ കോഴ്സുകളിലായി 500 ഓളം കുട്ടികളെ പരിശീലിപ്പിക്കാനും അവർക്ക് വിദേശത്തും സ്വദേശത്തും ജോലി നൽകാനും സാധിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള ആവാർഡും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

കേരളത്തിലെ DDU-GKY സെന്ററുകൾക്കിടയിൽ നടത്തിയ ഗ്രേഡിംഗിൽ WSSS A ഗ്രേഡോടു കൂടി ഒന്നാം സ്ഥാനത്തെത്തിയതും WSSS ന്റെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തി. മെയ് 5

ഏവം കൗശൽ വികാസ് ദിവസ് ആയി ആചരിച്ചു. കഴിഞ്ഞ ബാച്ചിലെ കുട്ടികൾ പരീക്ഷ വിജയകരമായി പൂർത്തിയാക്കുകയും നല്ല റിസൽറ്റ് കൈവരിക്കുകയും ചെയ്തുകൊണ്ട് ചെന്നൈ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി നോക്കി വരുന്നു.

തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

ഫുഡ് പ്രോസ്സസിംഗ് ആന്റ് പ്രെസെർവഷൻ കോഴ്സിൽ വിജയകരമായി പഠനം പൂർത്തിയാക്കിയ ഒരു കുട്ടിക്ക് മലേഷ്യയിൽ ജോലി നൽകുവാൻ സാധിച്ചതും ഞങ്ങളുടെ നേട്ടങ്ങളുടെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തുവാൻ സഹായിച്ചു. കുടുംബശ്രീയുമായി ചേർന്ന് രണ്ടാമത്തെ കോൺവൊക്കേഷൻ പരിപാടിയും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ഫാഷൻ ഡിസൈൻ ബാച്ചിന്റെ മനോഹരമായ യാത്രയയപ്പും വിവിധ ബാച്ചിന്റെ പരീക്ഷയും നടത്തി.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റ് കോഴ്സുകൾക്ക് 10-ാം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ ടാബ്‌ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ മെയ് മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും 74 മീറ്റിംങ്ങുകളിൽ റീജിയണൽ കോർഡിനേറ്റർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും, കർഷകരിൽ നിന്നും കുരുമുളക്, കാപ്പി, ഇഞ്ചി തുടങ്ങിയവയുടെ സംഭരണ മാനദണ്ഡങ്ങൾ കർഷകരെ ധരിപ്പിക്കുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി തവിഞ്ഞാൽ, നാരോക്കടവ്, കായക്കുന്ന്, തോമാട്ടുചാൽ, തൃശ്ശിലേരി, ചീരാൽ എന്നിവിടങ്ങളിലായി സെമിനാറുകൾ നടത്തി. കുമാരി ലിജി ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**ലീഡേഴ്സ് മീറ്റിംങ്ങുകൾ പൂർത്തീകരിച്ചു**

പ്രാദേശിക തലത്തിൽ കർഷക ഗ്രൂപ്പുകളുടെ ലീഡർമാർക്കായി നടത്തി വന്നിരുന്ന പഞ്ചായത്തുതല മീറ്റിംങ്ങുകൾ മെയ് മാസത്തോടെ പൂർത്തീകരിച്ചു. ഗ്രൂപ്പ് മീറ്റിങ്ങുകൾ നടത്തേണ്ട വിധം, ലീഡറുടെ ചുമതലകൾ, കർഷക സംഘാടനം, ഉൽപ്പന്നങ്ങളുടെ ശേഖരണം,

ഫെയർട്രേഡ് സർട്ടിഫിക്കേഷൻ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുകയും ഓരോ പ്രദേശത്തെയും കർഷകർ അഭിമുഖീകരിക്കുന്ന പ്രാദേശിക പ്രശ്നങ്ങളും വെല്ലുവിളികളും ചർച്ചയാകുകയും ചെയ്തു. വരും വർഷത്തിലേയ്ക്ക് കർഷകർക്കിടയിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെ ആയിരിക്കണമെന്ന കാര്യത്തിൽ കർഷക പ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങൾ ശേഖരിച്ചു.

**ഇന്റേണൽ ഇൻസ്പെക്ഷൻ**

പുതുതായി അംഗങ്ങളായ കർഷകരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള ആദ്യ കൃഷിയിട പരിശോധന ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഇന്റേണൽ ഇൻസ്പെക്ടർമാർ നടത്തി വരുന്നു. ജൂൺ മാസം അവസാനത്തോടെ കൃഷിയിട പരിശോധന പൂർത്തീകരിക്കുന്ന രീതിയിൽ കാര്യങ്ങൾ ക്രമീകരിച്ചു.

**ജൈവ സാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ നടപടികൾ ശ്രീ. നിധീഷിന്റെ നേതൃത്വത്തിൽ കൃഷിയിടങ്ങളിലും ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ രമ്യയുടെ നേതൃത്വത്തിലും നടന്നുവരുന്നു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും ഗ്രൂപ്പ് മീറ്റിംങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉത്പ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസിലാക്കി കൊടുക്കുകയും ചെയ്തു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് സംഘടനയാണ് WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസ്സോസിയേഷൻ (വോഫ) നിലവിൽ 7826 കർഷകരാണ് അംഗങ്ങളായുള്ളത്.

**വോഫ എക്സിക്യൂട്ടീവ് മീറ്റിംങ്ങ്**

വോഫയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വാർഷിക പൊതുയോഗ തീരുമാനപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതി

നായി 2018 മെയ് മാസം 29 ന് ബയോവിൻ അഗ്രോ റിസർച്ച് കോൺഫറൻസ് ഹാളിൽ വോഫ എക്സിക്യൂട്ടീവ് യോഗം ചേർന്നു. 8/8 ഭരണ സമിതി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. യോഗത്തിനെത്തിയ അംഗങ്ങളെ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതം ചെയ്തു. യോഗത്തിൽ ചെയർമാൻ അഡ്വ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. വോഫ ഭരണഘടന പ്രകാരം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സെക്രട്ടറി/ഡയറക്ടർ വോഫ ഭരണ സമിതി അംഗമായിരിക്കും എന്നതിനാൽ പുതുതായി നിയമിതനായ WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല യോഗത്തിൽ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**മികച്ച ഫീൽഡ് സ്റ്റാഫിന് അവാർഡ്**

വോഫയുടെ മികച്ച ഫീൽഡ് സ്റ്റാഫിന് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 25000/- രൂപ കാഷ് അവാർഡും മെമന്റോയും നൽകി ആദരിക്കുന്നതിന് തീരുമാനിച്ചു.

**സംഭരണം**

വോഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 2018 മെയ് മാസം 24 റീജിയനുകളിൽ നിന്നായി 425500 കിലോ കാപ്പി കിലോയ്ക്ക് 70-80 രൂപ നിരക്കിലും 5400 കിലോ പച്ച ഇഞ്ചി കിലോയ്ക്ക് 47.50 രൂപ നിരക്കിലും, 12.9 കിലോ ഏലം കിലോയ്ക്ക് 1350 രൂപ നിരക്കിലും 103 കിലോ പച്ച മാങ്ങ കിലോയ്ക്ക് 15 രൂപ നിരക്കിലും സംഭരിച്ചു.

**കഫേ**

2015 മുതൽ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വേണ്ടി 2015 ജൂലൈ മാസം 20-ാം തീയതി രൂപീകരിക്കപ്പെട്ട ഫെയർട്രേഡ് സംഘടനയാണ് കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ് (കഫേ). 2859 കർഷകരാൽ രൂപംകൊണ്ട സംഘടനയിൽ 2017-18 വർഷത്തിൽ 7700 അംഗങ്ങളാണുള്ളത്.

**സെമിനാർ**

2018 മെയ് മാസം 3, 4 തീയതികളിൽ ബാംഗ്ലൂരിൽ വച്ച് നടന്ന NAAP സംഘടിപ്പിച്ച ഫെയർട്രേഡ് സെമിനാറിൽ സംഘടനയെ പ്രതിനിധീകരിച്ച് കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയ്, സ്റ്റാഫ് അംഗം ശ്രീ. ജോസഫ് മാത്യു എന്നിവർ പങ്കെടുത്തു.

**മെമ്പർഷിപ്പ്**

സംഘടനാ നിയമാവലി അനുവർത്തിച്ച് കാർഷികവൃത്തി അവലംബിക്കുവാൻ താൽപര്യം പ്രകടിപ്പിച്ച 3343 കർഷകർക്ക് കഫേയിൽ

അംഗത്വം നൽകി. പുതിയ അംഗങ്ങളടക്കം നിലവിൽ സംഘടനയിൽ 7700 കർഷകരാണ് ഉള്ളത്.

**സംഭരണം**

കഫേയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 2018 മെയ് മാസം 80976.9 കിലോ കാപ്പി കിലോയ്ക്ക് 70 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മെയ് മാസത്തിലും കാപ്പി, മഞ്ഞൾ, പൈനാപ്പിൾ, ചക്ക, പനിക്കൂർക്ക (ഒറിഗാനോ), ഉള്ളിത്തണ്ട് (ചായ്സ്) തുടങ്ങിയവ സംസ്ക്കരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**നിറവിന്റെ പത്താണ്ട് – റേഡിയോ മാറ്റൊലി ദശവാർഷികാഘോഷം**

റേഡിയോ മാറ്റൊലിയുടെ ദശവാർഷികാഘോഷ പരിപാടികൾ 2018 ജൂൺ 2–ന് ഔദ്യോഗികമായി ആരംഭിച്ചു. നിറവിന്റെ പത്താണ്ട് എന്ന പേരിൽ സംഘടിപ്പിച്ചിരിക്കുന്ന ഒരു വർഷം നീളുന്ന പരിപാടി ശുചിത്വമിഷൻ ഓപ്പറേഷൻസ് ഡയറക്ടർ സി.വി.ജോയി ഉദ്ഘാടനം ചെയ്തു. ചടങ്ങിന് റേഡിയോ മാറ്റൊലി മാനേജിംഗ് കമ്മിറ്റി ചെയർമാൻ മോൺ.അബ്രാഹം നെല്ലിക്കൽ അധ്യക്ഷത വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ മുഖ്യപ്രഭാഷണം നടത്തി. ദശവർഷ ആഘോഷങ്ങളുടെ ഭാഗമായി കിടപ്പുരോഗികൾക്ക് റേഡിയോ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം WSSS ഡയറക്ടർ ഫാ.പോൾ കൂട്ടാല നിർവ്വഹിച്ചു. പരിസ്ഥിതി വാരാചരണത്തോട് അനുബന്ധിച്ച് റേഡിയോ മാറ്റൊലി നിർമ്മിച്ച ട്രൂ ലൈഫ് എന്ന ഹ്രസ്വചിത്രം ചടങ്ങിൽ പ്രദർശിപ്പിച്ചു. വയനാടിന്റെ വിവിധ മേഖലകളിൽ സവിശേഷ ശ്രദ്ധപതിപ്പിച്ച വെള്ളമുണ്ട സ്വദേശി കുംഭ, കർഷകൻ ഷാജി എളുപ്പൂപ്പാറ എന്നിവരെ ചടങ്ങിൽ ആദരിച്ചു. മാനന്തവാടി പ്രസ്ക്ലബ്ബ് പ്രസിഡന്റ് സുരേഷ് തലപ്പുഴ, മുൻ മാനേജിംഗ് കമ്മിറ്റി അംഗം മംഗലശ്ശേരി മാധവൻ മാസ്റ്റർ, കണ്ടന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗം ആസ്യ പി.എം. എന്നിവർ ആശംസകളർപ്പിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി സ്വാഗതവും മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ഷാജൻ ജോസ് നന്ദിയും പറഞ്ഞു. റേഡിയോ മാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, മാറ്റൊലി സ്റ്റാഫ് അംഗങ്ങൾ, മാറ്റൊലിക്കൂട്ടം ഭാരവാഹികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**പത്താംവർഷം– പത്ത് കർമ്മ പദ്ധതികൾ**

1. 24 മണിക്കൂർ പ്രക്ഷേപണം
2. ജനങ്ങൾക്കൊപ്പം: വിവിധ സർക്കാർ വകുപ്പുകളെകുറിച്ച് പ്രത്യേക പരിപാടി.
3. എന്റെ മാറ്റൊലി: റേഡിയോ മാറ്റൊലിയെകുറിച്ചുള്ള ശ്രോതാക്കളുടെ അനുഭവം എല്ലാ ദിവസവും

4. മാറ്റൊലി ഗ്രാമം: 10 മാറ്റൊലി ഗ്രാമങ്ങൾ.
5. മാറ്റൊലി സ്കൂൾ ക്ലബ്ബ്: സ്കൂളുകളിൽ മാറ്റൊലി ക്ലബ്ബുകൾ രൂപീകരിച്ച് പ്രത്യേക പ്രവർത്തന പദ്ധതികൾ.
6. സൗജന്യ റേഡിയോ സെറ്റ് : കിടപ്പ് രോഗികൾക്കും നിർദ്ധനർക്കും സൗജന്യ റേഡിയോ സെറ്റ് വിതരണം.
7. ക്യാമ്പസ് മാറ്റൊലി: കോളേജുകളിൽ ബോധവത്കരണ പരിപാടികളും ടോക്ക് ഷോ, മ്യൂസിക്കൽ ഷോ.
8. വിവിധ മത്സരപരിപാടികൾ.
9. തനിമ: വയനാടൻ ഗോത്രവിഭാഗങ്ങളുടെ പഴമയും തനിമയും തേടിയുള്ള യാത്ര.
10. റേഡിയോ മാറ്റൊലിയുടെ പത്ത് വർഷത്തെ പ്രവർത്തനങ്ങൾ. ഉൾക്കൊള്ളിച്ചുള്ള സുവനീർ

**പ്രക്ഷേപണം 24 മണിക്കൂർ**

നാല് മണിക്കൂർ പ്രക്ഷേപണവുമായി ആരംഭിച്ച റേഡിയോ മാറ്റൊലി 2018 ജൂൺ 1–ന് അതിന്റെ പ്രക്ഷേപണം 24 മണിക്കൂർ ആയി വർദ്ധിപ്പിച്ചു. പത്താം വയസ്സിലേക്ക് പ്രവേശിച്ചതിന്റെ ഭാഗമായാണ് പ്രക്ഷേപണ സമയം കൂട്ടിയത്. ജനങ്ങൾക്കൊപ്പം (ഗവ.ഡിപ്പാർട്ട്മെന്റുകളെ പരിചയപ്പെടുത്തുന്ന പരിപാടി) എന്റെ മാറ്റൊലി (ശ്രോതാക്കളുടെ അഭിപ്രായം), മാറ്റൊലി ടാക്കീസ് (ചലനചിത്രാസ്വാദനം), പാട്ടുപെട്ടി (വിവിധ ഭാഷാ ചലച്ചിത്ര ഗാനങ്ങൾ), ദിൽസെ (ഹിന്ദി ഗാനങ്ങൾ), ഇസൈഇരവ് (തമിഴ്ഗാനങ്ങൾ), ഗാനമാലിക (ഇമ്പമാർന്ന മലയാള ഗാനങ്ങൾ) തുടങ്ങിയ വിവിധ പരിപാടികളും പുതിയതായി റേഡിയോ മാറ്റൊലി ആരംഭിച്ചിട്ടുണ്ട്.

**അനുശോചനം**

റേഡിയോ മാറ്റൊലിയുടെ, മുൻ മാനേജിംഗ് കമ്മിറ്റി അംഗം ശ്രീ. ജോസ് സെബാസ്റ്റ്യന്റെ പിതാവിന്റെ നിര്യാണത്തിൽ ടീം അംഗങ്ങൾ അനുശോചിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി, ഫാ.മനോജ് കാക്കോനാൽ എന്നിവർ സംസ്കാരചടങ്ങിൽ പങ്കെടുത്തു.

**വിവാഹമംഗളങ്ങൾ**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന റേഡിയോ മാറ്റൊലി വോളണ്ടിയർ രാഗിൻ റോസിന് റേഡിയോ മാറ്റൊലി കുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ. 2017 ഡിസംബർ മുതൽ വിവിധ റേഡിയോ പ്രോഗ്രാമുകൾക്ക് ശബ്ദം, സാങ്കേതിക സഹായം എന്നിവ നൽകു

കയും, ആപ്സ്.കോം, മാറ്റൊലി ടാക്കീസ്, സല്ലാപം, മേഘദൂത് എന്നീ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ഇന്റേൺഷിപ്പ്**

മാംഗ്ലൂർ ALVAS College se B A (EJP) വിദ്യാർത്ഥികളായ മുഹമ്മദ് റിഷാദ്, സഹദ് എം എന്നിവർക്കും Thamil Nadu Central University യിലെ M A Mass Communication വിദ്യാർത്ഥികളായ ശാലിനി ആർ, മായ എൻ.എസ്. എന്നിവർക്കും ഇന്റേൺഷിപ്പ് പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റ് നൽകി.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

തത്സമയ ഫോൺഇൻ: മെയ് 19-ന് സുരക്ഷിത ഭവനം, സുരക്ഷിത ജീവിതം എന്ന തത്സമയ പരിപാടി സംഘടിപ്പിച്ചു. ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ സിബി വർഗ്ഗീസ് പങ്കെടുത്ത തത്സമയ പരിപാടിയിൽ 15 ശ്രോതാക്കൾ വിളിച്ചു.

**സർവോദയസദസ്സ്:** നെന്മേനി, നൂൽപ്പുഴ, പനമരം എന്നീ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്തു.

**നേരും പൊരുളും:** ചുരം കയറുന്ന വയനാടിന്റെ വികസന സ്വപ്നങ്ങൾ, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം, മാലിന്യങ്ങൾ മാറാരോഗങ്ങൾ സൃഷ്ടിക്കുമ്പോൾ, ജലസംരക്ഷണത്തിൽ കേണികൾക്കുള്ള പ്രാധാന്യം, തിരിച്ചെത്തുന്ന പ്രവാസികൾക്കും വേണം ക്ഷേമപദ്ധതികൾ, വനാവകാശ നിയമം 2006-കേരളം ശ്രദ്ധിക്കേണ്ടത്, സിനിമയുടെ പുതിയ തിരശ്ശീലകൾ, പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ പോരാടാം, മാനസികാരോഗ്യം മനുഷ്യാവകാശ മാകുമ്പോൾ, പാഠം പഠിക്കാത്ത ആരോഗ്യമേഖല എന്നീ വിഷയങ്ങളാണ് നേരും പൊരുളും കൈകാര്യം ചെയ്തത്.

**പാനൽചർച്ച:** മഴക്കാലരോഗങ്ങൾ-പ്രതിവിധികൾ മുൻകരുതലുകൾ എന്ന വിഷയമാണ് പാനൽചർച്ച കൈകാര്യം ചെയ്തത്. പൊരുന്നന്നൂർ പ്രാഥമികാരോഗ്യകേന്ദ്രം അസി. സർജൻ ഡോ.ടോജോ പി. ജോയ്, പൊരുന്നന്നൂർ ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർ എം. ബാബുരാജൻ, ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അഭിലാഷ് ബി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**മനസൗഖ്യ:** ആൽക്കഹോളിക് അനോണിമസ് എന്ന കൂട്ടായ്മയേയും ഇതിന്റെ അനുബന്ധ കൂട്ടായ്മകളായ അൽ-അനോ, അൽ-അറ്റീൻ എന്നിവയേയുംകുറിച്ചുള്ള വിവരങ്ങളാണ് മനസൗഖ്യ പങ്കുവെച്ചത് . സുൽത്താൻ ബത്തേരി അസംപ്ഷൻ ആശുപത്രിയിലെ കൗൺസിലിംഗ് സൈക്കോളജിസ്റ്റായ കൈലാസ് ബേബിയാണ് വിവരങ്ങൾ നൽകിയത്.

**അരങ്ങ്:** പ്രേമരാജൻ ചീക്കല്ലൂർ തയ്യാറാക്കി അവതരിപ്പിച്ച കുരങ്ങന്റെ പ്രതികാരം എന്ന ചെറുകഥ, അയന ആൻമേരി, സിസ്റ്റർ മെറീന മുത്താനിക്കാട്ട്, നിയമരിയ ഷിമിൽ, ദേവാങ്കണ കെ, ആഷ്‌ലി കുര്യാക്കോസ്, ജിൻസി ജിബിൻ, ശ്രീരാഗ് എസ്.പ്രസാദ് എന്നിവർ ആലപിച്ച ചലച്ചിത്രഗാനങ്ങൾ എന്നിവയാണ് അരങ്ങിൽ ഉൾപ്പെടുത്തിയത്.

**ധന്യമീ ജീവിതം:** അധ്യാപകനായും ഹയർസെക്കന്ററി വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായും സേവനം ചെയ്ത ശേഷം വിശ്രമ ജീവിതം നയിക്കുന്ന ഇ.കെ.ജയരാജൻ, പോലീസ് വകുപ്പിലെ മികച്ച സേവനത്തിന്ശേഷം വിരമിച്ച എം.ഗംഗാധരൻ, വെള്ളമുണ്ട സ്വദേശി വി.കെ.ശ്രീധരൻ മാഷ് എന്നിവരുടെ അനുഭവങ്ങൾ ആണ് ധന്യമീജീവിതത്തിൽ പങ്കുവെച്ചത്.

**പ്രത്യേക പരിപാടികൾ:** ആരോഗ്യം, പ്രതിരോധം, അതിജീവനം ആരോഗ്യ ജാഗ്രത സെമിനാർ, മോഹൻലാലിന്റെ ജന്മദിനത്തോട് അനുബന്ധിച്ച് ദ ക്ലംപ്ലീറ്റ് ആക്ടർ മോഹൻലാൽ എന്ന പ്രത്യേക പരിപാടി, സാമൂഹ്യനീതി-ശിശുവികസന വകുപ്പുകൾ മുന്നോട്ട് വെക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ, ചക്കപ്പെരുമ വ്യക്തമാക്കുന്ന അല്പം ചക്ക മാഹാത്മ്യം എന്ന പരിപാടി, ജൈന പൊരുൾ തേടി എന്ന റേഡിയോ ഡോക്യുമെന്ററി, കുറുമ്പാലക്കോട്ട - തിരിച്ചറിയാൻ വൈകിയ സൗന്ദര്യം, നാളെയ്ക്കായി ഒരു കരുതൽ, അത്ഭുത പ്രതിഭ-റസൂൽപൂക്കുട്ടി, നിപ രോഗത്തേക്കുറിച്ചും സ്വീകരിക്കേണ്ട മുൻകരുതലുകളേക്കുറിച്ച് ജില്ലാആശുപത്രി സൂപ്രണ്ട് വി.ജിതേഷ് നല്കിയ വിവരങ്ങളും, റേഡിയോ മാറ്റൊലിയുടെ പത്താം പിറന്നാൾ ആഘോഷം നിറവിന്റെ പത്താണ്ട്, പരിസ്ഥിതിയ്ക്കായി ഒരു ദിനം, ലോക രക്തദാന ദിനത്തോടനുബന്ധിച്ചുള്ള പരിപാടി എന്നീ പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**ഓവർഡ്രൈവ്:** ജിക്സർ മോട്ടോർ സൈക്കിളിന്റെ ആന്റിലോക് ബ്രെയിക്കിംഗ് സംവിധാനമുള്ള വകഭേദം ജാപ്പനീസ് നിർമ്മാതാക്കളായ സുസുകി മോട്ടോർ സൈക്കിൾസ് ആന്റ് സ്കൂട്ടർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പുറത്തിറക്കിയ വിശേഷമാണ് ഓവർഡ്രൈവ് പങ്കുവെച്ചത്.

**പൊൻപുലരി:** ബത്തേരിയിൽ നടന്ന കുടുംബശ്രീ ജില്ലാ കലോത്സവത്തിലെ വിവിധ പരിപാടികളാണ് പൊൻപുലരി പ്രക്ഷേപണം ചെയ്തത്.

**ജാലകം:** എം.എസ്.സ്വാമിനാഥൻ ഗവേഷണ കേന്ദ്രത്തിൽ ഗ്രാമീണ ഗവേഷണ സംഗമം 2018 ന്റെ റേഡിയോ റിപ്പോർട്ട്, ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് ടി.ഉഷാകുമാരി ഉദ്ഘാടനം ചെയ്ത മാനന്തവാടി ജില്ലാ ആശുപത്രിയിലെ മാമ്മോഗ്രാം യൂണിറ്റിനെക്കുറിച്ചുള്ള റേഡിയോ റിപ്പോർട്ട്, മാനന്തവാടി എക്സൈസ് കോംപ്ലക്സ് നിർമ്മാണോദ്ഘാടനം എക്സൈസ് മന്ത്രി ടി.പി.രാമകൃഷ്ണൻ നിർവ്വഹിച്ചതിന്റെ റേഡിയോ റിപ്പോർട്ട്, ജൈവകൃഷി മേഖലയിൽ അടുക്കളപച്ചക്കറി തോട്ടങ്ങൾക്കുള്ള പ്രസക്തിയെക്കുറിച്ച് കൃഷി വകുപ്പ് അസി.ഡയറക്ടർ ലൗലി അഗസ്റ്റിൻ നൽകിയ മാർഗ്ഗനിർദേശങ്ങൾ, സ്കൂൾ ആരംഭത്തോടനുബന്ധിച്ചുള്ള പ്രവേശനോത്സവത്തിന്റെ വിവരങ്ങൾ എന്നിവയും മാനന്തവാടി ലളിതകലാ അക്കാദമിയിൽ നടന്ന ഷൈൻ സെബാസ്റ്റ്യന്റെ ചിത്രപ്രദർശനത്തിന്റെ വിവരങ്ങളും, പൊലിക 2018 ന്റെ ഭാഗമായി മാനന്തവാടി ടിടിഐയിലെ മുൻ അധ്യാപകൻ മാത്യു നൽകിയ ജലസംരക്ഷണ മാർഗ്ഗനിർദേശങ്ങളും ജാലകം പരിപാടിയിൽ ഉൾപ്പെടുത്തി.

**ക്ഷീരവാണി :** മിൽമ പ്രൊക്യൂർമെന്റ് ഓഫീസർ ജയരാജൻ പങ്കുവെച്ച ക്ഷീരമേഖലയിലെ 10 കല്പനകൾ, മുള്ളൻകൊല്ലി ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ, കന്നുകാലികളെ ബാധിക്കുന്ന കുളമ്പുരോഗത്തേയും പ്രതിവിധികളേയുംകുറിച്ച് ഡോ.ബാലകൃഷ്ണൻ നായർ നടത്തിയ പ്രഭാഷണം എന്നിവ ക്ഷീരവാണി പ്രക്ഷേപണം ചെയ്തു.

**വയൽനാട് :** കറുവപ്പട്ടയുടെ ഗുണങ്ങളും കൃഷിരീതികളും, കോഴികളെ വളർത്തുന്നവരും ഈ മേഖല ഇഷ്ടപ്പെടുന്നവരും അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ, തവിഞ്ഞാൽ പഞ്ചായത്ത് ഫാർമേഴ്സ് ഫീൽഡ് സ്കൂളിൽ മത്സ്യകർഷകർക്കായി നടത്തിയ ക്ലാസ്സിലെ പ്രസക്ത ഭാഗങ്ങൾ, കുറ്റികുരുമുളക് കൃഷി, പാഷൻഫ്രൂട്ടിന്റെ മൂല്യവർദ്ധിത ഉത്പങ്ങളുടെ വിപണനത്തിനായി എ.കെ. ഗ്രൂപ്പ് ഓഫ് അഗ്രോഫുഡ് ഇൻഡസ്ട്രീസ് സംരംഭം എന്നിവ വയൽനാട് പരിപാടി പരിചയപ്പെടുത്തി.

**ഹോമിയോകെയർ:** ഹോമിയോപ്പതി വകുപ്പ് മുന്നോട്ട് വെച്ചിരിക്കുന്ന വിവിധ പദ്ധതികളെകുറിച്ചുള്ള വിവരങ്ങളാണ് ഹോമിയോകെയറിൽ ഉൾപ്പെടുത്തിയത്. ഡോ.ജെറാൾസ് ജയകുമാറാണ് വിവരങ്ങൾ പങ്കുവെച്ചത്.

**ആയുർകെയർ:** ഭാരതീയ ചികിത്സാ വകുപ്പ് വയനാട് ജില്ലയ്ക്കായി നടപ്പാക്കുന്ന പ്രവർത്തനങ്ങളേയും മുൻവർഷം നടപ്പാക്കിയ പദ്ധതികളേയുംകുറിച്ചുള്ള ലഘുവിവരങ്ങൾ ആയുർകെയറിലൂടെ ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ.അരുൺ

കുമാർ പങ്കുവെച്ചു. മുടിക്കൊഴിച്ചിലിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും കേണിച്ചിറ അഥർവ്വ ആയുർവേദ ക്ലിനിക്കിലെ ഡോ.സംഗീത ആർ പങ്കുവെച്ചു. വൈറൽ പനിയെക്കുറിച്ച് ആണ് മാനന്തവാടി പ്രാണ ആയുർവേദ ക്ലിനിക്കിലെ ഡോ.ലിഷിത സുജിത് ആയുർകെയർ പരിപാടിയിലൂടെ പങ്കുവെച്ചത്.

**കുടുംബവേദി:** കുടുംബജീവിതത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്നവരുടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും വിവാഹത്തിനൊരുങ്ങുന്നവർ മാനസികവും ശാരീരികവുമായി എങ്ങനെ ഒരുങ്ങണം എന്നതും മാലിന്യപ്രശ്നം, രോഗങ്ങൾ എന്നിവയെകുറിച്ചും കുടുംബവേദിയിൽ പ്രക്ഷേപണം ചെയ്തു.

**മയിൽപ്പീലി:** മാനന്തവാടി ഗവ.യു.പി.സ്കൂളിൽ നടന്ന ജില്ലാതല നഴ്സറി കലോത്സവത്തിലെ കലാപരിപാടികളാണ് മയിൽപ്പീലിയിൽ ഉൾപ്പെടുത്തിയിരുന്നത്.

**സ്മരണാഞ്ജലി:** ഡബ്ബിംഗ് ആർടിസ്റ്റ് ടി.പി.രാധാമണി, സാഹിത്യകാരി കമല സുരയ്യ എന്നിവരെ സ്മരണാഞ്ജലിയിൽ അനുസ്മരിച്ചു.

**റംസാൻ മാറ്റൊലി:** ഈദുൽ ഫിത്തറിനോടനുബന്ധിച്ച് ഒരു മാസം റംസാൻ മാറ്റൊലി പരിപാടി പ്രക്ഷേപണം ചെയ്യ്തു.

**ആപ്സ്.കോം:** പ്രിയപ്പെട്ട റേഡിയോ പരിപാടികൾ തത്സമയം ആസ്വദിക്കാനുള്ള ആപ്ലിക്കേഷനായ ട്യൂണിൻ റേഡിയോ, ഗൂഗിൾ ഫോട്ടോസിന്റെ ഫോട്ടോ സ്കാൻ, സെഡ്ജ് എന്നീ ആപ്ലിക്കേഷൻസ് ആപ്സ്.കോം പരിചയപ്പെടുത്തി.

**ആരോഗ്യവേദി:** കുട്ടികളിലെ ആസ്തമ, പ്രമേഹം, മൂത്രക്കല്ല് എന്നീ രോഗങ്ങളെകുറിച്ചാണ് ആരോഗ്യവേദി പങ്കുവെച്ചത്.

**ചിത്രീകരണം:** ഉണ്ണിക്കുട്ടൻ, ഒളിച്ചോട്ടം എന്നീ ചിത്രീകരണങ്ങൾ പ്രക്ഷേപണം ചെയ്തു.

**വായനാവാരാചരണം:** വായനാവാരാചരണത്തോടനുബന്ധിച്ച് പ്രത്യേക ക്വിസ് മത്സരവും വായനാലോകത്തിൽ പുസ്തകപരിചയവും പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**

അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

### സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് എന്ന ജൈവകൃഷിരീതി മനസ്സിലാക്കുന്നതിനായി NDS ന്റെയും KAFFE യുടെയും Horticulture Department ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കയ്യൂന്നി മണൽവയലിൽ വച്ച് നടത്തിയ കർഷക സെമിനാറിൽ സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാർമർ ശ്രീ. കുമരൻ മാരോട്, ആത്മ ഓഫീസേഴ്സ്, മിസ്. യമുന, മിസ്. സത്യ, റീജണൽ കോഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ നടത്തുകയും കൃഷിരീതി, കൃഷിയിലെ മൂല്യവർധന വിപണനം, ഗ്രീൻ ടീ നിർമ്മാണം എന്നീ വിഷയങ്ങൾ അവതരിപ്പി ക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പ്രസ്തുത സെമിനാറിൽ KAFFE അംഗങ്ങളായ 46 കർഷകർ പങ്കെടുത്തു.

### സംസ്ഥാന കൃഷിവകുപ്പുമായി കൈകോർത്ത്...

സംസ്ഥാന കൃഷിവകുപ്പുമായി കൈകോർത്തുകൊണ്ട് ഗവൺമെന്റിൽ നിന്നും വരുന്ന എല്ലാവിധ സ്കീമുകളും NDS ഉം ആയി ചേർന്ന് നടപ്പിലാക്കുന്നതിന്റെ ഭാഗമായി NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിലിന്റെയും റീജണൽ കോ ഓഡിനേറ്ററിന്റെയും, ശ്രീ. ജൂഡ് മാർട്ടിന്റെയും നേതൃത്വത്തിൽ ഗൂഡല്ലൂർ ഹോർട്ടികൾച്ചർ AD ശ്രീമതി ജയലക്ഷമിയുമായി ആലോചന നടത്തുകയും തൽഫലമായി നീലഗിരിയിലെ ആദ്യത്തെ ഓർഗാനിക് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഗ്രൂപ്പ് (FPG) ശ്രീമധുര, ചേരങ്കോട് എന്നീ പഞ്ചായത്തുകളിലായി യഥാക്രമം ഓരോ 100 കർഷകഗ്രൂപ്പ് ആരംഭിക്കുവാനും തീരുമാനമായി. ഒപ്പം സംസ്ഥാന കൃഷിവകുപ്പിന്റെ മറ്റ് പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു.

### കുന്നലാടി സെമിനാർ

ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുന്നലാടി ഫാത്തിമമാതാ ചർച്ചിൽ വെച്ച് നടത്തപ്പെട്ട ജൈവകർഷക സെമിനാറിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, ബഹു.ഫാ. ജയിംസ് മാങ്കോട്ടിൽ, റീജണൽ കോഡിനേറ്റർ എന്നിവർ

പങ്കെടുത്തു. പ്രസ്തുത സെമിനാറിൽ ജൈവകൃഷി, ജൈവതേയില സംഭരണം, ജൈവ തേയില സർവ്വേ എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. സെമിനാറിൽ 30 അംഗങ്ങൾ പങ്കെടുത്തു.

**ബോസ്പാറ സെമിനാർ**

സംസ്ഥാനകൃഷി വകുപ്പുമായി ചേർന്നുകൊണ്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഗ്രൂപ്പ് ശ്രീമധുര പഞ്ചായത്തിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ബോസ്പാറ പള്ളിഹാളിൽ വച്ച് നടത്തപ്പെട്ട സെമിനാറിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, റീജണൽ കോഡിനേറ്റർ എന്നിരുടെ നേതൃത്വത്തിൽ നടത്തുകയും FPG ഗ്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ച നടത്തുകയും, ജൈവകൃഷി, KAFFE, BIOWIN എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയും എത്രയും വേഗത്തിൽ FPG രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. സെമിനാറിൽ 40 അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

**അമ്പലമൂല സെമിനാർ**

ജൈവകർഷകർക്കായ് അമ്പലമൂലയിൽ വച്ച് സംഘടിപ്പിച്ച WOFFA ജൈവകർഷക സെമിനാറിൽ AEO കുമാരി ലിജി, റീജണൽ കോ-ഓഡിനേറ്റർ ശ്രീ.റോയ്സൺ എന്നിവരുടെ നേതൃത്വത്തിൽ നടത്തുകയും ജൈവകൃഷി, ജൈവരേഖ കീടനിയന്ത്രണം, ജൈവ വളപ്രയോഗം എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പ്രസ്തുത സെമിനാറിൽ 51 കർഷകർ പങ്കെടുത്തു.

**ഫാ.ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

## MARY MATHA ARTS & SCIENCE COLLEGE

The online registration for the admission to the UG Programmes of Kannur University has come to an end except for the candidates seeking admission in the Management Quota. The University has published the admission schedule according to which those who got allotment could take admission with all the necessary certificates from 26 to 30 June 2018. The admission process is expected to be over by the end of June 2018 and the first semester classes are scheduled to start on 2 July 2018. The parents of the new entrants are required to attend the PTA meeting scheduled on the class beginning day.

The Physical Education Department of the college organized a 10 Day Shuttle Badminton Coaching Camp in collaboration with Malabar Badminton Academy for the emerging talents in the Indoor Stadium in May 2018. Sri Yusandi Wijoi, an internationally renowned coach from Indonesia, led the camp sessions in which students belonging to different parts of the state participated. The NSS Units organized campus cleaning as part of Swachh Bharath Mission and a tree sapling plantation drive in connection with the World Environment Day.

**Dr. Savio James V**
Principal

# CEADOM *വിദ്യാഭ്യാസ മേഖല*

പ്രിയ കുഞ്ഞുങ്ങളെ, ഒരു പുതിയ അധ്യയനവർഷം കൂടി ആരംഭിച്ചിരിക്കുകയാണല്ലോ. പുതുമകൾ മാത്രം തേടുന്ന ഈ ആധുനിക യുഗത്തിൽ, നിങ്ങളെക്കുറിച്ച് വലിയ സ്വപ്നങ്ങളും പ്രതീക്ഷകളുമായി, നിങ്ങൾ വലിയവരായി കാണാനാഗ്രഹിച്ചുകൊണ്ട് സ്കൂളിലേയ്ക്ക് പറഞ്ഞയക്കുന്ന മാതാപിതാക്കളുടെ പ്രാർത്ഥനകളും സ്വപ്നങ്ങളും യാഥാർഥ്യമാക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ധാരാളം ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. പ്രിയ അധ്യാപകരേ, വിദ്യയെന്ന ധനം ഏറ്റവും അമൂല്യവും അത്യന്താപേക്ഷിതവുമാണെന്ന ആഴമായ ബോധ്യത്തിൽ നിങ്ങളുടെ മുമ്പിലേയ്ക്കു വരുന്ന കുരുന്നുമനസുകളെ രൂപപ്പെടുത്തുവാൻ എല്ലാ അധ്യാപകർക്കും സാധികട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പുതിയ അധ്യയന വർഷത്തിന്റെ എല്ലാവിധ നന്മകളും എല്ലാവർക്കും ആശംസിക്കുന്നു.

### HM **പ്രമോഷൻ & ട്രാൻസ്ഫർ**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2018 –2019 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള HSS, HS, UP & LP പ്രാധാനാധ്യാപകരുടെ പ്രമോഷനും ട്രാൻസ്ഫറും പ്രസിദ്ധീകരിച്ചു.

**HSS**

ശ്രീ. തോമസ് മാത്യു - നടവയൽ സെന്റ് തോമസ് എച്ച്.എസ്.എസ്.
ശ്രീ. രാജു ജോസഫ് സി - പയ്യംമ്പള്ളി സെന്റ് കാതറൈൻസ് എച്ച്.എസ്.എസ്.
ശ്രീ. മാത്യു എം.എ. - കണിയാരം ഫാ.ജി.കെ.എം.എച്ച്. എസ്.എസ്.
ശ്രീ. ആന്റോ വി. തോമസ് - മണിമൂളി സി.കെ.എച്ച്.എസ്.എസ്.
ശ്രീ. ബിജേഷ് ബാബു എ.വി. - കൊട്ടിയൂർ ഐ.ജെ.എം.എച്ച്.എസ്.എസ്.

**TTI**

ശ്രീ. ജോ എം. കെ. - മാനന്തവാടി സെന്റ് ജോസഫ്സ് റ്റി.റ്റി.ഐ.

**HS**

ശ്രീ. റ്റോമി എൻ.യു - അസംഷൻ എച്ച്.എസ്,

ശ്രീ. സണ്ണി റ്റി.റ്റി. - കൊട്ടിയൂർ ഐ.ജെ.എം.എച്ച്.എസ്.

ശ്രീ. പീറ്റർ കുരുവിള - പയ്യംമ്പള്ളി സെന്റ് കാതറൈൻസ് എച്ച്. എസ്.

ശ്രീമതി സാലി തോമസ് - നിർമ്മല എച്ച്.എസ്. കബനിഗിരി

ശ്രീ. ടോംസ് ജോൺ - മണിമൂളി സി.കെ.എച്ച്.എസ്.

ശ്രീ. ഷാജു പി.എ. - കണിയാരം ഫാ.ജി.കെ.എം.എച്ച്. എസ്.

ശ്രീമതി അന്നമ്മ എം.ആന്റണി - കല്ലോടി സെന്റ് ജോസഫ് എച്ച്.എസ്.

**UPS**

ശ്രീ. ബെന്നി ആന്റണി - കല്ലോടി സെന്റ് ജോസഫ് യു.പി.എസ്.

ശ്രീ. ബിജു മാത്യു - മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി.എസ്.

ശ്രീ. സജി ജോൺ - ദ്വാരക എ. യു.പി.എസ്.

ശ്രീ. മോളി ജോസഫ് കെ. - കൊമ്മയാട് സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ്.

**LPS**

ശ്രീ. ജോർജ് സി.വി. - വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്.

ശ്രീമതി മേരി ജോർജ് - കൊളവയൽ സെന്റ് ജോർജ് എൽ.പി.എസ്.

ശ്രീ. പൈലി എൻ. എം. - പോരൂർ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്.

ശ്രീമതി മേരി സെബാസ്റ്റ്യൻ - ഏലപീടിക സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്.

ശ്രീ. ജോസഫ് കെ.ജെ. - ആടിക്കൊല്ലി ദേവമാതാ എൽ.പി.എസ്

ശ്രീമതി ലിസി തോമസ് - അരിഞ്ചേർമല സെന്റ് തോമസ് എൽ.പി.എസ്.

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രധാനാദ്ധ്യാപകർക്ക് പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**സെഡോം ഏകദിന സംഗമം (സദ്ഗമയ – 2018)**

2018 മെയ് മാസം 15–ാം തിയ്യതി ചെവ്വാഴ്ച രാവിലെ പത്തുമണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഈ ഏകദിന സംഗമം (സദ്ഗമയ – 2018) ഏറ്റവും വിജയകരമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. അകാലത്തിൽ പൊലിഞ്ഞ് പോയ സെഡോം കുടുംബത്തിലെ അംഗങ്ങൾക്ക് ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ട് രാവിലെ 9.30 ഓടെ കൺവെൻഷന്റെ ആദ്യ സെഷൻ ആരംഭിച്ചു. പ്രശസ്ത വാഗ്മിയും എഴുത്തുകാരനുമായ അഡ്വ.ചാർളി പോൾ 'നാം നമ്മുടെ വിദ്യാലയം നമ്മുടെ ദൗത്യം' എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സ് നയിച്ച്കൊണ്ട് അദ്ധ്യാപകർ ശില്പിയാണെന്നും അവർ സ്നേഹത്തിന്റെ പ്രകാശമായി തീരേണ്ടവരാണെന്നും അദ്ധ്യാപകരുടെ ദൗത്യത്തെക്കുറിച്ചും വളരെ കൃത്യമായും സരളമായും സ്വതസിദ്ധമായ

ശൈലിയിൽ ക്ലാസ്സുകൾ നടത്തി മറ്റുള്ളവരെ നന്മയിലേയ്ക്ക് നയിക്കുന്ന ദിശാബോധമുള്ളവരാകാൻ തന്റെ വാക്കുകളിലൂടെ അദ്ദേഹം അധ്യാപകരെ ആഹ്വാനം ചെയ്തു.

ഉച്ചഭക്ഷണത്തിന് ശേഷം 1.30 ഓടെ കൺവെൻഷന്റെ രണ്ടാം സെഷൻ ആരംഭിച്ചു. മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനവും, മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അധ്യക്ഷതയും വഹിച്ച ഈ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ.ബിജു പൊൻപാറയ്ക്കൽ സ്വാഗതം ആശംസിച്ചു. വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി. ഹണി.ജി.അലക്സാണ്ടർ, ബത്തേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. സൈതലവി ഇ, എന്നിവർ ആശംസകൾ അർപ്പിച്ചു.

വയനാട്ടിലെ വിദ്യാലയ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ബദ്ധശ്രദ്ധരായിരുന്ന സർവ്വീസിൽ നിന്നും വിരമിക്കുന്ന വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.രവീന്ദ്രൻ വി, മാനന്തവാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി. സെലിൻ.എസ്.എ. എന്നിവർക്കും സെഡോം കുടുംബത്തിന്റെ ഭാഗമായി ആത്മാർത്ഥ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക - അനദ്ധ്യാപക ശ്രേഷ്ഠർക്കും യാത്രയയപ്പും നൽകി.

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി യുടെ 'ഓർമ്മ മരം' പദ്ധതിയുടെ ഉദ്ഘാടനം കോർപ്പറേറ്റ് മാനേജർ ഫാ.ബിജു പൊൻപാറയ്ക്കൽ, സർവ്വീസിൽനിന്നും വിരമിക്കുന്ന നടവയൽ ഹയർസെക്കന്ററി പ്രിൻസിപ്പൽ സി.ക്രിസ്റ്റീനയ്ക്ക് നൽകികൊണ്ട് നിർവ്വഹിച്ചു തുടർന്ന് സദ്ഗമയ -2018 ന്റെ വിശിഷ്ടാതിഥികൾക്കും സിഡോം ഫാമിലിയിൽ നിന്ന് വിരമിക്കുന്ന അധ്യാപക - അനദ്ധ്യാപക ശ്രേഷ്ഠർക്കും ഓർമ്മ മരം നൽകി.

2017-2018 വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ കളിൽ, നമ്മുടെ സ്ക്കൂളുകൾ കരസ്ഥമാക്കിയ ഉജ്ജ്വല വിജയത്തിനുള്ള പ്രോത്സാഹനമായി നൂറുശതമാനവും വിജയം വരിച്ച കൊട്ടിയൂർ ഹൈസ്ക്കൂൾ, അടയ്ക്കാത്തോട് ഹൈസ്ക്കൂൾ, കബനിഗിരി ഹൈസ്ക്കൂൾ, എന്നിവർക്ക് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും, 45 Full A+ കരസ്ഥമാക്കിയ സുൽത്താൻ ബത്തേരി അസംഷൻ ഹൈസ്ക്കൂളിനും 38 Full A+ കരസ്ഥമാക്കിയ കൊട്ടിയൂർ ഹയർസെക്കന്ററി സ്ക്കൂളിനും അൻപതിനായിരം രൂപയുടെ വീതം ക്യാഷ് അവാർഡും നൽകി. അതോടൊപ്പം നമ്മുടെ എല്ലാ

സ്കൂളുകളിലും നടത്തിയ മോറൽ സയൻസിന്റെ പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 1000/, 500/, 250/ രൂപ വീതം ക്ലാസ്സ് അടിസ്ഥാനത്തിൽ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി. അതോടൊപ്പം മാനന്തവാടി രൂപതാ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്തിൽ നടത്തിയ ദേശജ്യോതി മെഗാക്വിസ് മത്സരത്തിൽ ഫൈനലിൽ വിജയികളായവരിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 3000/, 2000/, 1000/ രൂപ വീതം LP, UP, HS, HSS വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി.

സദ്ഗമയ 2018-ൽ, തൊള്ളായിരത്തോളം സ്റ്റാഫുകൾ ഉള്ളതിൽ എണ്ണൂറിലധികം പേരും ഈ ഏകദിന സംഗമത്തിൽ പങ്കെടുത്തു എന്നത് നമ്മുടെ സെഡോം ഫാമിലിയുടെ സ്നേഹത്തിന്റെയും സഹ കരണത്തിന്റെയും ഉത്തമോദാഹരണമാണ്. സദ്ഗമയ 2018 വിജയത്തി ലേയ്ക്ക് എത്തിക്കാൻ കഠിനാധ്വാനം ചെയ്ത കൺവെൻഷൻ കമ്മറ്റി അംഗങ്ങളെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ഈ ഏകദിനസംഗ മത്തെ സ്വന്തം ചുമലിലേറ്റി നമ്മുടെ നിയോഗത്തിൽ മനസ്സുറപ്പിക്കാൻ, വിജയഗാഥകളുടെ സന്തോഷം പങ്കുവയ്ക്കുവാൻ നിങ്ങൾ ഓരോരുത്തരും നൽകിയ സഹായസഹകരണത്തിനും, സാന്നിദ്ധ്യ ത്തിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. തുടർന്നും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും വിജയത്തിലെത്തിക്കാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം പ്രവർത്തിക്കാം.

**അഭിനന്ദനങ്ങൾ**

**1. SSLC Result**

2017-2018 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നമ്മുടെ എല്ലാ ഹൈസ്ക്കൂളുകളും ഉന്നതവിജയം കരസ്ഥമാക്കിയതിൽ നിങ്ങളുടെ സന്തോഷത്തിൽ മാനേജ്മെന്റും പങ്കുചേരുന്നു. അഭിമാനർഹ മായ ഈ നേട്ടം കൈവരിച്ച എല്ലാ വിദ്യാർത്ഥികളെയും ഇതിന് പിന്നിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട വികാരിയച്ചൻമാർ, അദ്ധ്യാപകർ, അനദ്ധ്യാ പകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുകയും സ്നേഹ ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. എല്ലാ വിഷയത്തിലും A+ ലഭിച്ച കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു. വളരെ പ്രത്യേകമായി നൂറുമേനി വിജയം കരസ്ഥമാക്കിയ സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടക്കാത്തോട്, നിർമ്മല ഹൈസ്കൂൾ കബനിഗിരി, ഐ.ജെ.എം.എച്ച്.എസ്. കൊട്ടിയൂർ എന്നീ

സ്കൂളുകളെയും ഇതിനായി അത്യധ്വാനം ചെയ്ത സ്കൂൾ മാനേജർമാരെയും പ്രധാനാധ്യാപകരെയും അധ്യാപകർ, അനധ്യാപകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## 2. Plus Two Result

2017-2018 വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ശ്രേഷ്ഠമായ വിജയം സ്വന്തമാക്കിയ മാനന്തവാടി രൂപതാ കോർപ്പറേറ്റിന്റെ കീഴിലുള്ള മുഴുവൻ ഹയർസെക്കന്ററി സ്കൂളുകൾക്കും ഇതിനായി അത്യധ്വാനം ചെയ്ത സ്കൂൾ മാനേജർമാരെയും പ്രിൻസിപ്പൽമാരെയും അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 3. Moral Science Result -2017-2018

നമ്മുടെ കോർപ്പറേറ്റിന്റെ എല്ലാ സ്കൂളുകളിലും നടത്തിയ 2017-2018 വർഷത്തെ മോറൽ സയൻസ് പരീക്ഷയിൽ ഒന്ന് മുതൽ മൂന്ന് വരെയുള്ള ക്ലാസ്സുകാർക്ക് സർട്ടിഫിക്കറ്റുകളും, നാല് മുതൽ പത്ത് വരെ ക്ലാസ്സുകാർക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 1000/, 500/, 250/ രൂപ വീതം ക്യാഷ് അവാർഡുകളും നൽകി. ധാർമ്മിക മൂല്യങ്ങളുടെ പ്രാധാന്യം അതിന്റെ തീഷ്ണതയിൽ പഠിപ്പിക്കാനും സ്വായത്തമാക്കാനും ഈ കുരുന്നുകളെ സഹായിച്ച സ്കൂൾ മാനേജർ അച്ചൻമാർ, പ്രധാനാധ്യാപകർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികളുടെ പേരുവിവരങ്ങൾ;

### Moral Science - 2018

**Std - I - Subject : Malayalam**

| SNo | Name | School | Prize |
|---|---|---|---|
| 1 | Ritha Mehras | St. Thomas LPS Arinchermala | |
| 2 | Ivin Emmanuel | St.Thomas UPS Mullenkolly | |
| 3 | Angel Joshy | St.George LPS Ambayathode | |
| 4 | Juval Mariya Johnson | St.George LPS Ambayathode | |
| 5 | Abel (എയ്ബൽ) John | St.George LPS Ambayathode | |
| 6 | Janeeliya Shajith | St.Sebastian's LPS Porror | |
| 7 | Rinshan | St.Mary's UPS Thariyode | |
| 8 | Alakanandha | St.Mary's UPS Thariyode | |
| 9 | Anjana Raj M. | St.Mary's UPS Thariyode | |
| 10 | Vyshnavi | St.Mary's UPS Thariyode | |
| 11 | Joyal Jaison | St.Antony's UPS Kottathara | |
| 12 | Godwin Antony | St.Antony's UPS Kottathara | |

| | | | |
|---|---|---|---|
| 13 | Preethi Anna Joseph | St.Joseph's TTI Manathavady | |
| 14 | Athil (ആതിൽ) Mubarak K.P. | St.Joseph's TTI Manathavady | |
| 15 | Muhammad Ladeed (ലദീദ്) | St.Joseph's TTI Manathavady | |
| 16 | Niha Jayesh | St.Sebastian's UPS Padichira | |
| 17 | Angel Mary Vinoj | St.Sebastian's UPS Padichira | |
| 18 | Neha Shibu | St.Sebastian's UPS Padichira | |
| 19 | Anu Elizabeth Jaison | St.Sebastian's UPS Padichira | |
| 20 | Aksa Binu | St.Sebastian's UPS Padichira | |
| 21 | Alphonsa Mariya Thomas | St.Sebastian's UPS Padichira | |
| 22 | Angel Sara Reji | St.Sebastian's UPS Padichira | |
| 23 | Emil Arun | St.Sebastian's UPS Padichira | |
| 24 | Ashone Kuriakose | St.Sebastian's UPS Padichira | |
| 25 | Sreenived K.B. | St.Sebastian's UPS Padichira | |
| 26 | Saniya Sanu | AUPS Dwaraka | |
| 27 | Ida Catherine | AUPS Dwaraka | |
| 28 | Muhammad Sakeer N. | AUPS Dwaraka | |

**English**

| | | | |
|---|---|---|---|
| 1 | Anliya K.M. | Assumption UPS Bathery | |
| 2 | Anusree V. | Assumption UPS Bathery | |
| 3 | Niranjana M.P. | Assumption UPS Bathery | |
| 4 | Christy Justin | Assumption UPS Bathery | |
| 5 | Alaina | St.Joseph's UPS Kallody | |
| 6 | Emil Shaji P. | St.Joseph's UPS Kallody | |
| 7 | Angel Rose Saji | St.Joseph's UPS Kallody | |
| 8 | Elsa Maria Binoy | St.Joseph's UPS Kallody | |
| 9 | Yadhu K.A. | St.Joseph's UPS Kallody | |
| 10 | Amina Husna | St.Joseph's UPS Kallody | |
| 11 | Muhammad Ziyan | St.Joseph's UPS Kallody | |
| 12 | Nafi Nihal K.K. | St.Mary's UPS Thariyode | |
| 13 | Niya FathimaP.P. | St.Mary's UPS Thariyode | |
| 14 | Rena Fathima K.K. | St.Mary's UPS Thariyode | |
| 15 | Nahan Nas K.C. | St.Mary's UPS Thariyode | |
| 16 | Kadeeja Lamia | St.Mary's UPS Thariyode | |
| 17 | Isha Janna P. | St.Mary's UPS Thariyode | |
| 18 | Amaya Shiju | St. Antony's UPS Pazhoor | |

**Std - II - Malayalam**

| | | | |
|---|---|---|---|
| 1 | Christy Joseph | St.Joseph's TTI Manathavady | |
| 2 | Sadhiya K.H. | St.Joseph's TTI Manathavady | |
| 3 | Emmanuel Joseph | St.Thomas UPS Thavinjal | |
| 4 | Done Mathew | St.Thomas UPS Thavinjal | |
| 5 | Niya Treesa | St.Sebastian's UPS Padichira | |
| 6 | Adveith (അദ്വൈത്) Harindhran | AUPS Dwaraka | |
| 7 | Aleesiya Dennis | AUPS Dwaraka | |
| 8 | Diyon Josy | AUPS Dwaraka | |
| 9 | Neha Therese Benny | AUPS Dwaraka | |
| 10 | Jelwin Joy | St.Sebastian's LPS Porror | |
| 11 | Noyal Jose | Assumption UPS Bathery | |
| 12 | Alwin Santhosh | Providence LPS Velloonny | |

**English**

| | | | |
|---|---|---|---|
| 1 | Rifa Parveen | CKLPS Manimooly | |
| 2 | Evan George | CKLPS Manimooly | |
| 3 | Angelin Elsa Shaji | CKLPS Manimooly | |
| 4 | Nivedya P.R. | St.Mary's UPS Thariode | |
| 5 | Abhay Mohan | St. Antony's UPS Pazhoor | |

**Std - III - Malayalam**

| | | | |
|---|---|---|---|
| 1 | Neha Shinoj | St.Thomas UPS Mullenkolly | |
| 2 | Anna Helen | Assumption UPS Bathery | |
| 3 | Ansa Therese Saju | St. Thomas LPS Arinchermala | |
| 4 | Amal K.Devasia | St.Joseph's UPS Kallody | |
| 5 | Alona Jayesh | St.Sebastian's LPS Porror | |
| 6 | Alona Rose K.B. | St.Sebastian's UPS Kommayad | |
| 7 | Muhammad Mafas | St.Sebastian's UPS Kommayad | |
| 8 | Emil Santhosh | AUPS Dwaraka | |
| 9 | Ammanna Ajith (അമ്മന്ന) | AUPS Dwaraka | |
| 10 | Muhammad Salman Faris | AUPS Dwaraka | |

**English**

| | | | |
|---|---|---|---|
| 1 | Mebin Antony D' Silva | St.Mary's UPS Thariode | |
| 2 | Niranjana Biju | St. Antony's UPS Pazhoor | |
| 3 | Navaneeth Rathesh | St.Mary's UPS Thariode | |
| 4 | Muhammad Rayyan P.A. | St. Antony's UPS Pazhoor | |
| 5 | Abiraj K.R. | St. Antony's UPS Pazhoor | |
| 6 | Keerthana M.S. | St. Antony's UPS Pazhoor | |

| | | | |
|---|---|---|---|
| **Std - IV - Malayalam** | | | |
| 1 | Alastin Saji | St.George LPS Ambayathode | First |
| 2 | Diya Alex | St.Catherine HSS Payyampally | Second |
| 3 | Amal Prince | St.Thomas LPS Nadavayal | Third |
| **English** | | | |
| 1 | Niranjana K.R. | St.Mary's UPS Thariode | First |
| 2 | Alfina Shaju | St.Mary's UPS Thariode | Second |
| 3 | Muhammad Shibin P. | St.Mary's UPS Thariode | Third |
| **Std - V - Malayalam** | | | |
| 1 | Bilna Vincent | St. Mary's UPS Kabanigiri | First |
| 2 | Archana Rajan | AUPS Ambayathode | Second |
| 3 | Sona Sabu | AUPS Ambayathode | Third |
| **English** | | | |
| 1 | Ivana Ann Babu | St.Catherine HSS Payyampally | First |
| 2 | Kishan S.S. | Assumption UPS Bathery | Second |
| 3 | Therese Rose | Assumption UPS Bathery | Third |
| **Std - VI - Malayalam** | | | |
| 1 | Ansa Maria | St.Mary's UPS Kabanigiri | First |
| 2 | Albin Saji | AUPS Dwaraka | Second |
| 3 | Liyana Jose | St.Thomas HS Nadavayal | Third |
| **English** | | | |
| 1 | Fathima Jisriya | St.Mary's UPS Thariode | First |
| 2 | Abina Maria Baby | St.Mary's UPS Thariode | Second |
| 3 | Krishnedu Prashy | St.Mary's UPS Thariode | Third |
| **Std - VII - Malayalam** | | | |
| 1 | Mishel Varghese | AUPS Ambayathode | First |
| 2 | Sneha Jaison | St. Mary's UPS Kabanigiri | Second |
| 3 | Diya Tomy | St.Thomas UPS Mullenkolly | Third |
| **Std - VIII - Malayalam** | | | |
| 1 | Arsha K.Thomas | Nirmala HS Kabanigiri | First |
| 2 | Hrudika Vincent | St. Thomas HSNadavayal | Second |
| 3 | Meha Maria Shinoj | Nirmala HS Kabanigiri | Thir |
| **English** | | | |
| 1 | Meenu Pappachan | St.Catherine HSS Payyampally | First |
| 2 | Aiswarya C.S. | Fr.GKMHS Kaniyaram | Second |
| 3 | Jisna M. | St.Catherine HSS Payyampally | Third |
| **Std - IX - Malayalam** | | | |
| 1 | Ansona Anet Joseph | St. Thomas HS Nadavayal | First |
| 2 | Merlin Jaison | CKHS Manimooly | Second |
| 3 | Soniya Saji | IJMHSS Kottiyoor | Third |

**English**

| | | | |
|---|---|---|---|
| 1 | Sandra Catherine Prince | St.Catherine HSS Payyampally | First |
| 2 | Sree Lakshmi T.M. | CKHS Manimooly | Second |
| 3 | Ananya A. | Assumption HS Bathery | Third |
| | | **Std - X - Malayalam** | |
| 1 | Vinsha A. | CKHS Manimooly | First |
| 2 | Nandana Viswam | St.Joseph's HS Kallody | Second |

**ദേശജ്യോതി ക്വിസ് മത്സരം വിജയികൾ**

കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലെയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ദേശജ്യോതി മെഗാ ക്വിസ് മത്സരത്തിന്റെ ഫൈനലിൽ വിജയികളായവർക്ക് സെഡോം ഫാമിലിയുടെ അനുമോദനങ്ങൾ. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 3000/, 2000, 1000/ രൂപ വീതം ക്യാഷ് അവാർഡുകളും നൽകി. ഈ കുരുന്നുകളെ സഹായിച്ച സ്കൂൾ മാനേജർ അച്ചന്മാർ, പ്രധാനാധ്യാപകർ, അധ്യാപകർ, അനധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികളുടെ പേരുവിവരങ്ങൾ;

**ദേശജ്യോതി മെഗാ ക്വിസ് മത്സരം**

**എൽ.പി വിഭാഗം**

1. അലസ്റ്റിൻ സജി - സെന്റ് ജോർജ് എൽ.പി.എസ് അമ്പായത്തോട്
2. മുഹമ്മദ് സിനാൻ എസ്.വി - സി.കെ.എൽ.പി. എസ് മണിമൂളി.
3. നിർമ്മൽ ബെന്നി - സെന്റ് തോമസ് എൽ.പി.എസ് നടവയൽ

**യു.പി.വിഭാഗം**

1. റിച്ചസ് ബി ടോം - സെന്റ് തോമസ് എച്ച്.എസ് നടവയൽ
2. സിദ്രത്തുൽ മുൻതഹ - സെന്റ് തോമസ് എ.യു.പി.എസ് ഇടിവണ്ണ
3. ആസ്ലിൻ ഗർവ്വാസിസ് - സെന്റ് ജോസഫ്സ് യു.പി.എസ് കല്ലോടി

**എച്ച്. എസ് വിഭാഗം**

1. ജിസ് പോൾ വിൽസൺ - സെന്റ് ജോസഫ്സ് എച്ച്.എസ് കല്ലോടി
2. സ്വാതിമോൾ കെ.എം - ഐ.ജെ.എം.എച്ച്.എസ് കൊട്ടിയൂർ
3. നിപുണ്യ ജി - ഐ.ജെ.എം.എച്ച്.എസ് കൊട്ടിയൂർ

**എച്ച്.എസ്.എസ് വിഭാഗം**

1. ആൽബിൻ രാജു - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് കല്ലോടി
2. ഫെബിൻ പി. ബാബു - സെന്റ് തോമസ് എച്ച്.എസ്.എസ് നടവയൽ
3. അഭിഷേക് ഷാജു - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് കല്ലോടി

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

**കേരള കർഷക ജാഥ**

ഡി.എഫ്.സിയും ദീപികയും സംയുക്തമായി നടത്തിയ കേരള കർഷകജാഥ 2018 മെയ് 5 ന് വയനാട് ജില്ലയിൽ പര്യടനം നടത്തി. ജാഥക്ക് ഊഷ്മളമായ സ്വീകരണമാണ് വിവിധ കേന്ദ്രങ്ങളിൽ ലഭിച്ചത്.

**കാവുംമന്ദം**

കേരള കർഷ ജാഥയ്ക്ക് കാവുംമന്ദം ടൗണിൽ വാദ്യഘോഷങ്ങളോടെ സ്വീകരണം നൽകി. തരിയോട് ഫൊറോന വികാരി ഫാ. ജെയിംസ് കുന്നത്തേട്ട് സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. കാവുംമന്ദം ലൂർദ്ദ്മാതാ പള്ളിവികാരി ഫാ. മാർട്ടിൻ പുതുശ്ശേരി അധ്യക്ഷത വഹിച്ചു. ഡി.എഫ്.സി സംസ്ഥാന ട്രഷറർ ടോണി തുരുത്തിക്കര ജാഥാ ക്യാപ്റ്റനും ഡി.എഫ്.സി സംസ്ഥാന പ്രസിഡണ്ടുമായ ഡോ. സണ്ണി വി സക്കറിയ, ഡി.എഫ്.സി രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ എന്നിവർ പ്രസംഗിച്ചു. ഡി.ഫ്.സി ഫൊറോന ഭാരവാഹികളായ സണ്ണി, ജോസ് എന്നിവർ നേതൃത്വം നൽകി. കാവുംമന്ദം മഹല്ല് കമ്മിറ്റി, ഡി.എഫ്.സി ഭാരവാഹികൾ, സംഘടനകൾ, വ്യാപാരികൾ തുടങ്ങിയവർ ജാഥാ ക്യാപ്റ്റനെ പൊന്നാടയണിയിച്ചു.

**കൽപ്പറ്റ**

കൽപ്പറ്റയിൽ കേരള കർഷക ജാഥയ്ക്ക് നൽകിയ സ്വീകരണ സമ്മേളനം ഹരിതസേന സംസ്ഥാന ചെയർമാൻ വി.ടി പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ ഫൊറോന വികാരി റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഡി.എഫ്.സി ഫൊറോന സെക്രട്ടറി ഷാജി അഴകനാൽ, പ്രിൻസ് എന്നിവർ നേതൃത്വം നൽകി. നീതിവേദി ജില്ലാ പ്രസിഡണ്ട് ഫാ. തോമസ് ജോസഫ് തേരകം ആശംസകളർപ്പിച്ച് സംസാരിച്ചു.

**ബത്തേരി**

ഊഷ്മളമായ വരവേൽപ്പാണ് കേരള കർഷക ജാഥയ്ക്ക് ബത്തേരിയിൽ ലഭിച്ചത്. അസംപ്ഷൻ ജംഗ്ഷനിൽ ഫൊറോന വികാരി ഫാ.

സ്റ്റീഫൻ കോട്ടയ്ക്കൽ ഡി.എഫ്.സി. മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ, സ്വാഗതസംഘം ചെയർമാൻ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, കൺവീനർ സിബിച്ചൻ കരിക്കേടം, പ്രസിഡണ്ട് അഗസ്റ്റിൻ കൊടിയംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. സമ്മേളനം വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് കെ.കെ. വാസുദേവൻ ഉദ്ഘാടനം ചെയ്തു. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ അദ്ധ്യത വഹിച്ചു. കാർഷിക മേഖലയിൽ മികവു തെളിയിച്ച കർഷകരായ അല്ലി ഓലപ്പുരയ്ക്കൽ, മത്തായി തേക്കാനത്ത്, പീലിപ്പോസ് മൂത്തേടത്ത്, കുഞ്ഞച്ചൻ കരിമാങ്കുളം, സുരേന്ദ്രൻ മച്ചിൽ എന്നിവരെ ആദരിച്ചു. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ പ്രസംഗിച്ചു. സൗജന്യ വിത്തുവിതരണം നടത്തി. സിബിച്ചൻ കരിക്കേടം സ്വാഗതവും അഗസ്റ്റിൻ കൊടിയംകുന്നേൽ നന്ദിയും പറഞ്ഞു. അസിസ്റ്റന്റ് വികാരിമാരായ ഫാ. ജിതിൻ പീച്ചാട്ട്, ഫാ. റജീഷ് കറുത്തേടത്ത്, ട്രസ്റ്റിമാരായ സാജു പുലിക്കോട്ടിൽ, മാർട്ടിൻ മണ്ണുപ്ലാക്കൽ, സാബു ചക്കാലയ്ക്കൽ, ജോസ് എന്നിവർ നേതൃത്വം നൽകി.

**പുൽപ്പള്ളി**

പുൽപ്പള്ളിയിൽ കേരള കർഷക ജാഥയ്ക്ക് നൽകിയ സ്വീകരണം മുള്ളൻകൊല്ലി ഫൊറോന വികാരി ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. പുൽപ്പള്ളി തിരുഹൃദയ പള്ളി വികാരി ഫാ. ജോസ് മുണ്ടയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. എൽദോസ് മത്തോക്കിൽ, ബെന്നി മാത്യു, കെ.ആർ. ജയരാജ്, ബിജു തോട്ടത്തിൽ, സി.ഡി. ബാബു, ജോസ് കുറ്റിയാക്കോണം ജിജോ ഇട്ടംപറമ്പിൽ തുടങ്ങിയവർ ഹാരാർപ്പണം നടത്തി. ജാഥാ ക്യാപ്റ്റന് ചക്ക സമ്മാനമായി നൽകി. നിരവധി വൈദികരും നൂറുകണക്കിന് കർഷകരും പങ്കെടുത്തു.

**നടവയൽ**

കുടിയേറ്റ മേഖലയായ നടവയലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ധാരാളം കർഷകർ ജാഥയെ വരവേൽക്കാൻ എത്തി. നടവയൽ ഫൊറോന വികാരിയും, ജാഥാ മേഖല രക്ഷാധികാരിയുമായ ഫാ. ബെന്നി മുതിരക്കാലായിൽ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. ഫൊറോന പ്രസിഡണ്ട് പീറ്റർ ഞരളക്കാട്ട് അധ്യക്ഷത വഹിച്ചു. ഡി.എഫ്.സി. സംസ്ഥാന ട്രഷറർ ടോണി തുരുത്തിക്കര മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ആശംസകളർപ്പിച്ചു. ബേബി ജയിംസ്, ബിനു മാങ്കൂട്ടം, കണിയാംപറ്റ

പഞ്ചായത്ത് ഭരണസമിതിയോഗം മേരി ഐമനച്ചിറ, സജി പൂവാറ്റിൻചിറ, ജയിംസ് ജോസഫ് എന്നിവർ നേതൃത്വം നൽകി. ജോസ് നെല്ലിക്കാട്ട്, ജിനോയ് ഇരട്ടമുണ്ടയ്ക്കൽ എന്നീ കർഷകരെയും എസ്. എസ്.എൽ.സിക്ക് ഫുൾ എ പ്ലസ് നേടിയ ആഷ്ബിൻ, സിബി എന്നിവരെ ആദരിച്ചു.

**മാനന്തവാടി**

മാനന്തവാടി ഗാന്ധി പാർക്കിൽ ചേർന്ന കർഷകജാഥ ജില്ലാതല സമാപന സമ്മേളനം കർഷകരിൽ പോരാട്ടവീര്യം ഉണർത്തുന്നതായി രുന്നു. മാനന്തവാടി രൂപത ബിഷപ്പ് മാർ ജോസ് പൊരുന്നേടം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖലാ രക്ഷാധികാരിയും കത്തീഡ്രൽ വികാരിയുമായ ഫാ. പോൾ മുണ്ടോലിക്കൽ അധ്യക്ഷത വഹിച്ചു. ഡി.എഫ്.സി സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ മുഖ്യപ്രഭാഷണം നടത്തി. ജാഥാക്യാപ്റ്റൻ ഡോ. സണ്ണി വി. സക്ക റിയ, ജില്ലാ കോർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേൽ, ഡി.എഫ്.സി. രൂപതാ പ്രസിഡണ്ട് അലക്സ് കടേക്കാട്ട്, ജോസ് പള്ളത്ത്, ബെന്നി പൂതറയിൽ, കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ഷിജിൻ മുണ്ടക്കാ ത്തടത്തിൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായ വിൻസെന്റ് മോളത്ത്, ഷാബു കല്ലോടി, ജോസ് ഇലഞ്ഞിമറ്റം, തോമസ് പാരിയത്ത്, മനോജ് പാക്കാനിക്കുന്നേൽ, ബെന്നി പൂതറയിൽ തുടങ്ങിയവർ നേതൃത്വം നൽകി. ഡി.എഫ്.സി. മാനന്തവാടി രൂപതാ സെക്രട്ടറിയും മാനന്തവാടി സോൺ സ്വാഗതസംഘം ജനറൽ കൺവീനറുമായ ഫ്രാൻസീസ് പള്ളിക്കമ്യാലിൽ സ്വാഗതവും, എ.കെ.സി.സി. രൂപതാ സെക്രട്ടറി വർക്കി നിരപ്പേൽ നന്ദിയും പറഞ്ഞു.

**മണിമൂളി**

മണിമൂളിയിൽ കർഷകജാഥയ്ക്ക് ഉജ്ജ്വല സ്വീകരണം നൽകി. ക്രിസ്തുരാജ ദേവാലയ പാരീഷ്ഹാളിൽ ചേർന്ന യോഗം ഡി.എഫ്. സി. സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ചാക്കോ മേപ്പുറത്ത് അധ്യക്ഷത വഹിച്ചു. ജാഥാക്യാപ്റ്റൻ ഡോ. സണ്ണി വി. സക്കറിയ മാനന്തവാടി സോൺ പ്രസിഡണ്ട് അലക്സ് കടേക്കാട്ട് സ്വാഗതം ആശംസിച്ചു. ഒൻപത് കർഷകരെ ആദരിച്ചു. ചടങ്ങിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ഫൊറോന വികാരി റവ. ഫാ. ചാക്കോ മേപ്പുറത്തിനെ ഫാ. റോയി കണ്ണൻചിറ ഉപഹാരം നൽകി ആദരിച്ചു. കർഷകർ ഒപ്പിട്ട

ബുക്ക്ലറ്റ് റീജനൽ സെക്രട്ടറി ആന്റണി ഊറ്റാഞ്ചേരി ജാഥാക്യാപ്റ്റന് കൈമാറി.

**ചുങ്കക്കുന്ന്**

മാനന്തവാടി രൂപതയിലേയ്ക്ക് കർഷകജാഥയ്ക്ക് ഡി.എഫ്.സി. ചുങ്കക്കുന്ന് ഫൊറോന കേളകത്ത് സ്വീകരണം നൽകി. യോഗത്തിൽ ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ റവ.ഫാ. റോയി കണ്ണൻചിറ മുഖ്യ പ്രഭാഷണം നടത്തി. കണ്ണൂർ ദീപിക റസിഡന്റ് മാനേജർ റവ.ഫാ. സെബാൻ ഇടയാടിയിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം സ്വാഗതം ആശംസിച്ചു. ഫൊറോനാ വികാരി റവ.ഫാ. വിൻസെന്റ് കളപ്പുര കർഷകജാഥയ്ക്ക് ആശംസ കൾ അർപ്പിച്ചു. ജാഥാക്യാപ്റ്റൻ ഡോ. സണ്ണി വി. സ്കറിയയ്ക്ക് ശ്രീ. ജിൽസ് എം. മേക്കൽ, ഷൈജൻ തടങ്ങഴി എന്നിവർ പൊന്നാട അണിയിച്ചു. ജാഥാക്യാപ്റ്റന് ശ്രീ. സ്റ്റാനി തട്ടാംപറമ്പിൽ ഒപ്പുശേഖര ണവും റവ.ഫാ. മനോജ് ഒറ്റപ്ലാക്കൽ മണ്ണുകൊണ്ടു നിർമ്മിച്ച ചിത്രവും കൈമാറി. സ്വീകരണ ജാഥയ്ക്ക് ശ്രീ. ഫ്രാൻസീസ് പുളിയാപറമ്പിൽ നന്ദിയർപ്പിച്ചു.

**സമരപ്പന്തൽ സന്ദർശിച്ചു**

കേരള കർഷക ജാഥ നയിച്ച് വയനാട് ജില്ലയിലെത്തിയ ഡി. എഫ്.സി. സംസ്ഥാന സാരഥികൾ കളക്ടറേറ്റ് പടിക്കൽ സമരം നടത്തുന്ന ജയിംസ് കാഞ്ഞിരത്തിനാലിനെ സന്ദർശിച്ച് പിന്തുണ അറിയിച്ചു. കുടുംബത്തിന് നീതി ലഭിക്കാൻ സാധ്യമായതെല്ലാം ചെയ്യു മെന്ന് ഡി.എഫ്.സി. നേതാക്കൾ അറിയിച്ചു.

കേരള കർഷകജാഥയ്ക്ക് മാനന്തവാടി രൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകുന്നതിനായി അധ്വാനിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ജാഥ വിജയകരമാക്കി തീർക്കുകയും ചെയ്ത സ്വാഗതസംഘ ഭാരവാഹികൾക്കും ഡി.എഫ്. സി. പ്രവർത്തകർക്കും അഭിനന്ദനങ്ങളും നന്ദിയുംഅറിയിക്കുന്നു.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ**
ഡി.എഫ്.സി. രൂപതാ സെക്രട്ടറി

# അറിയിപ്പുകൾ



**വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു**

ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന *വചന സർഗപ്രതിഭാ പുരസ്കാരത്തിന്* 2018-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മകസംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ കലകളാണ് ഈ വർഷം അവാർഡിനായി പരിഗണിക്കുന്നത്. സംഗീതം, നൃത്തം, പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. വിശുദ്ധഗ്രന്ഥപ്രമേയങ്ങളോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ.

വ്യക്തിയോ സംരംഭമോ പ്രസ്ഥാനമോ 2013 മുതൽ നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ജൂലൈ 31-നു മുമ്പ് ഇവിടെ സമർപ്പിക്കേണ്ടതാണ്. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ്.

സെക്രട്ടറി, കേരളകാത്തലിക് ബൈബിൾ സൊസൈറ്റി
പി.ഒ.സി., പാലാരിവട്ടം,
പി.ബി. നമ്പർ 2251, കൊച്ചി - 682 025

എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ: 0484-2805897, കൂടുതൽ വിവരങ്ങൾ www.keralabiblesociety.com- ൽ ലഭ്യമാണ്.

**ഫാ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി.**
സെക്രട്ടറി, കേരളകാത്തലിക് ബൈബിൾ സൊസൈറ്റി

# Pastoral Centre Programme



**July 2018**

| | |
|---|---|
| 1 | Department Of Catechism |
| 7 | Zion CRC |
| 8-11 | Marriage Preparation Course |
| 13-14 | Department Of Youth Ministry |
| 14 | CML, Counseling Day |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***July 2018***

*1 Sun 4 Wed ........ Engaged*

*5 Thu 26 Thu ....... Australia*

*28 Sat .................... Valavayal : Santhidhara Convent*

*29 Sun .................... Pastoral visit : Kallody*

***August 2018***

*1 Wed .................. Visitors day*

*2 Thu .................. Forane Vicars Meeting*

*3 Fri .................. Out of Station*

*4 Sat .................. Vianney Bhavan*

*5 Sun 10 Fri ........ KCBC - Retreat*

*11 Sat .................. Pastoral Centre : Pastoral Council Meeting*

*13 Mon .................. Deepthi Bhavan: Final Profession of FCC Sisters*

*15 Wed ................... Makkiyad*

*17 Fri .................... Out of Station*

*19 Sun 31 Fri .......... Kakkanad : Syromalabar Synod*